2019 FEB \ VOL 18 \ ISSUE 2 \ PAGE 48 \ PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



## ''ജീസസ് യൂത്ത് – നിങ്ങൾ ലോകത്ത് വലിയ ചലനം സൃഷ്ടിച്ചു''

കർദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ

## നവോത്ഥാനത്തെ ചിലർ സ്വന്തമാക്കുന്നുവോ?

സണ്ണി കോക്കാപ്പിള്ളിൽ

# THE REAL Treasure HUNT

എൽസീന ജോസഫ്

A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

ചൂടുള്ള വെട്ടം

# വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ



ഭാരതത്തിലെ ആദ്യ വനിതാ രക്തസാക്ഷിയായ വാ. റാണി മരിയ അടിച്ചമർത്തപ്പെടുന്ന മിഷണറിമാരുടെ സ്വർഗീയ മധ്യസ്ഥയാണ്. എറണാകുളം-അങ്കമാലി അതിരൂപതയിലെ പുല്ലുവഴി എന്ന സ്ഥലത്തു നിന്നുള്ള റാണി മരിയ ഫ്രാൻസിസ്കൻ ക്ലാര സന്യാസ സമൂഹത്തിലെ അംഗമാണ്.

"കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്, ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (ലൂക്ക 4: 18) എന്ന ബൈബിൾ തിരുവചനം തന്റെ ജീവിതലക്ഷ്യമായി സിസ്റ്റർ സ്വീകരിച്ചു. എല്ലാ ദിവസവും നാലു മണിക്ക് ഉണർന്ന് വ്യക്തിപരമായ പ്രാർഥനയിൽ ഏർപ്പെട്ടിരുന്നു. കർത്താവിനെപ്പറ്റി ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും പറയാതെ കടന്നുപോകരുതെന്ന് സിസ്റ്ററിന് നിർബന്ധമുണ്ടായിരുന്നു. അങ്ങനെ ബിജ്നോർ, സത്ന, ഇൻഡോർ രൂപതകളിൽ ദരിദ്രർക്കിടയിൽ പ്രവർത്തിച്ചുകൊണ്ട് സുവിശേഷം അറിയിച്ചു. അവരെ ഉയർച്ചയിലേക്കു നയിച്ച പ്രവർത്തനങ്ങൾ അനേകരുടെ എതിർപ്പുകൾക്ക് കാരണമായി.

1995 ഫെബ്രുവരി 25-ന് പുല്ലുവഴിയിലേക്കുള്ള യാത്രയിൽ ബസിൽവച്ച് സാമുന്ദർ സിംഗ്, മറ്റു നേതാക്കന്മാരുടെ പ്രേരണയാൽ സിസ്റ്ററിനെ 50-ൽപരം മുറിവുകളാൽ നിഷ്ഠൂരം കൊലചെയ്തു. സിസ്റ്റർ റാണി മരിയയുടെ കുടുംബവും സന്യാസസഭയും ഘാതകരോട് നിരുപാധികം ക്ഷമിച്ചു മാതൃക കാട്ടി. സാമുന്ദർസിംഗ് നന്മയുടെ വഴിയിലേക്ക് തിരിച്ചുവരുകയും നാമകരണ നടപടികളിൽ ദൃക്സാക്ഷിയാകുകയും ചെയ്തു.

**സിസ്റ്റർ റാണി മരിയയുടെ വാക്കുകൾ:**


"എന്നെ ദൈവം വിളിച്ചിരിക്കുന്നത് പാവങ്ങൾക്കും അടിച്ചമർത്തപ്പെട്ടവർക്കും വേണ്ടി സേവനം ചെയ്യുവാനാണ്. അതിനാൽ അവർക്കുവേണ്ടി മരിക്കാൻപോലും തയ്യാറാണ്. കാരണം അവരും ദൈവത്തിന്റെ മക്കളത്രേ."

| | | |
|---|---|---|
| ജനനം | : | 1954 ജനുവരി 29<br>പുല്ലുവഴി, എറണാകുളം ജില്ല, കേരളം |
| മരണം | : | 1995 ഫെബ്രുവരി 25 (41 വയസ്സ്)<br>നച്ചൻബോറെ ഹിൽ, ഇൻഡോർ, മധ്യപ്രദേശ് |
| ധന്യപദവി | : | 2017 നവംബർ 4-ന് ഇൻഡോറിൽ<br>അഭിവന്ദ്യ കർദിനാൾ ആഞ്ചലോ അമാറ്റോ |
| തിരുനാൾ | : | ഫെബ്രുവരി 25 |



**മാർപാപ്പയുടെ 2019 ഫെബ്രുവരിയിലെ പ്രാർഥനാ നിയോഗം: 'സാർവത്രിക ഇരകൾക്ക്'**

*(നിർബന്ധിത ചൂഷണത്തിനും വേശ്യാവൃത്തിക്കും അക്രമത്തിനും ഇരയാകുന്നവരെ കാരുണ്യപൂർവം സ്വീകരിക്കാൻ)*



*തയ്യാറാക്കിയത്: അനിഷ വി.ജെ*

ഡോ. ചാക്കോച്ചൻ ഞാവള്ളിൽ



*എൺപതുകൾ മുതൽ യൂത്ത് മിനിസ്ട്രിയിൽ പരിശീലകനും സംഘാടകനുമായ ഡോ. ചാക്കോച്ചൻ ഞാവള്ളിൽ 1992–96 കാലഘട്ടത്തിൽ കേരള ജീസസ് യൂത്തിന്റെ കോ–ഓർഡിനേറ്ററായിരുന്നു. കുട്ടിക്കാനം മരിയൻ കോളേജിൽ കൊമേഴ്സ് ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റും, കെയ്റോസ് ഗ്ലോബൽ (ഇംഗ്ലീഷ് മാഗസിൻ) എഡിറ്റർ–ഇൻ–ചീഫുമാണ്. kairosmag@kairos.global*

കോറിന്തോസുകാർക്കെഴുതിയ രണ്ടാം ലേഖനത്തിൽ (2 കോറി 5:14) ഇങ്ങനെ എഴുതിയിരിക്കുന്നു: "ഒരുവൻ എല്ലാവർക്കും വേണ്ടി മരിച്ചുവെന്നും അതിനാൽ എല്ലാവരും മരിച്ചുവെന്നും ഞങ്ങൾക്ക് ബോധ്യമുള്ളതിനാൽ ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നല്കുന്നു."

1991–92 കാലഘട്ടത്തിൽ ഏതാനും മാസങ്ങൾ ഞാൻ തിരുവനന്തപുരത്ത് ജോലി ചെയ്തിരുന്നു. അക്കാലത്ത് വൈകുന്നേരങ്ങളിൽ പാളയം സെന്റ് ജോസഫ്സ് പള്ളിയിലെ കുർബാനയിൽ പങ്കെടുക്കാനെത്തുമായിരുന്ന യുവാക്കൾ ചേർന്ന് ഒരു പ്രാർഥനാ ഗ്രൂപ്പ് തുടങ്ങി. നഗരത്തിലെ പ്രശസ്തമായ പരസ്യ കമ്പനിയിൽ ജോലി ചെയ്തിരുന്ന എറണാകുളംകാരൻ ഷാജി ജോസഫിനെ ആദ്യം പരിചയപ്പെടുന്നത് ആ കൂട്ടായ്മയിൽ വച്ചാണ്. ഗർഭനിരോധന ഉറകളുടെ വിപണനം വർധിപ്പിക്കുന്നതിന് പരസ്യം നിർമിക്കുന്നതിനുള്ള ചുമതല ഏല്പിക്കപ്പെട്ടപ്പോൾ ഷാജി തന്റെ ജോലി ഉപേക്ഷിച്ച കാര്യമാണ് പിന്നീടറിഞ്ഞത്. 2002–ൽ ജീസസ് യൂത്തുമായി ബന്ധമുള്ള ആദ്യ ആർട്ടിസ്റ്റ് ക്യാമ്പ് നടത്തിയപ്പോൾ ഷാജി മുൻനിരയിലുണ്ടായിരുന്നു.

2012 ഏപ്രിൽ മാസം മുതലുള്ള കെയ്റോസ് മാസികയുടെ ഡിസൈനിംഗ് നിർവഹിക്കുന്നത് ഷാജിയാണ്. 2018 ഡിസംബറിലെ ജീസസ് യൂത്ത് കോൺഫറൻസ് സമയത്ത് റീ ഡിസൈൻ ചെയ്ത, പേജുകൾ കൂട്ടിയ പുതിയ മാസിക ഇറക്കാനുള്ള ഊർജിത പരിശ്രമങ്ങൾ നവംബർ മുതൽ നടക്കുകയായിരുന്നു. ഫോട്ടോഷൂട്ട് ഉൾപ്പെടെ പല ക്രമീകരണങ്ങളും ചെയ്തു. പെട്ടെന്നൊരു ദിവസം ഷാജിക്ക് ഒരു ആരോഗ്യ പ്രശ്നമുണ്ടാകുകയും ഡോക്ടർമാർ കുറേ ദിവസത്തേയ്ക്ക് പൂർണ വിശ്രമം നിർദേശിക്കുകയും ചെയ്തു. പുതിയ മാസികയുടെ ഡിസൈൻ ആശയങ്ങളെല്ലാം ഷാജിയുടെ മനസ്സിൽ മാത്രമേയുള്ളൂ. മറ്റാർക്കെങ്കിലും ചെയ്യാൻ ഒരു സാമ്പിൾപോലുമില്ലായെന്നു മാത്രമല്ല, ശേഷിക്കുന്ന പരിമിത ദിവസങ്ങൾ കൊണ്ട് മറ്റാർക്കും അത് ചെയ്യാനുമാവില്ല. ഓഫീസിൽ നിന്ന് കമ്പ്യൂട്ടർ വീട്ടിലെത്തിച്ച് കെയ്റോസ് പ്രവർത്തനങ്ങൾ മാത്രം ഷാജി ചെയ്തു. ക്രിസ്മസ് ദിനത്തിന്റെ പകലും രാത്രിയും ജോലി ചെയ്തു. രാത്രി 11.45–ന് പ്രിന്റിംഗിന് അയച്ചു. അങ്ങനെയാണ് ജീസസ് യൂത്ത് കോൺഫറൻസിൽ പങ്കെടുത്തവർക്ക് വിതരണം ചെയ്യാനാവുന്ന വിധത്തിൽ മാസികയെത്തിയത്. ദൈവത്തിന്റെ സ്നേഹം ഒന്നു മാത്രമാണ് ഇതിനു ഷാജിയെ നിർബന്ധിച്ചുകൊണ്ടേയിരിക്കുന്നത്.

സത്യസന്ധതയുടെയും ആത്മാർഥതയുടെയും കാര്യത്തിൽ ഒത്തുതീർപ്പുകളൊന്നുമില്ലാത്തൊരു 'തീവ്രവാദിയാണ്' കഴിഞ്ഞ ഒരു വർഷമായി കെയ്റോസിന്റെ ഓഫീസ് മാനേജരായി പ്രവർത്തിച്ചുവന്നിരുന്ന, ഇപ്പോൾ മലയാളം മാസികയുടെ എക്സിക്യൂട്ടീവ് എഡിറ്ററായി രൂപാന്തരം പ്രാപിച്ചുകൊണ്ടിരിക്കുന്ന സാജൻ സി.എ. തന്റെ പരമാവധിയുടെ അപ്പുറത്തേയ്ക്കു പോകാൻ നിർബന്ധിക്കപ്പെട്ട മാസമായിരുന്നു 2018 ഡിസംബർ. തന്റെ ദൈനംദിന ഉത്തരവാദിത്വങ്ങൾ ഏല്പിക്കാമെന്നു കരുതിയിരുന്ന പകരക്കാരനെത്താൻ വൈകി. 'കാറ്റ് വീശുന്ന വഴികൾ' എന്ന പുസ്തകത്തിന്റെ തയ്യാറാക്കൽ, അതിലുമുപരിയായി റീ ഡിസൈൻ ചെയ്ത പുതിയ മാസിക പുറത്തിറക്കണം. എല്ലാം എങ്ങനെ പൂർത്തിയായി എന്ന് സാജനിതുവരെയും മനസ്സിലായിട്ടില്ല. എല്ലാ പരിമിതികളെയും അതിലംഘിക്കാൻ ദൈവത്തിന്റെ സ്നേഹം പര്യാപ്തമാണെന്ന് തീർച്ച.

എല്ലാ വെള്ളിയാഴ്ചകളിലും കെയ്റോസിന്റെ ഒരു സ്റ്റാഫ് മീറ്റിങ്ങുണ്ട്. രാത്രി ഒമ്പതരയ്ക്ക് തുടങ്ങി ഒന്നര–രണ്ട് മണിക്കൂർ. മൊബൈൽ ഫോൺ കോൺഫറൻസാണ്. എറണാകുളത്ത് ഓഫീസിൽ നാലു പേരുൾപ്പെടെ ഏഴു പേരാണ് കെയ്റോസിനായി മുഴുവൻ സമയവും ജോലിചെയ്യുന്നത്. അവരും ഞാനും പിന്നെ അമേരിക്കയിലെ ഹൂസ്റ്റണിൽ ജോലിചെയ്യുന്ന പാലാ ജോഷിയുമാണ് ഈ മീറ്റിംഗിൽ സ്ഥിരമായുണ്ടാകുന്നത്. ജോഷിയുടെ സൗകര്യമനുസരിച്ചാണ് ഒമ്പതര സമയം തീരുമാനിച്ചിരുന്നത്. കെയ്റോസ് ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും ജോഷി ധാരാളം സമയം ചെലവഴിക്കുന്നുണ്ട്. താരതമ്യേന കുറഞ്ഞ ശമ്പളത്തിലായിരുന്നു ജോഷിയുടെ ജോലി. ഉയർന്ന ശമ്പളമുള്ള ജോലിസാധ്യതകൾ ഉണ്ടായിരുന്നു. പക്ഷേ, മേൽപറഞ്ഞ രീതിയിലുള്ള ശുശ്രൂഷകൾക്ക് തടസ്സമാകാമായിരുന്നതുകൊണ്ട് അത് സ്വീകരിച്ചില്ല. ദൈവത്തിന്റെ സ്നേഹം തന്നെയായിരിക്കുമല്ലോ ജോഷിയെയും നിർബന്ധിച്ചിരുന്നത്. പക്ഷേ, അടുത്തയിടെ കെയ്റോസ്–കൃപയുടെ സമയം ജോഷിയുടെയടുത്തെത്തി. ജോലിചെയ്തിരുന്നിടത്ത് ശംമ്പള വർധനവോടുകൂടിത്തന്നെ പ്രമോഷൻ കിട്ടി.

ദൈവസ്നേഹ ചൈതന്യത്തിൽ നിറഞ്ഞ്, തികഞ്ഞ സമർപ്പണത്തോടുകൂടി കെയ്റോസ് ശുശ്രൂഷകളിൽ സഹായം നല്കുന്ന, കേരള മുൻ കോ–ഓർഡിനേറ്റർ സിൻജോ പി.കെ, കെയ്റോസ് ടീം നേതാവ് സിജോ തോമസും ഭാര്യ സോനയും, അങ്ങനെ അനേകരെക്കുറിച്ച് എനിക്കെഴുതാനാവും. തങ്ങളുടെ ജീവിതത്തിലെ എല്ലാ പ്രതിസന്ധികൾക്കിടയിലും നിന്നാണവർ ഇതെല്ലാം ചെയ്യുന്നതെന്നതാണ് അത്ഭുതം. ദൈവം അവരെ അനുഗ്രഹിക്കട്ടെ.

എഡിറ്റർ–ഇൻ–ചീഫ്

# കെയ്റോസ്

Kairos | February 2019 | Vol 18 | Issue 2

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Joseph Ezhumayil *(KJYC Animator)*

**Printer and Publisher**
RejiJ. Karot 9447394142

**Executive Director**
Abhilash M.K 9961914919 *(KJYC Coordinator)*

**Editor-in-Chief**
Dr.Chackochan Njavallil 9447572513

**Executive Editor**
Sajan C.A 9895711718 (kairosmag@kairos.global)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Adv. K.J. Johnson 9447245745
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891

**Circulation Manager**
Sanish Abraham +91 6238105775 circulations@kairos.global

**Associate Circulation Managers**
*Australia:* Mintu Vijoy, Melbourne +61 452538785
*Bahrain:* Roshan George, Manama + 973 36906995
*Cambodia:* Sophearong Ravy, Phnom Penh +855 964265472
*Canada:* Joby Joseph, Ontario +12899 686 074
*Germany:* Anna Paul, Berlin +49 176 83495451
*India:* Aldrin Joseph, Cochin +916238279115
Jackulin Sheela, Mumbai +91 9967329244
*Ireland:* Suresh V Joy, Dublin. +35 3879630904
*Israel:* Jaison K Thattil, Tel Aviv +972 559425308
*Kuwait:* Anish Thomas Kappil, Salmiya +965 90063685
*Malaysia:* Deepu James, KL Sentral +60 12649 4628
*Netherlands:* Jojo Varghese, Utrecht +31 684974552
*New Zealand:* Derick Daniel, Auckland +64 291270650
*Oman:* Jiju Paul, Muscat +968 99467516
*Papua New Guniea:* Abin Michael, Port Moresby +675 74794368
*Qatar:* Jomichan P George, Doha + 974 33688437
*Singapore:* Jilu Nobin, Sengkang +65 93294529
*Switzerland:* Joseph C Robert, Zurich +41 762499295
*Thailand:* Mary Harris, Bangkok +66 843138626
*UAE:* Thomas Komban, Dubai + 971 553009006
*Uganda:* Dominic Mathew, Kampala +256 757207200
*UK:* Mathachan Madukkakuzhy Stoke on Trent + 44 7969365686
*USA:* Denny Joseph, Houston +1 8326403106

**Finance Manager**
Rani George +91 9446563335 finance@kairos.global

**Office**
Smitha Jose: smitha.jose@kairos.global
John George +91 9497285562 john.george@kairos.global

**Design**
Shaji Joseph Arakkal +91 9895405631 arakkalshaji@gmail.com

**Mailing Address**
*INDIA*
Kairos Media, 8/174, Navodaya Studio Complex, Thengode P.O,
Kochi 682030, Kerala, India.
infoin@kairos.global +91 484 2984327

*USA*
Kairos International Inc., 3010 Mason Grove Ln
Pearland, TX 77584 USA
info@kairos.global +1 832 592 3675

www.kairos.global
Facebook.com/Readkairos


# താളുകളിൽ




Cover Model
**Jeremiah Francis**
*Mr. Ernakulam Model Physique 2018-19*
*Mr. Kerala 2nd for Body Building*

Shot
Ramji Madambi
98460 67238

## സ്ഥിരം പംക്തികൾ



06 ദൈവത്തിന്റെ മൗനം
ശശി ഇമ്മാനുവൽ

08 എഡ്ഡിസ്പീക്കിങ്
ഡോ. എഡ്വേർഡ് എടേഴത്ത്

40 സിനിടോക്സ്
ജോസഫ് അന്ത്രപ്പേർ

41 ബുക്ക്ഷെൽഫ്
അനിതാ ബാബു

42 വാർത്താവിചാരം
സണ്ണി കോക്കാപ്പിള്ളിൽ


14 യൂത്ത്ക്ലാസ്സ്
ടിന്റു സോണി


## യുവത്വത്തിന്റെ ആഘോഷം




44 സ്മാർട്ട് കിഡ്സ്





16 കവർ സ്റ്റോറി
എൽസീന ജോസഫ്


**കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ**

PRINT APP ONLINE (ENG) ONLINE (MAL)

# മറുപടീസ്

## നന്ദിയോടെ ഒരഭ്യർഥന

അനേക വർഷങ്ങളായി കെയ്റോസ് വരിക്കാരും ഏജന്റുമാരും മാസികയ്ക്കു നൽകിക്കൊണ്ടിരിക്കുന്ന ആത്മാർഥമായ സഹായ സഹകരണങ്ങൾക്ക് ആദ്യമേ നന്ദി പറയട്ടെ. പുതുവർഷത്തിലെ കെയ്റോസ് മാസിക ലഭിച്ചിട്ടുണ്ടാകുമല്ലോ. കൂടുതൽ പേജുകളോടെ, പുതിയ വിഭവങ്ങളുമായി പുത്തൻ ഡിസൈനിൽ പുറത്തിറങ്ങിയ മാസികയുടെ വിലയിൽ മാറ്റമുണ്ട്. പുതിയ വില 50/– രൂപയാണ്. നിലവിലെ എണ്ണമനുസരിച്ച് ഏജന്റുമാർക്ക് മാസിക അയച്ചിട്ടുണ്ട്. പണമടയ്ക്കുമ്പോൾ ശ്രദ്ധിക്കുമല്ലോ. തുടർന്നുള്ള മാസങ്ങളിൽ എണ്ണത്തിൽ വ്യത്യാസം വരുത്തണമെങ്കിൽ ദയവായി അറിയിക്കണം. കെയ്റോസ് മാസികയുടെ വളർച്ചയിൽ നിങ്ങളേവരും നൽകിവരുന്ന സഹകരണം തുടർന്നും ഉണ്ടാകണമേയെന്ന് അഭ്യർഥിക്കുന്നു. വിളിക്കേണ്ട നമ്പർ: 94972 85562, 0484 2984327
ബാങ്കുവഴി പണമടയ്ക്കുവാൻ: IFSC-FDRL 0001012, KAIROS TRUST, SB A/c No. 13060100110898, FEDERAL BANK, KALAMASSERY.

***പു***ത്തൻ ചിന്തയ്ക്കും നേർവഴിയേ നടക്കുവാനും യുവജനത്തെ പ്രാപ്തരാക്കുന്ന മികച്ച മാസിക യാണ് കെയ്റോസ്. അതിനു ദാഹരണമാണ് എണ്ണമറ്റ വായനക്കാരും പ്രയർ ഗ്രൂപ്പിന്റെ മികച്ച പ്രവർത്തനങ്ങളും. വായനയ്ക്കതീതമായി തുറന്നു വയ്ക്കപ്പെട്ട സാക്ഷാത്കാരമാണ് ഈ പ്രസിദ്ധീകരണം. ഇനിയും ഏറെ പുതുമകൾ പ്രതീക്ഷിക്കുന്നു.

***അഖിൽ, തലശ്ശേരി***

***ഞാ***നൊരു മതബോധന കേന്ദ്രത്തിലെ പ്രധാനധ്യാപികയാണ്. കെയ്റോസ് സ്ഥിരം വായിക്കുന്നു. പുതിയ മാസിക വളരെ നന്നായിരിക്കുന്നു. ലേഖനങ്ങൾ ഹൃദയസ്പർശിയാണെന്നുമാത്രമല്ല, പല രീതിയിൽ ഉൾപ്രേരണ ലഭിക്കുന്നതുമാണ്. 'പുത്തനാണ്ടിൽ ഒന്നുകൂടി പരിശ്രമിച്ചേക്കാം' എന്ന തീരുമാനമെടുക്കാൻ സഹായിച്ച 'ആത്മസംതൃപ്തിക്ക് കടുപ്പിച്ചൊരു ചുവടുവച്ചാലോ' ഏറെ ഹൃദ്യമായി. 'കുടുംബത്തിന്റെ മനോഹാരിത'യെക്കുറിച്ചു പറഞ്ഞ ലേഖനവും നന്നായി. കെയ്റോസ് നൽകുന്ന പല ഉൾക്കാഴ്ചകളും, ദൈവാനുഭവങ്ങളും മതബോധന രംഗത്ത് എന്നെ വളരെയധികം സഹായിക്കുന്നുണ്ട്. ഇതെന്നെ സംബന്ധിച്ച് വലിയ കാര്യമാണ്. പുതിയ കെയ്റോസിനും കൂട്ടർക്കും അഭിനന്ദനങ്ങൾ.

***സാലി ജോയ്, കടവൂർ, മുവാറ്റുപുഴ***

***അ***തിമനോഹരം എന്നല്ലാതെ കെയ്റോസിനെ പറ്റി വേറൊന്നും പറയാനില്ല. യുവജനത്തിന് ദിശാബോധവും പ്രേഷിത ചൈതന്യവും നൽകി ക്രിസ്തോന്മുഖമായ ജീവിതത്തിനു കെയ്റോസ് പ്രേരകമാകുന്നു. നമ്മുടെ യുവതീയുവാക്കൾ മിടുക്കരാണ്. പക്ഷേ, യഥാസമയം വിവാഹം കഴിച്ച് കുടുംബങ്ങൾക്കു രൂപം നൽകുന്നതിൽ അവർ മടിക്കുന്നതെന്ത്? ക്രിസ്തുസ്നേഹം വെറും ഭക്തിയിലേക്കും ആത്മീയതയിലേക്കും മാത്രം പോകരുത്. സമൂഹനിർമിതിയിലും സഭാവളർച്ചയിലുമുള്ള പങ്കുകൂടി ആകുമ്പോഴാണ് യഥാർഥ സഭാത്മകത ഉണ്ടാകുക. ഇത്തരം വിഷയങ്ങളിലേക്കുകൂടി വെളിച്ചം വീശുവാൻ കെയ്റോസിനു കഴിയട്ടെ; അഭിനന്ദനങ്ങൾ.

***ഫാ. ലൂക്ക് പൂതൃക്കയിൽ, കൈതാരം, കണ്ണൂർ***

***ക***ഴിഞ്ഞ ലക്കം കെയ്റോസിൽ പ്രൊഫ. സി.സി. ആലീസ്കുട്ടിയുടെ ഓർമക്കുറിപ്പ് വായിച്ചു. പണ്ടത്തെ ആവേശവും തീക്ഷ്ണതയും ഒട്ടും നഷ്ടപ്പെടാതെ ഇന്നും യുവജനങ്ങൾക്കൊപ്പം നവീകരണ രംഗത്ത് തുടരുന്ന ഈ വ്യക്തിത്വം ശരിക്കും അത്ഭുതം തന്നെ.

***ബ്ര. റെജി കഴുത്താടിയിൽ, വടവാതൂർ സെമിനാരി***



34 ടീൻസ്പിരിറ്റ്
**വിശുദ്ധ കൗമാരങ്ങൾക്കായി...**
അനിത ജോജി




**കൃപയുടെ ഒരു മാസം**
38 മിഷൻ
ക്രിസ് ജോസഫ്

46 ചിരിയും ചിന്തയും



ശശി ഇമ്മാനുവൽ



*തിരക്കുപിടിച്ച ഓട്ടങ്ങൾക്കിടയിൽ നമ്മെ അൽപമൊന്ന് ശാന്തമാക്കി ചെറിയൊരു ധ്യാനത്തിലേക്ക് കൈ പിടിച്ചു നടത്തുകയാണ് ഈ പംക്തി. വിദേശത്തെ ഉയർന്ന ജീവിത സൗകര്യങ്ങൾ ഉപക്ഷിച്ച് നാട്ടിൽ ലളിതമായ ജീവിതം നയിക്കുകയാണ് അധ്യാപകനും, പ്രഭാഷകനും, പരന്ന വായനക്കാരനുമായ ലേഖകൻ.* sasiimmanuel@gmail.com

# നോമ്പും പ്രാർഥനയും പിന്നെ പശ്ചാത്താപവും

## തീക്ഷ്ണതയാൽ, ആത്മാക്കളുടെ രക്ഷയെ പ്രതി ചൂടുള്ളവനായി കാണപ്പെടാൻ കഴിയുന്നവന്റെ പേരാണ് ക്രിസ്തു ശിഷ്യൻ

**"സ്വയം സ്നേഹത്തിന്റെയും, ഈ ഭൂമിയിലെ മറ്റു വസ്തുക്കളുടെയും അടുപ്പങ്ങളിൽ നിന്ന് വിമുക്തനാകാത്ത ഒരു വ്യക്തിക്ക് പൂർണ ഹൃദയത്തോടും ആത്മാവോടും കൂടെ ദൈവത്തെ സ്നേഹിക്കാനാവില്ല. ദൈവവും ദൈവം വസിക്കുന്ന സ്വർഗവും ഓരോ മനുഷ്യാത്മാവിൽ നിന്നും പരിപൂർണ വിശുദ്ധി ആവശ്യപ്പെടുന്നു** *(ഡോ. പീറ്റർ ക്രീഫ്റ്റ്)*

സൂഫിഗുരുവായ ഹസ്രത്ത് റാബി ഒരിക്കൽ തന്റെ വീടിനു പുറത്ത് ദീർഘനേരം എന്തോ തിരയുന്നതു കണ്ട് ആളുകൾ തടിച്ചുകൂടാൻ തുടങ്ങി. സൂര്യൻ അസ്തമിച്ചുകൊണ്ടിരിക്കുകയായിരുന്നു. തിരയുന്നതെന്താണെന്ന് തിരക്കിയ നാട്ടുകാരോട് അവർ തന്റെ സൂചി നഷ്ടപ്പെട്ട വിവരം പറഞ്ഞു. സൂചി നഷ്ടപ്പെട്ട കൃത്യ സ്ഥലം പറഞ്ഞാൽ തങ്ങളും തിരയാൻ കൂടാമെന്ന് നാട്ടുകാർ പറഞ്ഞു. എന്നാൽ സൂചി നഷ്ടപ്പെട്ടത് തന്റെ കുടിലിലാണെന്നും അവിടെ വെളിച്ചമില്ലാത്തതിനാൽ വെളിച്ചമുള്ള പുറത്ത് തിരയുകയാണെന്നും അവർ കൂട്ടിച്ചേർത്തു. ഇതുകേട്ട നാട്ടുകാർക്ക് ചിരിക്കാതിരിക്കാനായില്ല. ആ വിശുദ്ധ സ്ത്രീക്ക് താളം തെറ്റിത്തുടങ്ങിയെന്ന് അവർ ഉറപ്പിച്ചു. ജനം പിരിഞ്ഞുപോകാൻ തുടങ്ങി.

പിരിഞ്ഞുതുടങ്ങിയ ജനത്തെ തിരിച്ചുവിളിച്ച് അവർ പറഞ്ഞു: "ഞാൻ നിങ്ങളുടെ യഥാർഥ അവസ്ഥയെ കാണിക്കുകയായിരുന്നു. നിങ്ങൾ ആനന്ദത്തിനുവേണ്ടി ലോകം മുഴുവൻ തിരയുകയാണ്. കാരണം മനുഷ്യന്റെ ഇന്ദ്രിയങ്ങളുടെ വെളിച്ചം മുഴുവൻ പുറത്തേക്കാണ്. കണ്ണും കാതും നാവുമെല്ലാം പുറംലോകത്തെയാണ് കാണുന്നത്. ശൈശവത്തിലെ സമ്പൂർണ നിഷ്ക്കളങ്കതയിൽ ലഭിച്ചിരുന്ന ആനന്ദം എവിടെയാണ് നഷ്ടമായത്? പരമാനന്ദത്തിന്റെ വേരുകൾ ഏത് സാഗരത്തിനടിയിലാണ്? ഏത് കൊടുമുടിയുടെ ശിഖരത്തിലാണെന്ന് മനുഷ്യൻ അന്വേഷിച്ചലയുകയാണ്? ഉള്ളിൽ വെളിച്ചമില്ലാത്തതിനാൽ അവൻ പുറത്തെ വെളിച്ചത്തിൽ തിരഞ്ഞുഴലുകയാണ് ഒരായുഷ്ക്കാലം മുഴുവൻ." അവർ പറഞ്ഞു നിറുത്തിയപ്പോൾ ഉള്ളിലെ വെളിച്ചം നഷ്ടപ്പെട്ടതിനെയോർത്ത് ചിലർക്കും, പുറത്തെ ഇരുട്ടിൽ വെളിച്ചം തേടി നടന്ന ഭോഷത്തമോർത്ത് മറ്റുചിലർക്കും ഒരു വേദന ഉള്ളിലനുഭവപ്പെടുന്നുണ്ടായിരുന്നു.

### 1. ശീലം കൊണ്ട് മരവിച്ചവർ

വി. ഗ്രന്ഥത്തിൽ പ്രവാചകനായ ജെറമിയ സമാനമായ ഒരു സങ്കടത്തെക്കുറിച്ച് ഇങ്ങനെ എഴുതി: 'ആകാശങ്ങളേ, ഭയന്നു നടുങ്ങുവിൻ, സംഭ്രമിക്കുവിൻ, ഞെട്ടിവിറയ്ക്കുവിൻ– കർത്താവ് അരുളിച്ചെയ്യുന്നു: എന്തെന്നാൽ, എന്റെ ജനം രണ്ടു തിന്മകൾ പ്രവർത്തിച്ചു. ജീവജലത്തിന്റെ ഉറവയായ എന്നെ അവർ ഉപേക്ഷിച്ചു; ജലം സൂക്ഷിക്കാൻ കഴിവില്ലാത്ത പൊട്ടക്കിണറുകൾ കുഴിക്കുകയും ചെയ്തു' (ജെറ 2:12–13) നോമ്പുകാലത്തെ പരിത്യാഗങ്ങളും, മാംസവർജനവുമൊക്കെ വീട്ടിലെ ജരാനരകൾ ബാധിച്ച വൃദ്ധജനങ്ങൾക്കുള്ളതാണെന്ന തെറ്റിദ്ധാരണയിൽ മനോഹരമായ ഒരു കറുത്ത കുരിശ് കണ്ണാടി നോക്കി വരച്ച് (പള്ളിയിൽ നിന്നും വരച്ച കുരിശിന് അത്ര ചന്തം പോരാ) ഷർട്ട് ചുളിയാത്ത ഒരു നോമ്പാചരണം കൊണ്ട് ഇനി വലിയ പ്രയോജനമൊന്നുമില്ല. തിന്മയ്ക്കെതിരെ പിടിച്ചു നിൽക്കാനും, സാത്താന്റെ



കുടിലതന്ത്രങ്ങളെ ചെറുക്കാനും ആത്മാവില്ലാത്ത ചില 'അനുഷ്ഠാന കാട്ടിക്കൂട്ടലുകൾ' കൊണ്ട് സാധ്യമല്ല. സത്യവേദ പുസ്തകം പറയുന്നു: "നിന്റെ പ്രവൃത്തികൾ ഞാനറിയുന്നു. നീ തണുപ്പോ ചൂടോ ഉള്ളവനല്ല; തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണനാകയാൽ നിന്നെ ഞാൻ എന്റെ വായിൽനിന്നു തുപ്പിക്കളയും" (വെളി 3:15-16). നമ്മുടെ കാലത്ത് വളരെയധികം വിശ്വാസികളും കടന്നുപോകുന്ന ദുരവസ്ഥയാണ് ആത്മീയ കാര്യങ്ങളിൽ ഒരുചൂടും, തണുപ്പും ഇല്ലാത്ത ഒരവസ്ഥ. 'ശീലംകൊണ്ടു മരവിച്ച ക്രിസ്തീയതയാണ് ക്രിസ്തുമതത്തിന്റെ ശാപമെന്ന്' ഒരു ചിന്തകൻ നിരീക്ഷിച്ചത് എത്രയോ ശരിയാണ്. ഒരേ സമയം ദൈവസാന്നിധ്യത്തിൽ തന്റെ പൊള്ളുന്ന ജീവിത യാഥാർഥ്യങ്ങളെ തണുപ്പിക്കാനും, തന്നിൽ നിന്നും സൃഷ്ടികളിൽ നിന്നും സ്വതന്ത്രനായി, തീക്ഷ്ണതയാൽ ആത്മാക്കളുടെ രക്ഷയെപ്രതി ചൂടുള്ളവനായി കാണപ്പെടാനും കഴിയുന്നവന്റെ പേരാണ് ക്രിസ്തു ശിഷ്യൻ. എന്നാൽ ഒരു തരം മന്ദോഷ്ണത എല്ലായിടത്തും ഇന്ന് പ്രകടമാണ്. കാസിയൻ എന്ന ദൈവശാസ്ത്രജ്ഞൻ ഈ അവസ്ഥയുടെ ഭീകരത എത്ര വലുതാണെന്ന് പറയുന്നത് ശ്രദ്ധിക്കാം: "തണുത്തുറഞ്ഞ പാപാവസ്ഥയിൽനിന്ന് പുണ്യവഴിയിലേക്ക് പലരും തിരിയുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ, മന്ദോഷ്ണതയിൽ കഴിയുന്ന,

**പിരിഞ്ഞുതുടങ്ങിയ ജനത്തെ തിരിച്ചുവിളിച്ച് അവർ പറഞ്ഞു: "ഞാൻ നിങ്ങളുടെ യഥാർഥ അവസ്ഥയെ കാണിക്കുകയായിരുന്നു. നിങ്ങൾ ആനന്ദത്തിനു വേണ്ടിലോകം മുഴുവൻ തിരയുകയാണ്."**

ഫോണിനെ ലാളിച്ച്, ഒരു നല്ല ബിസിനസ്സുകാരനും ഞായറാഴ്ച ക്രിസ്ത്യാനിയുമായി ജീവിക്കുന്ന കാഴ്ച നല്ല ദൈവത്തെ എത്ര മാത്രം വേദനിപ്പിക്കുന്നുണ്ടാകണം.

## 2. പ്രായശ്ചിത്തത്തിലൂടെയുള്ള വീണ്ടെടുപ്പ്

വി. ലൂക്കായുടെ സുവിശേഷം നമ്മെ ഓർമപ്പെടുത്തുന്നു: "അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാന്മാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും" (ലൂക്കാ 15:7). വിചിത്രമായ ഒരു വാർത്ത കേട്ടു ഞെട്ടിപ്പോയി. വിദേശത്ത് കുട്ടികളെയും, യുവജനങ്ങളെയും വിശ്വാസത്തിലേക്ക് നയിക്കുന്ന ഒരു സന്യാസിനിക്കെതിരെ രൂപതയിൽ പരാതിപ്പെട്ടിരിക്കുകയാണ് മറ്റുചില കാറ്റെക്കിസ്റ്റുകൾ. എന്താണ് പരാതിയെന്നോ! 'അവർ പിശാചുണ്ടെന്ന് യുവജനങ്ങളെ പഠിപ്പിക്കുന്നു. അപ്പോൾ അങ്ങനെയൊക്കെയാണ് കാര്യങ്ങളുടെ കിടപ്പ്. സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർഥനയിൽ Deliver us from evil (ദുഷ്ടാരൂപി എന്ന് മലയാളവിവർത്തനം) എന്നൊക്കെ പറയുമ്പോഴും, സെക്കുലറിസം വിഴുങ്ങിയ ഒരു കാലത്ത് സാത്താൻ, പാപം എന്നീ പദപ്രയോഗങ്ങൾ വിലക്കപ്പെട്ടുതുടങ്ങിയിരിക്കുകയാണ്. ബ്രഹ്മചര്യവ്രതത്തിനെതിരേ പാപം ചെയ്യുന്ന ഒരു പുരോഹിതനോട് വി. ഗ്രിഗറി അനുശാസിക്കുന്ന പ്രായശ്ചിത്തം താഴെചേർക്കുന്നു. ശ്രദ്ധയോടെ വായിക്കണം.

"അയാൾ പത്തുവർഷം പ്രായശ്ചിത്തം ചെയ്യണം. ഇതിൽ ആദ്യത്തെ മൂന്നു മാസം അയാൾ വിശുദ്ധ കുർബാന സ്വീകരിച്ചുകൂടാ. ഒരുത്തരോടും സംസാരിച്ചുകൂടാ. ഏകാന്ത സ്ഥലത്ത് താമസിക്കണം. തറയിലേ കിടന്നുറങ്ങാവൂ. തുടർന്നുള്ള ഒന്നരവർഷത്തേയ്ക്ക് അപ്പവും വെള്ളവും കൊണ്ട് മാത്രം ഉപജീവനം കഴിക്കണം. ബാക്കിയുള്ള വർഷങ്ങളിൽ ആഴ്ചയിൽ മൂന്നുദിവസം ഉപവസിക്കണം. ആ ദിവസങ്ങളിൽ അപ്പവും വെള്ളവും മാത്രം ആഹരിക്കുന്നു." പാപത്തെ ലഘൂകരിച്ച്, പശ്ചാത്താപമില്ലാതെ, പരിഹാരമില്ലാതെ, ലൗകിക മനുഷ്യരെപ്പോലെ ആത്മീയ മനുഷ്യരും ജീവിക്കുവാൻ തുടങ്ങിയതിന്റെ ഭീകരതയാണ് നാമിന്ന് കാണുന്നവിധം സഭ പൊതുസമൂഹത്തിൽ അവമതിക്കപ്പെടാനുള്ള കാരണങ്ങളിൽ മുഖ്യമായിട്ടുള്ളത്. വി. പത്രോസ് ദൈവജനത്തെ വിളിച്ചത്, "നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്" (1 പത്രോ 2:9) എന്നാണ്. ഈ നോമ്പുകാലത്ത് പാപത്തെ പാപമെന്ന് വിളിക്കാനും, വി. ഗ്രിഗറിയുടെ വാക്കുകൾ ഓർത്ത് നന്നായി അനുതപിക്കാനും നല്ലൊരു പാപസങ്കീർത്തനത്തിലൂടെ മന്ദതയിൽനിന്നും, ആത്മീയഅന്ധതയിൽ നിന്നും എണീക്കാനും നല്ല ദൈവം നമ്മെ ക്ഷണിക്കുകയാണ്.



ഡോ. എഡ്വേർഡ് എടേഴത്ത്



*ജീസസ് യൂത്തിന്റെ നാൾവഴികൾ, ആശയങ്ങൾ, വീക്ഷണങ്ങൾ, ലക്ഷ്യങ്ങൾ, ഗുണനിരൂപണങ്ങൾ, വിമർശനങ്ങൾ എന്നിവയുടെ തുറന്നെഴുത്താണ് ഈ പംക്തി. ജീസസ് യൂത്ത് രൂപപ്പെടുന്ന ആദ്യ നാളുകൾ മുതലേ സജീവമായി മുൻനിരയിലുള്ള പ്രധാനിയാണ് ഇതിന്റെ ലേഖകൻ ഡോ. എഡ്വേർഡ് എടേഴത്ത്. വായനക്കാരുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കുമായി ബന്ധപ്പെടാൻ:*

edward.edezhath@gmail.com

## ചങ്കിൽ കനലോടെ പുതുകാര്യങ്ങൾ ചെയ്യുന്നവർ

# ജീസസ് യൂത്ത് ഇനിഷ്യേറ്റിവുകളെ കുറിച്ച്

"ഞങ്ങളുടെ വീടുകളിൽ ഒട്ടും പുതുമ നഷ്ടപ്പെടാത്ത എത്രയോ ഉടുപ്പുകളും കളിപ്പാട്ടങ്ങളുമാണുള്ളത്. അതുശേഖരിച്ച് ആവശ്യക്കാർക്ക് എത്തിക്കാനാകുമോ?" ഗൾഫ് മേഖലയിലെ ഒരു ജീസസ് യൂത്തിന്റെ ഒരു ചിന്ത. "ഞങ്ങൾ പല വീട്ടമ്മമാർക്കും പുറത്തുള്ള മീറ്റിംഗുകൾ എളുപ്പമല്ല. വാട്ട്സ്ആപ് വഴി പരസ്പരം ബന്ധപ്പെടാനും ഒരു വചനപഠന പദ്ധതി തുടങ്ങാനും സാധിച്ചിരുന്നെങ്കിൽ!" ഒരു ചെറുപ്പക്കാരി അമ്മയുടെ ചിന്ത: "ടീൻസിന്റെ ഒത്തുചേരൽ ഒരു ധ്യാനം പോലെ നടത്തുന്നതിനു പകരം ഒരു മലകയറ്റവും അതിനിടെ പഠനവും വിചിന്തനവുമാക്കി മാറ്റാനാകുമോ?" ഒരു കൗമാര പ്രായക്കാരന്റെ ആഗ്രഹം. ഇളംതലമുറയ്ക്ക് ആശയങ്ങൾക്കും ക്രിയാത്മകതയ്ക്കും കുറവില്ലല്ലോ: ഒരു അനാഥാലയം സന്ദർശിച്ചാലോ? ബൈബിൾ പഠനം ഒരു പോസ്റ്റർ ഉണ്ടാക്കലായി ചെയ്താലോ? പ്രാർഥനാ സമ്മേളനത്തിനുശേഷം ക്രിക്കറ്റ് കളികൂടെ വച്ചാലോ? പ്രായമായ വൈദികർ താമസിക്കുന്നിടത്തുപോയി നമ്മുടെ ക്രിസ്തുമസ് ആഘോഷിച്ചാലോ?

എടുത്തുപറയേണ്ട ഒരു കാര്യം ഇപ്പറഞ്ഞ ആഗ്രഹങ്ങളും സ്വപ്നങ്ങളും ഒരു പകൽകിനാവായി അവസാനിച്ചില്ല. തിളങ്ങുന്ന കണ്ണുകളോടെ എന്നോടു പങ്കുവച്ച ഈ കൊച്ചുകൊച്ചു ചിന്തകളെല്ലാം പലരുടെ മാർഗനിർദേശത്തോടും സഹായത്തോടുംകൂടെ നല്ല ഇനിഷ്യേറ്റിവുകളായിത്തീർന്നു. അനേകർക്ക് ക്രിസ്തീയവളർച്ചയുടെ വഴിയായി ഇവയോരോന്നും നല്ല ഫലം പുറപ്പെടുവിക്കുകയും ചെയ്തു.

ജീസസ് യൂത്ത് മുന്നേറ്റം ചെറുതും വലുതുമായ എണ്ണമറ്റ ഇനിഷ്യേറ്റിവുകളുടെ അല്ലെങ്കിൽ പുത്തൻ തുടക്കങ്ങളുടെ ആകെത്തുകയാണ്. മുന്നേറ്റത്തിൽ ഇന്ന് പടർന്നു പന്തലിച്ചു നിൽക്കുന്ന അനേകം കാര്യങ്ങളുണ്ട്. വൈവിധ്യമാർന്ന ധാരാളം കൂട്ടായ്മകൾ; യൂത്ത്, ടീൻസ്, ഫാമിലി തുടങ്ങിയ സ്ട്രീമുകൾ; കാമ്പസ്, ഇടവക, പ്രൊഫഷണൽ, ഔട്ട്റീച്ച് തുടങ്ങിയ ശുശ്രൂഷാ മേഖലകൾ; സംഗീതം, കല, എഴുത്ത്, ഡ്രാമ, സ്റ്റേജ് സെറ്റിംഗ്, എക്സിബിഷൻ, ഡിജിറ്റൽ, സേവനം, ഏകോപനം, മധ്യസ്ഥത തുടങ്ങിയ താലന്തുകളുടെ മേഖല; ഇവയിൽ പലതും ഒന്നിക്കുന്ന പരിശീലനങ്ങളുടെയും പ്രോഗ്രാമുകളുടെയും തലം; പിന്നെ ഫുൾടൈമർഷിപ്പ്, കെറോസ് മാസികകൾ, റെക്സ് ബാൻഡടക്കമുള്ള സംഗീത ഗ്രൂപ്പുകൾ, കൾച്ചറൽ എസ്ക്ചേഞ്ച്, ചൈൽഡ് സപ്പോർട്ട്, ഫോർമേഷൻ പ്ലാൻ, മിഷൻ പദ്ധതികൾ എന്നുതുടങ്ങി സമൂഹത്തിൽ ശക്തമായ സാന്നിധ്യ

മാകുന്ന വലിയ വളർച്ചാമേഖലകൾ, ഇതും ഇതിലധികവും ഒത്തുവരുന്നതാണ് ജീസസ് യൂത്ത് മുന്നേറ്റം. പക്ഷേ, ഒന്ന് മറക്കരുത്, ഇവയെല്ലാം ഒരാളുടെ ഉള്ളിലുദിച്ച ചെറുനാളമായി, ഒരു ചെറുകൂട്ടായ്മയിലെ സ്വപ്നം പങ്കുവയ്ക്കലായി തുടങ്ങിയതാണ്. ചുരുക്കത്തിൽ 'ഇനിഷ്യേറ്റിവ്' എന്നു ജീസസ് യൂത്ത് വിളിക്കുന്ന ചെറുതുടക്കങ്ങൾ മുന്നേറ്റത്തിന്റെ ദൗത്യമേഖലയിലെ ആരോഗ്യ പരിപാലനത്തിനും വളർച്ചയ്ക്കും ഏറെ പ്രധാനപ്പെട്ടതാണ്.

# ഇനിഷ്യേറ്റിവുകൾ മുന്നേറ്റത്തിൽ പ്രധാനപ്പെട്ടതാണ്

പാലാരിവട്ടം പി.ഒ.സി-യിൽ 1993-ൽ കേരള മെത്രാൻ സമിതി വിളിച്ചുകൂട്ടിയ യുവജന പ്രസ്ഥാനങ്ങളുടെ സമ്മേളനവും അതിൽ ഞാൻ അവതരിപ്പിച്ച ആദ്യ ഔപചാരിക ജീസസ് യൂത്ത് രേഖയും മുൻപ് ഒരു ലക്കത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. "കരിസ്മാറ്റിക് ആധ്യാത്മികതയിൽ ഊന്നിയ യുവജന 'ഇനിഷ്യേറ്റിവ്' ആണ് ജീസസ്‌യൂത്ത്" എന്നിങ്ങനെയാണ് മുന്നേറ്റത്തെ അന്ന് നിർവചിച്ചത്. ഈ ശൃഖലയുടെ ജീവരക്തമാണ് പുതു കാൽവയ്പുകൾ.

നമുക്കു മാത്രമല്ല ആത്മാവിൽ പുതുജീവൻ ലഭിച്ച് ഏതൊരു ക്രിസ്തുശിഷ്യനും സ്വന്ത ജീവിതത്തിലും താൻ ഇടപെടുന്ന മേഖലകളിലും പുതുകാര്യങ്ങൾ ഉണ്ടാക്കുക എന്നത് പ്രധാനപ്പെട്ടതാണ്. കാരണം, ക്രിസ്തുവിലാകുമ്പോൾ ഞാൻ പുതുസൃഷ്ടിയാണ് (2 കോറി 5:17), അവിടന്ന് എല്ലാം നവീകരിക്കുന്നു, പുതിയ ആകാശവും ഭൂമിയും നിർമിക്കുന്നു (വെളി 21:5), തന്റെ സ്നേഹം ഓരോ പ്രഭാതത്തിലും പുതിയതാണ് (വിലാ 3:23); പിതാവ് ഇപ്പോഴും പ്രവർത്തന നിരതനാണ്, ഒപ്പം യേശുവും (യോഹ 5:17), ഫലത്തിൽനിന്ന് വൃക്ഷത്തെ തിരിച്ചറിയാം, നല്ല ഫലം കായ്ക്കുന്നില്ലെങ്കിൽ അത് മുറിച്ച് അഗ്നിക്കിരയാക്കപ്പെടും (മത്താ 7:19,20). സമൃദ്ധമായ ജീവനുണ്ടാകാനും ആ ജീവൻ പുത്തൻ സത്പ്രവൃത്തികളാൽ പ്രകടമാക്കാനുമാണ് ഓരോ ക്രൈസ്തവനുമുള്ള വിളി.

"പക്ഷേ, ആധ്യാത്മിക ജീവിതത്തിൽ ഒന്നു പാകപ്പെട്ടിട്ടു പോരേ ഈ പ്രവർത്തനങ്ങൾ. പ്രാർഥനയും വചനപഠനവുമില്ലാതെ പ്രവർത്തനങ്ങളുമായി ഓടിനടന്നവർ ഇന്ന് ബാക്കിയുണ്ടോ?" പുതുമയിലുള്ള വലിയ ഭ്രമം വ്യക്തിവളർച്ചയ്ക്കും മുന്നേറ്റത്തിന്റെ അച്ചടക്കത്തിനും തുരങ്കം വയ്ക്കും എന്നു ചിന്തിക്കുന്നവർ വളരെയധികമുണ്ട്. മുന്നേറ്റത്തിന്റെ ആറു സ്തംഭങ്ങളിൽ (സിക്സ് പില്ലേഴ്സ്) ആദ്യമുള്ളവയോ അവസാനത്തെ രണ്ടെണ്ണമോ ഒരാളുടെ ജീവിതത്തിൽ ആദ്യം വേരുറയ്ക്കേണ്ടത്? പൊതുവേ അന്തർമുഖരായവരും ഒരു 'ഇരുത്തം' വന്നവരും ആദ്യഭാഗം മാത്രം എന്നു വാദിക്കും. എന്നാൽ കൂടുതൽ സാമൂഹ്യാഭിമുഖ്യമുള്ളവരും പ്രവർത്തനക്ഷമരായ യുവാക്കളും അവസാന കാര്യങ്ങളുടെ പ്രാധാന്യം എടുത്തു പറയും. ഇവിടെ ഒരു ബാലൻസാണ് അഭികാമ്യം. 1500 വർഷങ്ങൾക്കു മുൻപ് സന്യാസ ജീവിതത്തെക്കുറിച്ചെഴുതിയ വി.ബെനഡിക്ട് പോലും 'ഓറഎത്‌ലബോറ', പ്രാർഥനയും പ്രവർത്തനവും കൈകോർത്തു പോകണം എന്നു പഠിപ്പിച്ചു. അത് സന്യാസത്തെക്കുറിച്ച്. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ബാഹ്യലോകത്തിലുള്ള ക്രിസ്തീയ സാന്നിധ്യത്തിന് ഊന്നൽകൊടുക്കുന്ന സാക്ഷ്യയുഗത്തിലെ ഒരു മുന്നേറ്റമായ ജീസസ് യൂത്തിൽ ഉൾവലിയുന്ന 'പക്വത' വ്യക്തിയെയും കൂട്ടായ്മകളെയും സ്വാർഥതയുടെ ആധ്യാത്മികതയിലേക്കും കൂടുതൽ സ്ഥാപനവത്ക്കരണത്തിലേക്കും കൊണ്ടുപോകും. ഇവിടെ ആവശ്യം ജീസസ് യൂത്തിൽ എന്നും ചെയ്തിട്ടുള്ളതുപോലെ നല്ല ആധ്യാത്മിക ശിക്ഷണവും അനുദിന ശീലങ്ങളും വളരുന്നതിനൊപ്പം തന്നാലാകാവുന്ന പുതുകാര്യങ്ങൾ ചെയ്യാൻ ആദ്യം മുതലേ പ്രോത്സാഹനം കൊടുക്കുക എന്നതാണ്.

മുൻപു സൂചിപ്പിച്ച ഉത്കണ്ഠ അങ്ങനെ തള്ളികളയാവുന്നതല്ല. ജീസസ് യൂത്ത് പങ്കാളിത്തം കുറേ പ്രവർത്തനങ്ങളായിട്ട് ചുരുങ്ങിയാൽ അതിൽ വലിയ അപകടമുണ്ട്. ക്രിസ്തീയത ഏറ്റം പ്രധാനമായി സ്നേഹവും ഗാഢമായ ബന്ധങ്ങളുമാണല്ലോ. ഈ മുന്നേറ്റത്തിലും നാം ലക്ഷ്യം വയ്ക്കുന്നത് ഓരോ വ്യക്തിയുടെയും സ്നേഹത്തിലുള്ള വളർച്ച തന്നെ, യേശുവുമായി വളരുന്ന വ്യക്തിബന്ധവും മറ്റുള്ളവരോടുള്ള ഹൃദ്യമായ സൗഹൃദവും. ഈ ഊന്നലുകൾ തീർച്ചയായും മാറിപ്പോകാൻ ഇടയാകരുത്. എന്നാൽ എല്ലാ സ്നേഹവും ഒരു 'ചടങ്ങായി' തീരുക മാനുഷികം മാത്രം. അങ്ങനെ യേശുവുമായുള്ള സൗഹൃദ നിമിഷങ്ങൾ 'ചൊല്ലിക്കൂട്ടൽ' പ്രാർഥനയായും കൂട്ടായ്മ വികാരങ്ങളുണരാത്ത വിരസമായ നടപടിക്രമമായും അധ:പതിക്കാൻ ഏറെ സാധ്യതയുണ്ട്. ഇതെല്ലാം ആരോ എന്നെ നിർബന്ധിച്ചു ചെയ്യിപ്പിക്കുകയാണെങ്കിൽ എന്റെ ക്രൈസ്തവ ജീവിതത്തിന് വലിയ ആയുസ്സുണ്ടാകാൻ ഇടയില്ല. അങ്ങനെ 'സ്നേഹമില്ലെങ്കിൽ' (1 കോറി 13:1-3) തീർച്ചയായും ക്രിസ്തീയവളർച്ച വികലമാകും.

എന്റെ ഒരു സ്വകാര്യ ആശ്ചര്യം ഏതു പുതുമയെയും സംശയദൃഷ്ട്യാ കാണുന്ന കേരള മണ്ണിൽനിന്ന് ധാരാളം പുതുകാൽവയ്പുകൾക്ക് തുടക്കം കുറിച്ച് ജീസസ് യൂത്ത് മുന്നേറ്റം വളർന്നു പടർന്നു എന്നതിലാണ്. മാത്രമല്ല, മൂന്നുനാലു പതിറ്റാണ്ടുകൾ പിന്നിട്ടു കഴിഞ്ഞിട്ടും ഈ കൂട്ടായ്മ കാലത്തിന്റെ മാറ്റങ്ങളോടു പ്രത്യുത്തരിച്ച് ധാരാളം പുതു തുടക്കങ്ങൾക്ക് വേദിയാകുന്നു. പുതുമകൾ പ്രോത്സാഹിപ്പിക്കുന്ന ഈ മനോഭാവത്തിന് ഒരു നല്ല അടിത്തറയുണ്ട്. ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും കർത്താവിന്റെ പ്രത്യേക പ്രതിനിധിയാണ്, ആത്മാവു കുടികൊള്ളുന്ന, പ്രത്യേക വരദാനങ്ങളും കഴിവുകളും സിദ്ധിച്ച ശക്തമായ ഉപകരണം. മുന്നേറ്റത്തിൽ ഉള്ള, അല്ലെങ്കിൽ ഉണ്ടാകേണ്ട, ഓരോ വ്യക്തിയോടുമുള്ള ആദരവും ഈ അവബോധം വളർത്തുന്നതിനു നൽകുന്ന ബഹുമുഖമായ സഹായവുമാണ്. ജീസസ് യൂത്തിനെ വൈവിധ്യമാർന്ന ഇനിഷ്യേറ്റിവുകളുടെ വിളനിലമാക്കുന്നത്. അത് വ്യക്തികളുടെ ആധ്യാത്മിക പുരോഗതിക്ക് നല്ല പിൻതാങ്ങലുമാകുന്നു.

# യുVA

# യൂ ഹോട്ട്സ്



ജെയിംസ് സെബാസ്റ്റ്യൻ, പാലാ

**ഞാനും നീയും സ്വയം ചെറുതാകാൻ തയ്യാറാകുമ്പോൾ അവിടെ ഒരാഘോഷത്തിന് അരങ്ങൊരുങ്ങുകയാണെന്നറിയണം.**

# ഞാൻ

'ഞാനും' 'എന്റെയും' ഉള്ളിടത്തോളം ഈഗോ നമ്മളെ നയിക്കും. 'അവനും' 'അവളും' എന്നോളം എന്ന് ഞാൻ കരുതിത്തുടങ്ങുമ്പോൾ അവിടെ ദൈവം കസേര വലിച്ചിട്ട് ഇരിക്കും. 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും...'എന്ന് പറഞ്ഞവൻ ചുമ്മാ പഞ്ച് ഡയലോഗ് അടിച്ചതാവാൻ വഴിയില്ല. അപരൻ ശരിക്കും എന്റെ 'ചങ്ക്' ആയാൽ അവിടെ ആ ബന്ധമാകുന്ന അടുപ്പിൽ മൂന്നാമതൊരു അടുപ്പുകല്ലായി കർത്താവുമുണ്ടാകും. അവനില്ലാതെ രണ്ടു കല്ലിൽ ബാലൻസ് ചെയ്യാൻ ശ്രമിച്ചാൽ കഞ്ഞിക്കലങ്ങൾ വീണുടയും, അടുപ്പിലെ തീയും കെടും.

ബന്ധങ്ങൾ ഉള്ളിടത്തോളം അഭിപ്രായവ്യത്യാസങ്ങളും അപ്രതീക്ഷിത സംഭവങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. അവിടെയല്ലേ ബന്ധങ്ങൾക്ക് ഒരു സൗന്ദര്യം കൈവരുന്നത്. അത് പിണക്കങ്ങളിലേക്കും തമ്മിലടികളിലേക്കും നീളുന്നെങ്കിൽ ഭയക്കേണ്ടതില്ല. കാരണം, ആ ബന്ധത്തിൽ അത്രമാത്രം തുറവിയുണ്ട്. ഇല്ലായെങ്കിൽ അവനെക്കുറിച്ചുള്ള പരിഭവങ്ങൾ ഞാൻ മനസ്സിലിട്ട് പുകയ്ക്കും, നാട്ടുകാരോട് പറഞ്ഞുനടക്കും; ഒടുവിലറിയുന്നത് അവനായിരിക്കും.

അവിടെ പാച്ച്‌വർക്കിന് ടെൻഡർ എടുക്കാൻ കർത്താവ് നോക്കിനിൽക്കും, ഇരുകൂട്ടരും സമ്മതം മൂളുന്നതും കാത്ത്. പരസ്പരമുള്ള ഒരു ചിരിയിൽ, ഒരു 'സോറി'യിൽ, അവന് അലിയിച്ചു കളയാവുന്ന ഭാരങ്ങളേ രണ്ട് നെഞ്ചിലും കുമിഞ്ഞു കൂടിയിട്ടുണ്ടാകൂ. അല്ലെങ്കിലും, ഒരൊറ്റ ഡയലോഗിൽ തളർന്നു കിടന്നവനെ നടത്തി വീട്ടിൽ വിട്ടവന് അത്ര മെനക്കെട്ട പണിയൊന്നുമല്ല.


അവന്റെ ഒരു ചെയ്തിയിൽ ഞാനനുഭവിച്ച വിഷമം അവൻ മനസ്സിലാക്കണം. അവനും അതിന്റെ ബുദ്ധിമുട്ടറിയണം എന്നൊക്കെ കരുതുന്നത് ബാലിശമായ ഒരുതരം പിടിവാശിയല്ലേ. അവനത് മനസ്സിലാക്കുമ്പോൾ മനസ്താപം ഉണ്ടായിരിക്കും. പക്ഷേ, കണ്ണു നിറയുന്നതിനൊപ്പം അവന്റെ ചങ്കും പിടയും. ഒന്നും പറയാതെ അവന്റെ തോളിലൊന്ന് കൈയിട്ട് ചേർത്തൊന്ന് പിടിച്ചാൽ അപ്പോഴും അവന്റെ കണ്ണു നിറയും, ഒപ്പം മനസ്സും. അങ്ങനെയൊക്കെ ചെയ്യാൻ സാധിച്ചാൽ അതല്ലേ ഹീറോയിസം!

തെറ്റു പറയുമ്പോൾ ചെന്ന് സമ്മതിച്ചു കൊടുക്കുന്നതിലുമുണ്ട് ഒരു ഹീറോയിസം. തെറ്റ് എന്റേതാണെന്ന് നൂറു ശതമാനം ബോധ്യമുള്ളപ്പോഴും നൂറു ന്യായീകരണങ്ങൾ കണ്ടുപിടിക്കാൻ മനസ്സിന് അധികം ബുദ്ധിമുട്ടേണ്ടിവരില്ല. 'ഞാൻ' ആണ് അവിടെയും വില്ലൻ. ആ സമയത്ത് മുളച്ചുവരുന്ന ന്യായവാദങ്ങളെ തട്ടിത്തെറുപ്പിച്ച് ഒന്ന് സ്വയം ചെറുതാകാൻ തയ്യാറായാൽ അവിടെ ഒരാഘോഷത്തിന് അരങ്ങൊരുക്കിയേക്കാം.

പിണങ്ങിയിരുന്ന കൂട്ടുകാർ സംസാരിച്ച് പിണക്കം തീർന്നപ്പോൾ ഐസ്ക്രീം വാങ്ങിത്തന്ന് ആഘോഷിച്ചിട്ടുണ്ട് ഒരിക്കൽ; അന്നവരോട് പുച്ഛം തോന്നിയെങ്കിലും ഐസ്ക്രീം കിട്ടുമല്ലോ എന്നോർത്ത് അവർ ഇനിയും പിണങ്ങണേ എന്ന് ആശിച്ചിട്ടുണ്ടെങ്കിലും. പക്ഷേ, ഇന്നവരോട് ഒത്തിരി ബഹുമാനം തോന്നുന്നു. ഐസ്ക്രീം വാങ്ങിക്കാനുള്ള അവസരങ്ങൾ 'ഞാൻ' എത്രയോ പാഴാക്കിയിരിക്കുന്നു. സൗഹൃദങ്ങൾ ആഘോഷമാക്കേണ്ടതാണ്, ഓരോ നിമിഷവും. വെറുതെ കാശ് പൊടിച്ചുകളയുന്നുവെന്ന് പഴി പറയുന്നവർ പറഞ്ഞുകൊണ്ടേയിരിക്കട്ടെ, നമ്മൾ വിവേകത്തോടെ പ്രവർത്തിക്കുന്നിടത്തോളം ഒരുമിച്ചു ചെലവിടുന്ന ഓരോ നിമിഷവു പടച്ചുവിട്ടവനുള്ള സ്തുതികളായി മാറട്ടെ.

**അല്ലെങ്കിലും, തളർന്നു കിടന്നവനെ ഒരൊറ്റ ഡയലോഗിൽ നടത്തി വീട്ടിൽ വിട്ടവന് അത്ര മെനക്കെട്ട പണിയൊന്നുമല്ല.**

'എതിരു നിൽക്കുന്നവന്റെ മനസ്സൊന്ന് കാണാൻ ശ്രമിച്ചാൽ എല്ലാരും പാവങ്ങളാ..' എന്ന് സിനിമേല് പറഞ്ഞത് ചുമ്മാതല്ല. ഏകാന്തകയുടെ ഭീതിയായിരിക്കാം ഒരുവനിൽ തലക്കനമായി നമ്മൾ വിലയിട്ടിരുന്നത്. കൂട്ടിനാരും ഇല്ലെന്ന് പറയാൻ പോലും ആരുമില്ലാത്താവനെ 'ഫ്രണ്ട്‌ലി അല്ല' എന്നു പറഞ്ഞ് നമ്മൾ അവഗണിക്കുന്നുണ്ടാകാം. ചിരിച്ചും ചിരിപ്പിച്ചും നടക്കുന്നവൻ ദു:ഖങ്ങൾ പറഞ്ഞൊന്ന് പൊട്ടിക്കരയാൻ ആരും ഇല്ലാത്തവനാകാം. അവിടെ 'ഞാൻ ഇല്ലാതായി 'നമ്മൾ' ഉണ്ടാകുമ്പോൾ അടുപ്പ് പതിയെ എരിയാൻ തുടങ്ങും, പിണക്കങ്ങളും പരിഭവങ്ങളും ചാമ്പലാക്കിക്കൊണ്ട്.




*ഫിസൻ സെബിൻ രാജ്, കുവൈറ്റ്*
*fisonraj@gmail.com*

മൈ സ്റ്റോറി

# ''നിങ്ങൾ മരുന്ന് വാങ്ങുന്നില്ലെങ്കിൽ എനിക്കും വേണ്ട''

**അപരൻ എന്നത് ഞാൻ ചെരിപ്പ് അഴിച്ചു മാറ്റിവയ്ക്കേണ്ട ദൈവസാന്നിധ്യത്തിന്റെ ആരാധനാ സ്ഥലമാണ് എന്ന് മറക്കാതിരിക്കാം.**



നാട്ടിലെ സർക്കാർ ആശുപത്രിയിലേക്ക് ഞാൻ ബൈക്കിലാണെത്തിയത്. ആദ്യമായി കുറേ സമയം ആ വരാന്തയിൽ നിന്ന് ഒരു ചീട്ട് എടുത്തു. രണ്ടുരൂപ വേണമെന്ന് സിസ്റ്റർ പറഞ്ഞു. ചീട്ട് എഴുതിയത് നാട്ടിൽ ഞങ്ങളെ അറിയുന്ന സിസ്റ്ററാണ്. ''രാജുവിന്റെ മകനാണ് ഞാൻ" എന്നത് കേട്ടതും എന്നെ നോക്കിയിട്ട് സിസ്റ്റർ ഒന്നു ചിരിച്ചു. അപ്പയുടെ പേരിൽ എനിക്ക് റെക്കമെന്റേഷൻ, എന്റെ പേപ്പറിൽ നമ്പർ എഴുതാതെ അത് മാറ്റിവച്ചു.

വലിയ ജനക്കൂട്ടം; വരാന്തയിൽ തിക്കും തിരക്കും; ഇരിപ്പിടത്തിനായി വഴക്ക്; കുട്ടികൾ കരയുന്നു. കൊടുത്ത മരുന്നിൽ കുറവുകണ്ട് പരാതികൾ. പാവപ്പെട്ട മനുഷ്യർ ചൂടുമൂലം പരവേശപ്പെടുന്നു. സ്ക്രീനിൽ ടോക്കൺ നമ്പർ 97 വരെയായി. മുന്നിൽ നിന്ന ചേച്ചിയുടെ നമ്പർ 137 ആയിരുന്നു. എനിക്ക് 138 കിട്ടിയിരുന്നെങ്കിൽ ഒരു ദിവസം മുഴുവൻ ഞാനും അവിടെ ചെലവഴിക്കേണ്ടിവന്നേനെ ഇതെല്ലാം ഓർക്കുന്നതിനിടയിൽ അവിടെ ഒരു ഒട്ടോറിക്ഷ വന്നു നിന്നു. ഒരു അപ്പച്ചനും അമ്മച്ചിയും വന്നിറങ്ങി. അവർ രണ്ടല്ല; ഒന്നാണ്. ഇതു തിരിച്ചറിയാൻ അധികസമയമൊന്നും വേണ്ടിവന്നില്ല. അമ്മച്ചിയെ ഒരു ഇരിപ്പിടത്തിൽ ഇരുത്തിയിട്ടു അപ്പച്ചൻ ചീട്ടെടുക്കാനെത്തി. അമ്മച്ചിയുടെ വയസ്സ് എത്രയാ? സിസ്റ്റർ നാല് ആവർത്തി ചോദിച്ചത്, അപ്പച്ചൻ ഒഴികെ എല്ലാവരും കേട്ടു. അടുത്ത് നിന്നവർ അപ്പച്ചനെ സഹായിച്ചു. വയസ്സ് എത്രയാണെന്നു ചോദിക്കുന്നു.

"എടീ മറിയേ കഴിഞ്ഞ തവണ നമ്മൾ 80 അല്ലേ പറഞ്ഞത്?" "അറിയില്ല മനുഷ്യാ..." "80 പറയട്ടേടിയേ?"

തനി നാടൻ അച്ചായനും അച്ചായത്തിയും.

"ആ... പറഞ്ഞേക്ക് 80. അല്ല, മനുഷ്യാ... നിങ്ങൾ എടുക്കുന്നില്ലായോ?" "ഇല്ല! എനിക്കെന്നാത്തിനാ?" "എന്നാ പോ, മനുഷ്യാ, എനിക്കും വേണ്ട." (സൗന്ദര്യ പിണക്കം..!!!) നിശ്ശബ്ദത.

നമുക്ക് പോകാമെന്നായി അമ്മച്ചി. വേണ്ട.!! അപ്പച്ചൻ ഒടുവിൽ പിണക്കം മാറ്റാൻ ഒരു ചീട്ടുകൂടി എഴുതിച്ചു. പത്രോസ് 85 വയസ്സ്. അപ്പോഴേക്കും പുറകിൽ ഉള്ളവർ പിറുപിറുപ്പ് തുടങ്ങിയിരുന്നു. മാറ്റിവച്ച എന്റെ ചീട്ട് 78 എഴുതി. സിസ്റ്റർ പറഞ്ഞു 78 തെളിഞ്ഞാൽ നീ കേറിക്കോ... തിരക്ക് എന്ന വ്യാജേന എണീറ്റ് അകത്തേക്ക് സിസ്റ്റർ ഒരു ഓട്ടം. തിരിച്ചുവന്നവഴി ആരും കേൾക്കാതെ ഒരു സ്വകാര്യം. അടുത്തത് 78 തെളിയും. മറ്റാരേയും നോക്കേണ്ട, കേറണം. നോക്കിനിൽക്കേ അതാ സ്ക്രീനിൽ 78. ഡോക്ടറെ കണ്ടിറങ്ങിയ ഞാൻ ഉടൻ മരുന്നു വാങ്ങി പുറത്തിറങ്ങി. ചീട്ടിനായി നീണ്ട വരി തുടരുന്നു. 137 നമ്പർ ചേച്ചി വിഷമിച്ച് പുറത്തിരിക്കുന്നു. കഥാനായകനും നായികയും ആരോ എണീറ്റു കൊടുത്ത കസേരയിൽ സ്ഥാനം പിടിച്ചു. അപ്പോൾ അതാ മറ്റൊരു സിസ്റ്ററിന്റെ ശബ്ദം. മറിയം-പത്രോസ് അടുത്ത തവണ ഓസിന് ചീട്ട് ഇല്ലെന്ന് സിസ്റ്റർ. ഇത്തവണത്തെ കൂടിചേർത്ത് 8 രൂപ വേണം പോലും. മനസ്സിൽ ഞാൻ പറഞ്ഞു, അപ്പോൾ അടുത്ത തവണയും ഒരുമിച്ചേ വരൂ അവർ. അതേ അവർ ഒരുമിച്ചാ അന്നുമുതൽ.

ഇതല്ലേ സ്നേഹം! ഭാര്യയ്ക്കു വേണ്ടി ജീവിക്കുന്ന ഭർത്താവ്. പിണങ്ങിയും ഇണങ്ങിയും കൂടെ നിൽക്കുന്ന ഭാര്യ. പത്ത് മിനിട്ടിനുള്ളിൽ ഞാൻ തിരികെ ഇറങ്ങി. ഞാൻ ഇന്നും ചിന്തിച്ചുകൊണ്ടിരിക്കുന്നു. പഠിപ്പ് കൂടിയവനും, കാശ് കൂടുതലുള്ളവനും നല്ല സ്ഥിതിഗതികൾ ഉള്ളവനും ദാമ്പത്യ ജീവിതത്തിൽ പുറം തിരിഞ്ഞു നിൽക്കുമ്പോൾ അവർക്കുള്ള കൗൺസിലിങ് സെന്റർ കോടതി വളപ്പിലെ മുറിയല്ല, മറിച്ച് പത്രോസിന്റെയും മറിയത്തിന്റെയും വീട് തന്നെയാണ്.

പാവപ്പെട്ടവനെ ക്യൂ നിറുത്തി ഞാൻ ഗമയിൽ ഡോക്ടറെ കണ്ട് വരുംവഴി കർത്താവ് എന്റെ ഹൃദയത്തിനു കുറുകെ ഒന്ന് കോറി. നിന്റെ മനസ്സിനുള്ള മരുന്ന് ആ കുറിപ്പടിയിൽ ഇല്ല കുഞ്ഞേ. അതിന് നീ അവരിലേക്ക് നോക്കണം. കരുണയുടെ വർഷം നമുക്ക് സമ്മാനിച്ച് പോയതൊക്കെ നമുക്കു കണ്ണു തുറന്ന് കാണാൻ ശ്രമിക്കാം.

"അപരൻ എന്നത് ഞാൻ ചെരിപ്പ് അഴിച്ചുമാറ്റിവയ്ക്കേണ്ട ദൈവസാന്നിധ്യത്തിന്റെ ആരാധനാ സ്ഥലമാണ് എന്ന് മറക്കാതിരിക്കാം.

'വഴിയാകെ ചെളിയാണെന്ന് പറഞ്ഞു വീട്ടിൽ സുരക്ഷിതമായി ഇരിക്കുന്ന ഒരു സഭയല്ല എനിക്ക് ഇഷ്ടം. ചെളിപുരണ്ടാലും തെരുവിന്റെ അസന്ദിഗ്ധാവസ്ഥയിൽ അലയുന്ന സഭയാണ് എനിക്കിഷ്ടം.' ഫ്രാൻസിസ് പാപ്പായുടെ ഈ കാഴ്ചപ്പാടാണ് ഇന്ന് ആവശ്യം.

**പാവപ്പെട്ടവനെ ക്യൂ നിറുത്തി ഞാൻ ഗമയിൽ ഡോക്ടറെ കണ്ട് വരുംവഴി കർത്താവ് എന്റെ ഹൃദയത്തിനു കുറുകെ ഒന്ന് കോറി. നിന്റെ മനസ്സിനുള്ള മരുന്ന് ആ കുറിപ്പടിയിൽ ഇല്ല കുഞ്ഞേ.**

രശ്മി ജോയി പുറക്കാടൻ



*എറണാകുളം സ്വദേശിനിയായ ലേഖിക സെന്റ് തെരേസാസ് കോളേജിൽ ചൈൽഡ് ആന്റ് അഡോൾസെന്റ് കൗൺസിലർ ആയി ജോലി ചെയ്യുന്നു.*
resmijpurakkadan@gmail.com

ഓർമ

# SETT ആകാൻ ഒരിക്കൽ കൂടി കഴിഞ്ഞിരുന്നെങ്കിൽ

**ജീസസ് യൂത്തിന്റെ ആദ്യ കാലഘട്ടങ്ങളിൽ കേരളത്തിൽ സെറ്റ് ഉണ്ടാക്കിയ ചലനം ഇന്നും നിലനിൽക്കുന്നു.**

**“ഹലോ, എന്താ ഇപ്പോ പ്രശ്നം? നിങ്ങൾ സെറ്റ് അല്ലേ എന്നു ചോദിക്കാൻ വരട്ടെ. ഇത് നിങ്ങൾ ഉദ്ദേശിക്കുന്ന സെറ്റ് അല്ലട്ടാ. ഇതു വേറെ ലെവലാണ്. പുതിയ തലമുറ കേട്ടിട്ടില്ലാത്ത സെറ്റ്”. ജീസസ് യൂത്തിന്റെ ആദ്യകാലഘട്ടങ്ങളിൽ കേരളത്തിൽ സെറ്റ് ഉണ്ടാക്കിയ ചലനം ഇന്നും നിലനിൽക്കുന്നതാണ്. ജീസസ് യൂത്ത് പരിശീലന പരിപാടികളുടെ തലതൊട്ടപ്പനായി ‘സെറ്റിനെ’ വിശേഷിപ്പിക്കാം. സെറ്റിനെക്കുറിച്ചുള്ള ഓർമകൾ സെറ്റിന്റെ നേതൃനിരയിലെ ഒരാളും ജീസസ് യൂത്ത് കുടുംബത്തിലെ ശ്രദ്ധേയ സാന്നിധ്യവുമായ കെ.കെ. ജോസഫ് പങ്കു വയ്ക്കുന്നു.**

ജീസസ് യൂത്ത് കൂട്ടായ്മയിലെ ഓർമകളും അനുഭവങ്ങളും നിരവധിയാണ്. എങ്കിലും സെറ്റ് അത് ശരിക്കും ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവന്നു. ആദ്യ കാലഘട്ടങ്ങളിൽ ജീസസ് യൂത്തിന്റെ മുഖ്യ പരിശീലന പരിപാടികളെല്ലാം ഇംഗ്ലീഷിൽ ആയിരുന്നു. എല്ലാവർക്കും ഉൾക്കൊള്ളുവാനും മനസ്സിലാക്കുവാനും കഴിയുന്ന നമ്മുടെ തനതായ പരിശീലന പരിപാടി വേണമെന്ന ആശയത്തിൽ നിന്നാണ് സെറ്റ് രൂപം കൊള്ളുന്നത്. അന്നത്തെ കോ-ഓർഡിനേറ്റർ ആയിരുന്ന ടി.സി. ജോസഫ് സെറ്റിന്റെ ഉത്തരവാദിത്വം എന്നെ ഏൽപിക്കുമ്പോൾ ഞാനതു സന്തോഷപൂർവം ഏറ്റെടുത്തു. ഓരോ കാര്യങ്ങളിലും കർത്താവിനെ ശ്രദ്ധിച്ച്, അവിടത്തെ വാക്കുകൾ കേട്ട് ഞങ്ങൾ ‘Sett- Senior Evangelizers Trainers Team’ പദ്ധതിക്ക് രൂപം നൽകി.

4 ഘട്ടങ്ങളിലായി 3 ദിവസം വീതം പരിശീലനം നൽകിയ ഒരു വർഷം നീണ്ടുനിന്ന പരിശീലന പരിപാടി ഏകദേശം 45-ഓളം പേരാണ് പൂർത്തിയാക്കിയത്. ക്രൈസ്തവ ആധ്യാത്മികത, വിശ്വാസരൂപീകരണം, ദൈവവചനം, വ്യക്തിത്വവികാസം, വരദാനങ്ങളും അവ

**യുവജനങ്ങളുടെ കൂടെ നിന്ന് എന്തെങ്കിലും ചെയ്താൽ അതു പാഴായി പോകില്ല എന്നത് എന്റെ ജീവിതം എനിക്കു തന്ന തിരിച്ചറിവും ബോധ്യവുമാണ്.**



യുടെ ഉപയോഗവും തുടങ്ങിയ പത്തോളം മേഖലകൾ പരിശീലനത്തിന്റെ ഭാഗമായിരുന്നു. അതിലൂടെ പരിശീലകനായിട്ടെത്തിയ ഞാൻ സ്വയം പരിശീലിക്കപ്പെട്ടു. നേതൃത്വത്തിലേക്കുള്ള എന്റെ ശുശ്രൂഷയുടെ വിളി തിരിച്ചറിയാനാണ് സെറ്റിലൂടെ ദൈവം എന്നെ തെരഞ്ഞെടുത്തത്. അന്ന് സെറ്റിലൂടെ കടന്നുപോയവർ ഇന്നും സഭയുടെ വിവിധ ശുശ്രൂഷാമേഖലകളിൽ ജീസസ് യൂത്ത് കൂട്ടായ്മയിൽ, എഫേസോസ് 2:10 വാക്യമനുസരിച്ച്- “നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്.”- ക്രിസ്തുവിന്റെ സുവിശേഷ വാഹകരായി നിലകൊള്ളുന്നു.

അതിനുശേഷം ഇന്നുവരെ ജീസസ് യൂത്ത് കുടുംബത്തോടു ചേർന്നു നിൽക്കാനും ഒത്തിരി യുവജനങ്ങളെ പരിശീലിപ്പിക്കാനും സ്വയം വളരാനും ക്രിസ്തീയ ആത്മീയതയിൽ വേരൂന്നി ജീവിതത്തെ ചിട്ടപ്പെടുത്താനും ദൈവാനുഗ്രഹത്താൽ സാധിച്ചു. യുവജനങ്ങളുടെ കൂടെ നിന്ന് എന്തെങ്കിലും ചെയ്താൽ അതു പാഴായി പോകില്ല എന്നത് എന്റെ ജീവിതം എനിക്കു തന്ന തിരിച്ചറിവും ബോധ്യവുമാണ്. അതിനാൽതന്നെ ഇന്നും ചെറുതും വലുതുമായ എല്ലാ ജീസസ് യൂത്ത് പ്രോഗ്രാമുകളിലും പങ്കെടുക്കാൻ പരിശ്രമിക്കുന്നു. അവിടെനിന്നും കിട്ടുന്ന ഊർജം വളരെ വലുതാണ്. ഇന്നത്തെ തലമുറയുടെ കൂട്ടായ്മയും പ്രവർത്തനങ്ങളും അവരുടെ ആത്മീയ നിറവും പ്രസരിപ്പും കാണുമ്പോൾ ഞങ്ങളുടെ പഴയകാലങ്ങളെല്ലാം സന്തോഷത്തോടെ ഓർക്കുന്നു. ഇന്നത്തെ യുവജനങ്ങളോടൊത്ത് സ്വയം നവീകരിക്കുവാനും വളരുവാനും വീണ്ടും സാധിക്കുന്നു. ചാക്കോച്ചൻ ഞാവള്ളിൽ, അർത്തുങ്കൽ ജോർജ്, ജെയിംസ് കണ്ണൂർ, ടോംസ് മൈക്കിൾ, മാനന്തവാടി ജോർജ്, ജോയി കാസർകോഡ്, സാവിയോ തുടങ്ങിയവരെല്ലാം സെറ്റായിരുന്നു. ഇന്ന് ജീസസ് യൂത്തിന്റെ ഫോർമേഷൻ രംഗത്ത് മുഖ്യധാരയിൽ നിൽക്കുന്ന ടോംസ്, ഞങ്ങളുടെ കണ്ടുമുട്ടലുകളിൽ എപ്പോഴും സെറ്റിന്റെ ഒത്തുചേരലുകളെക്കുറിച്ച് ഓർമിപ്പിക്കുകയും അതിനെക്കുറിച്ച് സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യാറുണ്ട്. ടോംസ് മാത്രമല്ല ജോർജും മറ്റുള്ളവരുമെല്ലാം സെറ്റിന്റെ വിശേഷങ്ങൾ ഞങ്ങളുടെ ഒത്തുചേരലുകളിൽ ഓർക്കാറുണ്ട്. ഞങ്ങളുടെ സെറ്റിലെ അംഗങ്ങൾ എവിടെയെങ്കിലും വച്ചു കാണുമ്പോൾ വീണ്ടും കാണണ്ടേ, കൂടണ്ടേ എന്ന ചോദ്യം ഉയരുന്നു.

ഒരിക്കൽ കൂടി ഞങ്ങളുടെ സെറ്റിനെ ഒരുമിച്ചുകൂട്ടാൻ കഴിഞ്ഞിരുന്നെങ്കിൽ!

ജിയോ പി. ജോർജ്



*എറണാകുളം ഔട്ട്റീച്ച് സ്പേസിലെ കൺസൽട്ടന്റ് സൈക്കോളജിസ്റ്റും സൈക്കോ തെറാപ്പിസ്റ്റുമായ ലേഖകൻ വായനക്കാരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നു.* 999 5718 551

**Q** ഞാൻ 11–ാം ക്ലാസ്സിലാണ് പഠിക്കുന്നത്. ഈയിടെയായി ഞാനും മാതാപിതാക്കളും തമ്മിൽ ഒരു കാര്യവുമില്ലാതെ വഴക്കുകൾ ഉണ്ടാകുന്നു. ചിലപ്പോഴൊക്കെ വീട്ടിൽ നിൽക്കുന്നതു തന്നെ ഒരു വീർപ്പുമുട്ടലാണ്. എന്താണ് സംഭവിക്കുന്നതെന്നോ എന്താണ് ചെയ്യേണ്ടതെന്നോ എനിക്കറിയില്ല?

**A** കൗമാരത്തിൽ ഇത്തരം വഴക്കുകൾ വളരെ സാധാരണമാണ്. കൗമാരത്തിലുണ്ടാകുന്ന വളർച്ചയുമായി ബന്ധപ്പെട്ട കാരണങ്ങളാണ് പലപ്പോഴും ഇത്തരം വഴക്കുകളിലേക്കു നയിക്കുന്നത്

കൗമാരത്തിൽ വ്യക്തിയുടെ ഒരു വലിയ മാനസികാവശ്യമാണ് തന്റെ സ്വത്വം (Self Identity) കണ്ടെത്തുകയെന്നത്. ഇതിനായി അവന്റെ/അവളുടെ മനസ്സ് ഇപ്പോൾ തങ്ങളെ നിർവചിക്കുന്ന (define) സ്വത്വങ്ങളുമായി (Identities) ഒരു സമരം തുടങ്ങും. നമ്മുടെ മാതാപിതാക്കളും, അധ്യാപകരും പള്ളിയുമൊക്കെ ഇത്തരം സ്വത്വങ്ങൾ (significant others) ആയതിനാൽ ഈ സമരത്തിൽ അവർ എതിർപക്ഷത്താണ്. ഇതൊരു തെറ്റല്ല എന്നുമാത്രമല്ല സ്വാഭാവികമായി സംഭവിക്കേണ്ട ഒന്ന് കൂടിയാണ്. കൗമാരക്കാർ ഇത്തരം സമരം തുടങ്ങുമ്പോൾ അത് മാതാപിതാക്കളെയും മറ്റുള്ളവരെയും (significant others) പരിഭ്രാന്തരാക്കും. ഇതും സ്വാഭാവികവും സ്നേഹത്തിൽ നിന്ന് ഉടലെടുക്കുന്നതുമാണ്. തന്റെ ചിറകിന്റെ അടിയിൽ ഇതുവരെ കഴിഞ്ഞ ആൾ ആ സുരക്ഷാവലയത്തിനു പുറത്തേക്കു നടക്കുന്നത് കാണുമ്പോൾ ഉണ്ടാകുന്ന ആകുലത. ഈ ആകുലത അവരെ പൂർവാധികം ശക്തിയോടെ മക്കളെ തങ്ങളുടെ ചിറകിനടിയിൽ നിറുത്തുവാനുള്ള ശ്രമത്തിലേക്കു (hugging) നയിക്കുന്നു. ഈ ശ്രമത്തിന്റെ ഭാഗമായി മാതാപിതാക്കൾ പലപ്പോഴും കർശനവും അപ്രായോഗികവുമായ നിയന്ത്രണങ്ങളും പ്രയോഗത്തിൽ വരുത്താൻ നോക്കും. മാതാപിതാക്കളുടെ ഇത്തരം നിയന്ത്രണങ്ങളും കൗമാരക്കാരുടെ സ്വത്വ സമരവും തമ്മിലുള്ള സംഘട്ടനങ്ങളാണ് (conflicts) താങ്കൾ പറഞ്ഞതു പോലുള്ള അകാരണമായ അസ്വാരസ്യങ്ങൾക്കും വീർപ്പുമുട്ടലുകൾക്കുമുള്ള കാരണം.

ഈ പ്രശ്നം പരിഹരിക്കാൻ എന്ത് ചെയ്യാൻ സാധിക്കുമെന്ന ചോദ്യത്തിന് ഒറ്റ ഉത്തരമില്ല. എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലാക്കുക എന്നതാണ് ആദ്യപടി. സംഭവിക്കുന്നതെന്തെന്നു മനസ്സിലാക്കിയാൽതന്നെ പകുതി പ്രശ്നം തീർന്നു. താങ്കളുടെയും മാതാപിതാക്കളുടെയും ആവശ്യം പ്രാധാന്യമുള്ളതും (Important) ശുദ്ധവുമാണ് (genuine) പക്ഷേ, രണ്ടും പല സാഹചര്യങ്ങളിലും പരസ്പര വിരുദ്ധമാകുവാൻ സാധ്യത ഉള്ളതുകൊണ്ട് സംഘട്ടനം (conflict) ഉണ്ടാകാതിരിക്കുക എന്നത് അസംഭവ്യമാണ്. സംഘട്ടനം ഉണ്ടാകാതിരിക്കുവാനല്ല മറിച്ച്, ആ സംഘട്ടനങ്ങൾ നല്ല രീതിയിൽ പരിഹരിക്കാനാണ് ശ്രദ്ധ കൊടുക്കേണ്ടത്. അതിനു ഈ നാല് സ്റ്റെപ്പ്സ് സഹായിക്കും.

### 1.Wait

പെട്ടെന്ന് പ്രതികരിക്കാതിരിക്കുക. പലപ്പോഴും അത്തരം പ്രതികരണങ്ങൾ പൊട്ടിത്തെറികളിലേ അവസാനിക്കാറുള്ളൂ.

### 2. Understand

മറ്റുള്ളവർ (തങ്ങളുടെ കാര്യത്തിൽ മാതാപിതാക്കൾ) പറയുന്നതെന്തെന്നു മനസ്സിലാക്കാൻ ശ്രമിക്കുക. പലപ്പോഴും നമ്മൾ പറയുന്ന കാര്യങ്ങൾ പുറത്തുവരുന്നത് നമ്മൾ ഉദ്ദേശിക്കുന്നതു പോലെയാവില്ല. എന്താണ് മറ്റുള്ളവർ പറയുവാൻ ശ്രമിക്കുന്നതെന്ന് മനസ്സിലാക്കാൻ ശ്രമിച്ചാൽ ആവശ്യമില്ലാത്ത സംസാരങ്ങളും പ്രതികരണങ്ങളും ഒഴിവാക്കാം.

### 3. Express

പക്വമായും, സാവകാശത്തിലും താങ്കളുടെ ഭാഗം വിശദീകരിക്കുക.

### 4. Negotiate

മറ്റുള്ളവരുടെ ഭാഗം മനസ്സിലാക്കാൻ ശ്രമിച്ചും തന്റെ ഭാഗം മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കിയും സമവായത്തിൽ എത്താൻ ശ്രമിക്കുക.

ഈ നാല് സ്റ്റെപ്പുകൾ എളുപ്പമല്ല. പക്ഷേ, പരിശീലിച്ചാൽ പതിയെ പതിയെ എളുപ്പമാകും. മാത്രമല്ല, താങ്കൾക്ക് അത് ജീവിതകാലം മുഴുവൻ ഉപകാരപ്പെടുകയും ചെയ്യും. ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഇത്തരം സംഘട്ടനങ്ങൾ ഉണ്ടാകുമെന്നതാണ് സത്യം.

**Q** കർത്താവിനെ കണ്ടു; മാതാവിനെ കണ്ടു; അവർ സംസാരിച്ചു; എന്നൊക്കെ പറയുന്നത് വിശ്വസിക്കാൻ ആവുമോ? ഇതൊക്കെ ഹാലുസിനേഷൻസ് ആവാൻ സാധ്യതയില്ലേ?

**A** തീർച്ചയായും ഉണ്ട്. ഹാലുസിനേഷൻസ് കൊണ്ട് ഇത്തരം ദർശനങ്ങൾ കിട്ടി എന്ന് ഒരു വ്യക്തിക്കു തോന്നാം. പലപ്പോഴും അത്തരം ഹാലുസിനേഷൻസ് അപകടകരവുമാകാം. ഈ സാധ്യത മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ് കത്തോലിക്കാ സഭ ദർശനങ്ങളെ വിവേചിക്കുന്നത് ദർശനം ലഭിച്ച വ്യക്തിയുടെ ശാരീരിക മാനസിക അവസ്ഥ, ദർശനങ്ങളിലെ ദൈവശാസ്ത്ര കൃത്യത എല്ലാം വളരെ കർശനമായ പഠനത്തിനും സൂക്ഷ്മ പരിശോധനയ്ക്കും അത്തരം ദർശനങ്ങളുടെ സ്ഥിരീകരണത്തിനു മുമ്പു വിധേയമാകാറുണ്ട്.

ടിന്റു സോണി



*സൈക്കോളജിസ്റ്റ്, കുടുംബത്തോടൊപ്പം എറണാകുളത്ത് താമസം.*
*tintusony@gmail.com*

യൂത്ത് ക്ലാസ്സ്



> “Future is in your hearts and in your hands”
> യുവജനങ്ങളോട് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ.

# യുവത്വത്തിന്റെ ആഘോഷം

ഡൊളോറസ് ഹാർട്ട് OSB ഇന്നൊരു ബെനഡിക്ടൻ സന്യാസിനിയാണ്. വർഷങ്ങൾക്കുമുമ്പ് ഹോളിവുഡിൽ തിളങ്ങിനിന്ന സുന്ദരിയായ നായിക. ഫ്രാൻസിസ് അസ്സീസി എന്ന സിനിമയിൽ ക്ലാരയായി അഭിനയിച്ചുകൊണ്ടിരുന്ന സമയത്ത് അവർ ജോൺ 23-ാം പാപ്പായെ കാണാനിടയായി. അവർ സ്വയം പരിചയപ്പെടുത്തി. ‘ഞാൻ ഡൊളോറസ് ഹാർട്ട്, ഫ്രാൻസിസ് അസ്സീസിയിൽ ക്ലാരയായി അഭിനയിക്കുന്നു. പാപ്പ പെട്ടെന്ന് ഇങ്ങനെ മറുപടി പറഞ്ഞു. ‘അല്ല, നിങ്ങൾ ക്ലാര തന്നെയാണ്’. പാപ്പായുടെ ഈ വാക്കുകൾ യാഥാർഥ്യമാകുകയായിരുന്നു. പ്രശസ്തിയുടെ കൊടുമുടിയിൽ നിന്ന സമയത്തു തന്നെ തന്റെ യൗവനത്തിൽ താരപ്പൊലിമകളെല്ലാം ഉപേക്ഷിച്ച് അവർ യേശുവെന്ന യുവാവിന്റെ സ്നേഹത്തിന്റെ പിറകേ ഓടി. യുവത്വം അങ്ങനെയാണ്, സാഹസികമായി

ഞെട്ടലോടെ ഈ വാർത്ത കേട്ട സിനിമാലോകവും സിനിമാപ്രേമികളും അവർക്ക് ഭ്രാന്താണെന്നുവരെ പറഞ്ഞു. എന്നാൽ ഇതൊന്നും തന്റെ പ്രിയതമന്റെ സ്നേഹത്തിൽ നിന്ന്, ആനന്ദത്തിന്റെ പൂർണതയുള്ള അവന്റെ സന്നിധിയിൽ നിന്ന് പിന്മാറാൻ അവരെ പ്രേരിപ്പിച്ചില്ല.



ജീവിതത്തിൽ അർഥംതേടി പായും. ഞെട്ടലോടെ ഈ വാർത്ത കേട്ട സിനിമാലോകവും സിനിമാപ്രേമികളും അവർക്ക് ഭ്രാന്താണെന്നുവരെ പറഞ്ഞു. എന്നാൽ ഇതൊന്നും തന്റെ പ്രിയതമന്റെ സ്നേഹത്തിൽ നിന്ന്, ആനന്ദത്തിന്റെ പൂർണതയുള്ള അവന്റെ സന്നിധിയിൽ നിന്ന് പിന്മാറാൻ അവരെ പ്രേരിപ്പിച്ചില്ല. (പുസ്തകം– The ear of the Heart. An Actresses' journey from Hollywood to Holy Vows). ഡൊളോറസിനെപ്പോലെ എത്രയേറെ ആളുകൾ, എത്രയേറെ വിശുദ്ധർ. തന്റെ യുവത്വം യേശുവിനൊപ്പം ആഘോഷമാക്കിയവർ. അവിടത്തെ മുഖപ്രകാശത്തിൽ നടക്കാൻ ധൈര്യം കാട്ടിയവർ. തീർച്ചയായും വെല്ലുവിളികൾ ഉണ്ട്. ആഘോഷങ്ങളുടെ ശബ്ദകോലാഹലങ്ങളുള്ള ഈ ലോകത്തു ജീവിക്കുമ്പോൾ പ്രത്യേകിച്ചും. 'ആത്മീയത പോലും' വളച്ചൊടിക്കപ്പെടുന്ന ഈ സമൂഹത്തിൽ യേശുവിന്റെ മുഖം ഓരോ യുവാവിലും യുവതിയിലും പ്രകാശിക്കാൻ എന്തൊക്കെയാണ് നാം ചെയ്യേണ്ടത്? എന്തൊക്കെയാണ് അവിടത്തെ മുഖപ്രകാശത്തിൽ നടന്നവർ ചെയ്തത്? ചില ചിന്തകൾ ഒരുമിച്ച് ധ്യാനിക്കാം.

## ചങ്ക് ബ്രോ

**'ചങ്കാണു ചങ്കിടിപ്പാണെന്റെ യേശു' എന്നുള്ള പോസ്റ്റുകൾ വാട്സ് ആപ്പിലും ഫേസ്ബുക്കിലും നിറഞ്ഞു കാണുന്നുണ്ട്. ഈശോയ്ക്ക് ഒന്നേ ചോദിക്കാനുള്ളൂ നീ മറ്റെന്തിനെക്കാളും അധികമായി എന്നെ സ്നേഹിക്കുന്നുവോ? അതോ നിന്റെ ഡേറ്റാ തീരുന്നവരെയുള്ളോ?** നമുക്കൊന്ന് പരിശോധന നടത്താം, എന്താണീ കാര്യത്തിൽ എന്റെ മനോഭാവമെന്ന്. കുറച്ചുപേർ ഒന്നിച്ചുകൂടി സ്തുതിക്കുമ്പോൾ മാത്രമോ, എന്റെ ഭൗതിക കാര്യങ്ങൾ നടക്കുന്നതുവരെയോ, ഏതാണതിന്റെ അറ്റം? എത്രയാണതിന്റെ ദൂരം? നീയും അവനുമായിരിക്കുന്ന വേളകൾ കുറയാതിരിക്കട്ടെ. വിശ്വനാഥൻ ആനന്ദിനെ സമനിലയിൽ തളച്ച നിഹാൽ സരിനോട് (12 Years) ആനന്ദിന്റെ ഫാനാണോയെന്ന് പത്രക്കാർ ചോദിച്ചു. മറുപടി ഉടൻ വന്നു. "ഞാനാരുടേയും ഫാനല്ല. നല്ല കളിക്കാരെ ഫോളോ ചെയ്യും." പക്വമായ ഒരു മറുപടിയായിരുന്നു അത്. കർത്താവിനോടാകാം കട്ട ഫാൻ. അവിടത്തെ നോക്കിയവർ പ്രകാശിതരായി; അവർ ലജ്ജിതരാവുകയില്ല (സങ്കീ 34:5).

## ആധികാരികത

ഈയിടെ ഇറങ്ങിയ ഒരു സിനിമയാണ് ജോണി ജോണി യേസ് അപ്പാ. നായകൻ ജോണി ചെറുപ്പം മുതലേ കള്ളത്തരം ചെയ്യുന്നവനാണ് പക്ഷേ, മറ്റുള്ളവരുടെ തലയിൽ അതിന്റെ പരിണിതഫലങ്ങളെല്ലാം കെട്ടിവച്ച് മാന്യനാകും. ധ്യാനം കൂടിയ യുവാവിനും യുവതിക്കും പ്രാർഥനാഗ്രൂപ്പിൽ പോകുന്നവർക്കുമൊക്കെ നല്ല ഇമേജ് ആണ് പൊതുവേ. എന്നാൽ ക്രിസ്തുവിനെ നെഞ്ചിലേറ്റിയവർക്ക് അവന്റെ മനോഭാവം ഉണ്ടായിരിക്കുന്നുവോ എന്നതാണു പ്രധാനം. മരിച്ചവരെ ഉയിർപ്പിക്കാനുള്ള വരം കിട്ടുന്നതിലല്ല, ഫലങ്ങൾ ഉള്ളവരാകുക എന്നതാണ് പ്രധാനം. focus, intention, drive നമ്മുടെ വീട്ടിലും നാട്ടിലും പ്രാർഥനാഗ്രൂപ്പിലും പഠിക്കുന്നിടത്തും ജോലിസ്ഥലങ്ങളിലുമെല്ലാം പ്രധാനപ്പെട്ടതാണ്. ജോണിയെപ്പോലെ മുഖംമൂടിയല്ല വേണ്ടത്, നമ്മുടെ മനോഭാവവും അനേകരെ ക്രിസ്തുവിലേക്ക് നോക്കാൻ പ്രേരിപ്പിക്കുന്നതാകണം. നിങ്ങൾ ക്രിസ്തുവിനെ ധരിക്കുവിൻ എന്നാണ് പൗലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നത്. അവന്റെ മുഖംമൂടിയല്ല; അവനെത്തന്നെ ധരിക്കണം. അതിനായി തന്നെത്തന്നെ ആഴത്തിൽ കുഴിക്കണം. വേണ്ടാത്ത വേരുകൾ ഒക്കെ പിഴുതെറിഞ്ഞ് ചാമ്പലാക്കണം. എന്നാണ് ഞാൻ ക്രിസ്തുശിഷ്യനാണെന്ന് ആധികാരികമായി എനിക്ക് പറയാൻ കഴിയുക?

"Future is in your hearts and in your hands" വി.ജോൺ പോൾ രണ്ടാമൻ മാർപാപ്പ യുവജനങ്ങളെക്കുറിച്ച് പറഞ്ഞതാണിത്.

ക്രിസ്തുവിന്റെ കൂടെ പ്രകാശത്തിൽ നടക്കുന്ന, അവനെ ധരിക്കുന്ന സകല യുവജനങ്ങളുടെ ഹൃദയങ്ങളിലും കരങ്ങളിലുമാണ് നമ്മുടെ ഭാവി. ആയതിനാൽ നമ്മുടെ യുവത്വം യഥാർഥമായി നമുക്കാഘോഷിക്കാം. ആവേശത്തിന്റെ ആ ഈരടികൾ ഇന്നും മുഴങ്ങുകയാണ് കാതുകളിൽ.

യേശുവിൻ യുവാക്കൾ നാം യേശുവിന്റെ പാതയിൽ, നീങ്ങിടും യുവത്തിടമ്പുകൾ

ലോകത്തിൻ പ്രകാശമായി ഭൂമിതന്നിലുപ്പുമായി, തീർന്നിടേണ്ട ക്രിസ്തു സാക്ഷികൾ...



എൽസീന ജോസഫ്

*ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലെ എം.ഫിൽ വിദ്യാർഥിനിയായ ലേഖിക കെ.സി.വൈ.എം.-ന്റെ മുൻ സംസ്ഥാന സെക്രട്ടറിയും, ജീസസ് യൂത്ത് കേരളാ കൗൺസിൽ അംഗവും, ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിലെ ജേർണലിസം അസി. പ്രൊഫസറുമായിരുന്നു.*
elseenajoseph0@gmail.com

# THE REAL Treasure HUNT

## കേരള കോൺഫറൻസ് അഥവാ നിധികണ്ടെത്തൽ യത്നം കൊടിയിറങ്ങുമ്പോൾ ആ മൂന്നു ദിവസത്തിന്റെ ചില കാഴ്ചകൾ



### ഒന്നേകാൽ വർഷം മുമ്പ്

ഒരു പ്രത്യേക അറിയിപ്പ് – കേരളത്തിലെ മുഴുവൻ ജീസസ് യൂത്തും പങ്കെടുക്കുന്ന ഓൾ കേരള നിധി കണ്ടെത്താൻ മത്സരം സംഘടിപ്പിക്കുന്നു. മുഴുവൻ ആളുകളെയും മത്സരത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

**സംഘാടക സമിതി:** കേരള ജീസസ് യൂത്ത് കൗൺസിൽ.

**നിബന്ധന:** ജീസസ് യൂത്ത് മുന്നേറ്റത്തോടുള്ള കമ്മിറ്റ്മെന്റെടുത്തവർ ആയിരിക്കണം.

**പ്രായപരിധി:** എല്ലാ പ്രായക്കാർക്കും.

**യോഗ്യത:** നിങ്ങളുടെ താത്പര്യം; അതാണ് ഏറ്റവും വലിയ യോഗ്യത.

**സ്ഥലം:** സെന്റ് തോമസ് കോളേജ് പാലാ. *(പുതുക്കി നിശ്ചയിച്ചത്)*

**തീയതി:** 2018 ഡിസംബർ 27–29. *(പുതുക്കി നിശ്ചയിച്ചത്)*

**സമ്മാനം:** കണ്ടെത്തുന്ന നിധികൾ സ്വന്തമായി എടുക്കാം.

### തത്സമയ കാഴ്ച

പാലാ സെന്റ് തോമസ് കോളേജ് അങ്കണം. ഭാരത സഭയുടെ അഭിമാനമായ വിശുദ്ധാത്മാക്കളുടെ പാദമുദ്രകൾ പതിഞ്ഞ മണ്ണ് മറ്റൊരു ആത്മീയാഘോഷത്തിന് വേദിയാകുന്നു. ഒന്നരവർഷത്തെ കാത്തിരിപ്പിനു വിരാമമിട്ട് കളിക്കളത്തിൽ 4500 പേർ അണിനിരന്നു. കൈക്കുഞ്ഞു മുതൽ ദമ്പതികൾ വരെ. ഒപ്പം വൈദികരും, സമർപ്പിതരും. ഇവരെ ആറ് വിഭാഗങ്ങളാക്കി തിരിച്ചു അങ്കം തട്ടേൽ കേറി. നിയമങ്ങളുടെ ഭാരമില്ലാത്തതുകൊണ്ടുതന്നെ നിധി കണ്ടെത്താൻ ഒത്തുകൂടിയവർ ആവേശത്തിലായിരുന്നു. നിമിഷങ്ങൾക്കൊടുവിൽ മത്സരത്തിന്റെ ചൂടല്ല, മറിച്ച് സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും പ്രാർത്ഥനയുടെയും സൗരഭ്യം കളിക്കളത്തെ ചൈതന്യവത്താക്കി മാറ്റി.

ദൈവസ്നേഹത്തിന്റെ അഗ്നിയിൽ പരിശുദ്ധാത്മാവിന്റെ പ്രചോദനം അനുസരിച്ചു വന്നവരെല്ലാം നിധി തേടി തുടങ്ങി. 6 വർഷത്തെ വലിയ ഇടവേള ബന്ധങ്ങളുടെ വേരിനെ ബലപ്പെടുത്തിയത് വന്നവർക്കെല്ലാം ബോധ്യമായി. കണ്ടുമുട്ടിയവരെല്ലാം പ്രാർഥനയുടെ കരുത്തും മനസ്സിന്റെ ഐക്യവും പരസ്പരം പങ്കുവച്ചു. ഇളം തലമുറയ്ക്ക് ഇത് ആദ്യകാഴ്ചയായിരുന്നു. ന്യൂജനറേഷൻ കുട്ടികൾക്ക് മുതിർന്നവരുടെ സ്നേഹത്തിന്റെ ചൂട് കൂടെനിന്നറിയാൻ കഴിഞ്ഞു. പഴയത്, പുതിയത് വേർതിരിവില്ലാതെ എല്ലാവരും പരസ്പരം ഇടപഴകി. മുതിർന്നവരുടെ ആദ്യ ദൈവാനുഭവം ചോദിച്ചറിയുന്നതിന് കൗതുകം പൂണ്ട കുറെയധികം യൂത്തിനെയും കൗമാരക്കാരെയും അവിടെ കാണാമായിരുന്നു. തുടക്കം മുതൽ ചേർന്നുനിന്നവർ വർഷങ്ങൾക്കപ്പുറം പറഞ്ഞതും ഓർത്തെടുത്തതും വീഞ്ഞിന്റെ വീര്യവും രുചിയുമുള്ള പഴങ്കഥകളാണ്. സീനിയേഴ്സ് എല്ലാവരും തങ്ങളുടെ അന്നത്തെ തീക്ഷ്ണതയെ ഇനിയും ഊതിക്കത്തിക്കാനുള്ള ഊർജം നിറച്ചാണ് മടങ്ങിയത്.



സീറോ മലങ്കര മേജർ ആർച്ച് ബിഷപ്പ് കർദിനാൾ ക്ലീമിസ് കാതോലിക്ക ബാവാ കേരള കോൺഫറൻസിനു തിരിതെളിച്ചു. "സഭയുടെ പ്രഥമ പരമാധികാരിയും ഈശോയുടെ അപ്പസ്തോലനുമായ വിശുദ്ധ പത്രോസിനെപ്പോലെ യുവജനങ്ങൾ ക്രിസ്തുവിനെ പ്രഘോഷിക്കട്ടെ. മാറ്റത്തിന്റെ താക്കോൽ നിങ്ങളുടെ കൈയിലാണ്. നല്ല നാളേയ്ക്കുള്ള ധീരമായ ചുവടുകൾ വയ്ക്കുവാൻ യുവജനങ്ങളേ നിങ്ങൾക്ക് കഴിയണം"– കർദിനാളിന്റെ വാക്കുകൾ ആവേശവും ആഹ്വാനവുമായിരുന്നു.

സീറോ മലബാർ സഭാധ്യക്ഷൻ കർദിനാൾ മാർ ജോർജ് ആലഞ്ചേരി രണ്ടാം ദിനത്തിൽ കോൺഫറൻസിനെ അഭിസംബോധന ചെയ്തു: "കേരളസഭ ഈ ആത്മീയ കൂട്ടായ്മയെ ഓർത്തു സന്തോഷിക്കുന്നു. കാലഘട്ടത്തിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞു ധീരതയോടെ, വിശുദ്ധർ തങ്ങൾക്ക് ലഭിച്ച വിളിയോട് പ്രത്യുത്തരിച്ചതുപോലെ നിർഭയം സാക്ഷ്യം നല്കാൻ ഓരോ ജീസസ് യൂത്തിനും കഴിയട്ടെ. മറ്റുള്ളവർക്കു മുന്നിൽ ഉത്തമ ക്രിസ്തു ശിഷ്യനായി നിങ്ങൾ മാതൃക കാണിക്കണം." കേരളസഭയുടെ കരുതലും വാത്സല്യത്തോടെയുള്ള നിർദേശവും അവിടെ കൂടിയിരുന്ന മുഴുവൻ ആളുകൾക്കും പിതാവിന്റെ വാക്കുകളിൽ നിന്നും അനുഭവിക്കാൻ കഴിഞ്ഞു. കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ മാർ. റാഫേൽ തട്ടിൽ പങ്കുവച്ചതത്രയും നാളിതുവരെ മുന്നേറ്റത്തിനു ചെയ്യാൻ കഴിഞ്ഞ നന്മകളെക്കുറിച്ചായിരുന്നു. ആത്മാവിൽ ആനന്ദിക്കുന്ന സമൂഹത്തെക്കുറിച്ചുള്ള നിറമുള്ള ചിത്രങ്ങൾ പിതാവിന്റെ വാക്കുകളിൽ കേൾക്കാൻ കഴിഞ്ഞു.

കിഡ്സ്, പ്രീ–ടീൻസ്, യൂത്ത്, ഫാമിലി, വൈദികർ, സമർപ്പിതർ ഇങ്ങനെ ആറ് വിഭാഗങ്ങളുണ്ടായിരുന്നു. ഉച്ചവരെയുള്ള പ്രത്യേക സെഷനുകൾക്കൊടുവിൽ മുഴുവനാളുകളും പൊതുവേദിയിൽ ഒത്തുചേരുന്നതായിരുന്നു പ്രോഗ്രാമിന്റെ രീതി. കേരളാ ജീസസ് യൂത്തിനെ സംബന്ധിക്കുന്ന ചർച്ചകളും ആരാധനയും ഒക്കെ ഈ സമയത്ത് നടന്നു.

നിത്യാരാധന ചാപ്പലിൽ നിന്നുമുയർന്ന പ്രാർഥനകൾ എല്ലാ ക്രമീകരണങ്ങൾക്കും ജീവശ്വാസമായി. കലാസൃഷ്ടികൾ കാഴ്ചയ്ക്കപ്പുറം ഉൾക്കാഴ്ച നിറച്ചു. അടുക്കളയിൽ അധ്വാനിച്ചവരാരും പൊതുവെളിച്ചത്തിലെ പ്രഭ കണ്ടില്ല. അവരുടെ ത്യാഗത്തിന്റെ വില ആഹാരത്തിന്റെ സ്വാദു കൂട്ടി. ഏറ്റവും ഒടുവിൽ അതുവരെ മ്യൂസിക് ടീമിൽ പാടിയും ഡാൻസ് ചെയ്തും വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്തിരുന്നവരെയും റെക്സ് ബാൻഡ് ടീം അവരുടെ കൂടെ വേദിയിൽ വിളിച്ചുനിറുത്തി പാട്ടുപാടിയത് ആ കലാകാരന്മാർക്ക് കിട്ടിയ ഏറ്റവും വലിയ സമ്മാനമായിരുന്നു. ചേർത്തുനിറുത്തി കരുതുന്ന, വളർത്തുന്ന മുന്നേറ്റത്തിന്റെ അടിസ്ഥാന സ്വഭാവത്തിന്റെ ഏറ്റവും വർണമുള്ള ഫ്രെയിമായി ആ കാഴ്ച.

തുടക്കം മുതൽ അവസാനം വരെയും ഒരേ പോലെ നിറഞ്ഞ ആവേശം. കോൺഫറൻസിന്റെ ഓരോ കോർണറും നിധി മറഞ്ഞിരിക്കുന്ന സങ്കേതങ്ങളായിരുന്നു. ആറ് സ്തൂപങ്ങളിൽ അധിഷ്ഠിതമായ ജീവിത ശൈലിയിൽ ഈ നിധികളത്രയും ഇനിയും തിളക്കമുള്ളതായി തീരും എന്നതിൽ തർക്കമില്ല. എന്റെ ശബ്ദം ഈശോ ആദ്യം കേൾക്കണം എന്ന നിഷ്കളങ്കതയോടെ പ്രാർഥിക്കുന്ന പ്രീ–ടീൻസും സ്വർഗത്തിലെ വലിയ അപ്പനോടൊപ്പം സ്വപ്നം കാണാൻ തുടങ്ങിയ കൗമാരക്കാരും സുവിശേഷം പങ്കുവയ്ക്കാനുള്ള ചോരത്തിളപ്പോടെ കളംവിട്ട യുവജനങ്ങളും വിശുദ്ധ ഭവനത്തെ കെട്ടിപ്പടുക്കുവാൻ, അതിനൊരു കൈത്താങ്ങ് മറ്റുള്ളവർക്കും നൽകാൻ തീരുമാനമെടുത്ത കുടുംബങ്ങളും അല്മായരുടെ ചുവടുകൾക്ക് അവരോടൊപ്പം ചേർന്ന് സഹകാരിയാകുവാനുള്ള തീരുമാനമെടുത്ത സന്യസ്തരും നിധിവേട്ടയിലെ വിജയികളായി. നിധി കിട്ടാത്തവരായി ആരുമുണ്ടായില്ല. സ്വർണം ഏതു രൂപത്തിലും വലുപ്പത്തിലും മൂല്യമുള്ളതുപോലെ 4500 പേരും കണ്ടെത്തിയ നിധികളുടെ മൂല്യം കണക്കാക്കുക പ്രയാസമാണ്. വരും നാളുകളിൽ ആഗോള സഭയ്ക്ക് കേരളത്തിലെ ജീസസ് യൂത്ത് നല്കാനിരിക്കുന്ന വിലയേറിയ സമ്മാനത്തിന്റെ ആ ചെപ്പ് സ്വർഗത്തിന്റെ കൈയൊപ്പോടെ വിശുദ്ധമായി ഭവിക്കട്ടെ.

"ഒത്തിരി പ്രാർഥിച്ചും ത്യാഗമെടുത്തും മറ്റുള്ളരിലേക്ക് ഇറങ്ങിച്ചെല്ലുവാൻ നമ്മൾ എടുത്തിരുന്ന ഔട്ട് റീച്ച്, പ്രോലൈഫ് തുടങ്ങിയ കാര്യങ്ങൾ നമുക്കും മറ്റുള്ളവർക്കും ഒരുപോലെ ദൈവാനുഭവം നൽകുന്നതായിരുന്നു. ഞാൻ ജോലി ചെയ്യുന്ന എഞ്ചിനിയറിംഗ് കോളേജിലെ കുട്ടികളെയുംകൂട്ടി ഇത്തരം കാര്യങ്ങൾക്ക് ഇനി ഒരു തുടക്കം കുറിക്കുവാൻ എനിക്കൊരു പ്രചോദനം ലഭിച്ചു. മറ്റുള്ളവരുടെ നിയോഗങ്ങൾക്കുവേണ്ടി പ്രാർഥിക്കുക, കുട്ടികളെ അവരോട് ചേർന്നുനിന്ന് കേൾക്കുക ഇതൊക്കെയാണ് എന്നിലെ നിധികളായി ഞാൻ തിരിച്ചറിഞ്ഞത്"

**സി. എമ്മ മേരി കൊല്ലം**
*(സോണൽ ആനിമേറ്റർ)*











"ഈശോയോടൊപ്പമുള്ള യാത്രയ്ക്ക് വഴി വിളക്കാകുന്ന സെൽ ഗ്രൂപ്പുകളും എൽഡറിങ്ങും പാസ്റ്ററിങ്ങും ഇനി മുടങ്ങാതിരിക്കട്ടെ. ഈശോയെ പിന്തുടരുന്ന ആളുകളുമായുള്ള സൗഹൃദം എന്നും കാത്തുസൂക്ഷിക്കണം. എന്റെ ജീവിതത്തിന്റെ നെടും തൂണായി ജീസസ് യൂത്ത് അടിസ്ഥാന ജീവിതശൈലി എന്നും ഉണ്ടാകും."

**മെർലിറ്റ് തോമസ് തൃശൂർ**
*(നോർത്ത് സെന്റൽ സബ് റീജിയൻ ടാക്സ് കോ-ഓർഡിനേറ്റർ)*

"കൂട്ടായ്മയുടെ ഊഷ്മളത വീണ്ടും അനുഭവിച്ചു. കാലം മാറുമ്പോഴും സാഹചര്യങ്ങൾ വ്യത്യാസപ്പെടുമ്പോഴും ഈശോയ്ക്കു വേണ്ടി വേല ചെയ്യുവാനുള്ള ആളുകളുടെ തീക്ഷ്ണത എന്നെ അത്ഭുതപ്പെടുത്തുന്നു. സ്നേഹത്തിന്റെ കൂട്ടായ്മയോടെ കൂടുതൽ ചേർന്നുനിൽക്കുവാൻ പ്രാർഥിക്കുന്നു"

**ബിജോ ജോയ് കാസർഗോഡ്**
*(മുൻ കെവൈസിടി കോ-ഓർഡിനേറ്റർ)*

"പ്രാർഥന കൂട്ടായ്മകളും ഗ്രൂപ്പകളും ദൈവവുമായുള്ള വ്യക്തി ബന്ധത്തിന് നിർണായക പങ്ക് നൽകുന്നുണ്ട്. കൂടുതൽ പ്രാർഥനാ കൂട്ടായ്മകൾ രൂപപ്പെടണം. അതിൽ ഞാനൊരു സജീവപങ്കാളിയാകണം. എന്റെ ഉള്ളിൽ തെളിഞ്ഞ ഈ ആഗ്രഹത്തെ വലിയ നിധിയായി തിരിച്ചറിഞ്ഞു പ്രാർഥിക്കുന്നു"

**ഫാ. ഡിറ്റോ ദേവസ്സി**

"കോഴിക്കോട് സോണിന്റെ മിഷൻ പ്രദേശമായ ഉത്തർപ്രദേശിലേക്കൊരു മിഷൻ യാത്ര പോകണം. വേദന അനുഭവിക്കുന്നവർക്കൊരു നല്ല അയൽക്കാരിയാകുവാൻ എനിക്കുള്ള വിളി ഞാൻ തിരിച്ചറിഞ്ഞു. എന്നിലെ മിഷണറി മറ്റുള്ളവർക്ക് ഈശോയെ കൊടുക്കുന്ന ചൂണ്ടു പലകയായി തീരുന്നതിനായി പ്രാർഥിക്കുന്നു"

**എബിന ഫിലിപ്പ് കോഴിക്കോട്**
*(സോണൽ കൗൺസിൽ മെമ്പർ)*

"നീണ്ട യാത്രക്കിടയിൽ വഴിയിൽ എവിടെയൊക്കെയോ വച്ചു മറന്നുപോയ പല കാരിസങ്ങളും എനിക്ക് തിരിച്ചുകിട്ടി. മിഷൻ ഒന്നുകൂടി മൂർച്ചകൂട്ടുവാൻ ആരാധന സഹായിച്ചു. എന്റെയുള്ളിൽ ഒരു തീ ആളിക്കത്തുന്നുണ്ട്. ഈശോയുടെ ഉത്തമ മിഷണറിയായി വളരുവാൻ പ്രാർഥിക്കുന്നു."

**മഞ്ചു സാബി, തലശ്ശേരി**
*(മുൻ കെ.വൈ.സി.ടി മെമ്പർ)*

ആക്ഷൻ സോങും ഗ്രൂപ്പ് ആക്ടിവിറ്റികളുമായി JYKC ഒത്തിരി ഇഷ്ടമായി. വിശുദ്ധരുടെ ഇതുവരെയും കേൾക്കാത്ത കഥകൾ കേട്ടു. ഏതു കാര്യം ചെയ്യുമ്പോഴും പരിശുദ്ധാത്മാവിനോട് ചേർന്ന് ചെയ്യുവാനുള്ള തീരുമാനമെടുത്തു.

**എഡ്ന മരിയ പ്രസാദ് പുനലൂർ**

"കോൺഫറൻസ് ഗ്രൗണ്ടിൽ എഴുതിവച്ചിരുന്ന വാക്യം എന്നെ വല്ലാതെ ആകർഷിച്ചു. Dreaming with Dad- അപ്പനോട് ചേർന്ന് കിനാവ് കാണുക!! ഭാവിയെക്കുറിച്ചു കാണുന്ന സ്വപ്നങ്ങളെല്ലാം പിതാവായ ദൈവത്തിന്റെ സ്വപ്നങ്ങളോട് ചേർന്നുകാണുവാൻ ആഗ്രഹിക്കുന്നു; പ്രാർഥിക്കുന്നു. ഈ ബോധ്യം തന്നെയാണ് എനിക്ക് കിട്ടിയ നിധിയും. ഓരോ വ്യക്തിക്കും അതിനു കഴിയട്ടെയെന്ന് ആശംസിക്കുന്നു"

**ഫാ. മാത്യു മുക്കൽ കോതമംഗലം**

**നന്ദിയോടെ** – 2017 ഒക്ടോബർ മാസത്തിൽ കോൺഫറൻസ് നടക്കുവാനുള്ള തീരുമാനം വരുകയും അതിന്റെ ജനറൽ കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കുകയും ചെയ്തതു മുതൽ ഒന്നേകാൽ വർഷത്തെ പരിശ്രമങ്ങൾക്കും പ്രാർഥനകൾക്കും ഒടുവിലാണ് കോൺഫറൻസ് നടന്നത്. പ്രതിബന്ധങ്ങളും പ്രശ്നങ്ങളും (പ്രകൃതി ക്ഷോഭം, ആളുകളുടെ അസൗകര്യം, വേദി മാറ്റം) കൃപയുടെ നീർച്ചാലായി പരിണമിച്ചു. ജീസസ് യൂത്ത് മുന്നേറ്റം ഒരു വലിയ കുടുംബമാണെന്നും കെട്ടുറപ്പുള്ള ഒറ്റ തറവാടാണെന്നും അനുഭവിച്ചറിയുന്നതിലെ സന്തോഷം ഈ കൂടിച്ചേരലിൽ നിറഞ്ഞ മനസ്സോടെ ആസ്വദിച്ചു. ഇത്രയും നീണ്ട കാത്തിരിപ്പും പ്രതിസന്ധികളും വന്നപ്പോൾ പതറാതെ മുന്നേറുവാൻ പിന്തുണച്ച് കൂടെനിന്നവർ നിരവധിയാണ്. അവരിൽ എല്ലാ തലത്തിലുമുള്ളവരുണ്ട്. സഭാനേതൃത്വം, വൈദികർ, ആനിമേറ്റേഴ്സ്, സമർപ്പിതർ, ടീനേജ് മുതൽ ഫാമിലി സ്ട്രീമിൽ ഉള്ളവർ വരെ. കേരളത്തിലെ ഈ കൂട്ടായ്മയുടെ ഒരുമയോടെയുള്ള അധ്വാനത്തെ അന്തർദേശീയ നേതൃത്വത്തിലുള്ളവർ വരെ അഭിനന്ദിക്കാനിടയായത് ഈ പിന്തുണയുടെ ഫലമാണ്. വിതച്ചതും കൊയ്തതും നമ്മൾ തന്നെയാണ്. വിളയുടെ സമ്പന്നത ദൈവത്തിന്റെ അനുഗ്രഹമാണെന്ന് ഓർക്കുന്നു. ജീസസ് യൂത്ത് മുന്നേറ്റം ആത്മനവീകരണത്തിന്റെയും ചൈതന്യവത്തായ പുതുതുടക്കങ്ങളുടെയും പാതയിലേക്ക് കടക്കുന്നതിന്റെ ശുഭസൂചനയോടെയാണ് കോൺഫറൻസ് കൊടിയിറങ്ങിയത്. മാറ്റത്തിന്റെ അലയൊലികൾ അങ്ങിങ്ങുനിന്നു കേൾക്കുന്നുണ്ട്. കൂടുതൽ നല്ല വാർത്തകൾക്കായി കാത്തിരിക്കുന്നു.

**അലെന്റ് സി മാനുവൽ** *(ജനറൽ കോ-ഓർഡിനേറ്റർ)*












അഡ്വ. റൈജു വർഗ്ഗീസ്



*ജീസസ് യൂത്ത് മുൻ ദേശീയ, അന്തർദേശീയ സമിതികളുടെ കോ-ഓർഡിനേറ്റർ ആയിരുന്നു. കോതമംഗലം രൂപതാ പി.ആർ.ഒ-യും, ജീസസ് യൂത്ത് അന്തർദേശീയ മിഷൻ ഡയറക്ടറുമാണ്.*
*raijuindia@gmail.com*

# “ജീസസ് യൂത്ത്– നിങ്ങൾ ലോകത്ത് വലിയ ചലനം സൃഷ്ടിച്ചു”

**യുവജനങ്ങളെക്കുറിച്ചും ജീസസ് യൂത്ത് മുന്നേറ്റത്തെക്കുറിച്ചുമുള്ള സ്വപ്നങ്ങളും കരുതലും പങ്കുവച്ച് മലങ്കര സഭയുടെ അധ്യക്ഷൻ കർദിനാൾ ക്ലീമിസ്ബാവ കെയ്റോസിനോടൊപ്പം**

**സഭാംഗങ്ങളിൽ ബഹുഭൂരിപക്ഷവും യുവജനങ്ങളാണ്. പിതാവിന്റെ കാഴ്ചപ്പാടിൽ അവർക്ക് സഭയിൽ എത്രത്തോളം പ്രാധാന്യമുണ്ട്?**


മനുഷ്യ ജീവിതത്തിന്റെ ഏറ്റവും ഊർജസ്വലമായ ഭാഗമാണ് യുവത്വം. എല്ലാ തലത്തിലും ജീവിതത്തിന്റെ ഇഷ്ടങ്ങളും നിയോഗങ്ങളും കൂടാതെ അടിസ്ഥാന ജീവിത വിശ്വാസങ്ങളും ആർജിക്കുന്നതിനും ഊട്ടി ഉറപ്പിക്കുന്നതിനും ഏറ്റം അനുയോജ്യമായ സമയവും ഇതാണ്. സഭയെ സംബന്ധിച്ച് ഊർജസ്വലരായ ആത്മാക്കളാണ് സഭയുടെ ബലം, അത് യുവജനത്തിലാണ് കാണാൻ കഴിയുക. സഭയെ സംബന്ധിച്ച് യുവജനങ്ങൾ അതുല്യമായ സമ്പത്താണ്.

**സഭയുടെ കരുത്ത് യുവജനങ്ങളാണെന്ന് പറയുമ്പോൾ സഭ അവർക്ക് ചെയ്യേണ്ട ശുശ്രൂഷയെന്താണ്? യുവജനങ്ങൾ വ്യാപരിക്കുന്ന അനേകം മേഖലകളുണ്ട് അവർ അധ്യയനം ചെയ്യുന്ന ഇടങ്ങൾ, കുടുംബം, നാട്, രാഷ്ട്രം, സുഹൃത്ത് ബന്ധങ്ങൾ അങ്ങനെ... ഇതിനിടയിൽ സഭയെങ്ങനെ അവർക്ക് പ്രധാനപ്പെട്ടതാകുന്നു?**

സഭയിലെ എല്ലാ വിഭാഗം ജനങ്ങളെയും ശ്രദ്ധിക്കേണ്ടത് സഭയുടെ ചുമതലയാണ്. എന്നാൽ, യുവത്വമെന്നുള്ളത് പ്രത്യേക ശ്രദ്ധ അർഹിക്കുന്ന ഒരു കാലഘട്ടം/വിഭാഗമെന്ന നിലയിൽ നാം യുവജനങ്ങളുടെ രൂപീകരണത്തിൽ കാര്യമായ ശ്രദ്ധവയ്ക്കുന്നു. ഇവിടെ യുവജനങ്ങൾക്ക് ആവശ്യമുള്ളത് എന്താണ് എന്നുള്ളതല്ല, മറിച്ച് ദൈവം യുവജനങ്ങൾക്ക് എന്ത് ലഭിക്കണമെന്ന് ആഗ്രഹിക്കുന്നുവോ അത് സഭ അവരുടെ കൂടെനിന്ന് അവർക്ക് നൽകണം. അവരുടെ അഭിരുചികളും ഇഷ്ടങ്ങളും മനസ്സിലാക്കുമ്പോൾ അവയിൽ നല്ലതിലേക്ക് എത്തിച്ചേരാൻ യുവജനങ്ങൾക്കൊപ്പം നിന്ന് അവരെ ശക്തിപ്പെടുത്തണം.

**ഈ കാലഘട്ടത്തിൽ യുജനങ്ങളുടെ ദിശയെ സ്വാധീനിക്കുന്നതിൽ നിർണായകമായേക്കാവുന്ന പല തലത്തിലുള്ള അനേകം പുതിയ സ്വാധീനങ്ങൾ ഉയർന്നു വരുന്നുണ്ട്. ഇവിടെ രൂപീകരണത്തിന്റെ കാതൽ എന്തായിരിക്കണം?**

യേശുവിനെ രക്ഷകനും നാഥനുമായി മനസ്സുകൊണ്ട് അംഗീകരിച്ച് അധരം കൊണ്ടേറ്റുപറഞ്ഞ് ക്രിസ്തു കേന്ദ്രീകൃതമായ ഒരു ജീവിതം നയിക്കാനാവശ്യമായ മാനസിക പക്വതയിലേക്ക് എത്താനുള്ള സഹായമാണ് സഭ നൽകേണ്ടുന്ന രൂപീകരണത്തിന്റെ കാതൽ. ഇത് ദേവലായത്തിന്റെ നാല് ചുവരുകൾക്കുള്ളിൽ മാത്രം നടക്കുന്ന ഒരു കാര്യമായി കാണരുത്. കാലഘട്ടം ആവശ്യപ്പെടുന്ന തലത്തിലുള്ള തീക്ഷ്ണതയും സമർപ്പണബുദ്ധിയും സഭ ഈ കാര്യത്തിൽ കാണിക്കേണ്ടതുണ്ട്.



**ഇത്രയും നാളത്തെ പിതാവിന്റെ കാഴ്ചപ്പാടിൽ നിന്നും ജീസസ് യൂത്തിനെക്കുറിച്ചുള്ള സഭയുടെ പ്രതീക്ഷ എന്താണ്?**

ക്രിസ്തുവിലേക്ക് എല്ലാ അർഥത്തിലും വളരുന്ന ഒരു യുവത്വം, അതാണ് ജീസസ് യൂത്ത്. പാപമൊഴികെ എല്ലാത്തിലും മനുഷ്യനെപ്പോലെയായ ക്രിസ്തുവിലേക്ക് വളരുന്ന തിരുസഭയുടെ വിശ്വാസ, പൈതൃക പാരമ്പര്യങ്ങളോട് ചേർന്ന് നിലനിൽക്കുന്ന സമഗ്രമായ ആത്മീയ രീതി മുന്നേറ്റത്തിനുണ്ട്. ഏത് സ്ഥലത്തും എന്ത് സാഹചര്യത്തിലും വളരെ ഫലപ്രദമായ വിധത്തിൽ യുവതീയുവാക്കൾ ഒരുമിച്ച് പ്രേഷിത ശുശ്രൂഷ ചെയ്യാൻ കഴിയുന്ന സിദ്ധി ജീസസ് യൂത്ത് മുന്നേറ്റത്തിനുണ്ടെന്ന് എനിക്ക് അനുഭവത്തിൽ നിന്ന് ബോധ്യമായി.

**വൈദികർക്കും സന്യസ്തർക്കും സഭാ ശുശ്രൂഷയുമായി കടന്നു ചെല്ലാൻ സാധ്യതയില്ലാത്ത ഇടങ്ങളിലേക്കും സാഹചര്യങ്ങളിലേക്കും (ഉദാ. അകത്തോലിക്കാ, അക്രൈസ്തവ സ്ഥാപനങ്ങളിലെ മുന്നേറ്റത്തിന്റെ സാന്നിധ്യം) സഭയുടെ ഒരു എക്സ്റ്റൻഷനായി കടന്നു ചെല്ലാൻ മുന്നേറ്റത്തിന് സാധിക്കുന്നുവെന്ന് പറയാമോ?**

സുവിശേഷവത്ക്കരണവും പുനർസുവിശേഷവത്ക്കരണവുമടങ്ങുന്ന വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ തുടങ്ങിവച്ച നവസുവിശേഷവത്കരണത്തിന്റെ ലക്ഷ്യങ്ങൾ നേടാൻ സഭാതനയർക്കിടയിലും പുറത്തുമുള്ള പ്രവർത്തനം വഴി മുന്നേറ്റത്തിന് സാധിക്കുന്നു എന്നത് ആനന്ദകരമാണ്. പരമ്പരാഗത സുവിശേഷവത്ക്കരണ മാർഗങ്ങൾക്കപ്പുറത്ത് യുവജനങ്ങൾ യേശുവിനെ പുതിയ തലത്തിലേക്ക് അവതരിപ്പിക്കുന്നു. ഔദ്യോഗികമായി സഭയ്ക്കു കടന്നുചെല്ലാൻ കഴിയാത്ത സാഹചര്യങ്ങളിൽ ആവേശമായി സാഹസികമായി സുവിശേഷവത്ക്കരണം

നടത്താൻ സഭയിലെ ഊർജസ്വലമായ ഒരു വിഭാഗത്തിന് ദൈവകൃപയാൽ സാധിക്കുന്നു.

**യുവജന സിനഡുമായി അങ്ങ് നിരന്തരം ബന്ധപ്പെടുന്നു, സിനഡിൽ പ്രധാനമായും രണ്ട് കാര്യങ്ങൾ ഉണ്ട്. ഡിസേൺമെന്റും (Discernment) അക്കംപനിമെന്റും (Accompaniment). അതിനെക്കുറിച്ച് ഒന്നു പറയാമോ?**

സിനഡിനു മുമ്പേ അക്കംപനിമെന്റ് (അനുധാവനം) എന്നതിനെക്കുറിച്ച് ചർച്ച ചെയ്യപ്പെട്ടിരുന്നു. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരെ ക്രിസ്തു അനുധാവനം ചെയ്തതുപോലെ യുവത്വത്തെ സഭ അനുധാവനം ചെയ്യുന്ന മനോഹരമായ ഒരു അനുഭവമായിരിക്കും അത്. ജീവിതത്തിന്റെ സമ്മർദ ഘട്ടങ്ങളിൽ യുവാക്കൾക്കും അതേപോലെ സഭ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അക്കംപനിമെന്റ് സഹായകമാണ്. പുറമേ നിന്നുള്ള ശകാരത്തെക്കാൾ കൂടെനിന്നുള്ള ഒരു തലോടൽ ഏറെ ക്രിസ്തീയമാണ്.

**ജീസസ് യൂത്ത് ഇന്ന് 35–ൽ അധികം രാജ്യങ്ങളിൽ വ്യാപകമായത് അതിന്റെ മിഷണറി സ്പിരിറ്റുകൊണ്ടാണ്. യുവജനങ്ങൾ മിഷണറികളാകുന്നതിനെക്കുറിച്ച് പിതാവിന്റെ വാക്കുകൾ?**

ഓരോ ക്രൈസ്തവ വിശ്വാസിയും സ്വഭാവത്താൽ പ്രേഷിതനും പ്രേഷിതയുമാണ്. എന്നാൽ പ്രേഷിതരാവാൻ ഏറ്റവും ശേഷിയുള്ളത് ആർക്കാണ്? അത് നല്ല ആരോഗ്യമുള്ളവർക്കാണ്. അതായത് യുവതീയുവാക്കൾ. 35 രാജ്യങ്ങളിലേക്ക് യുവാക്കൾ യേശുക്രിസ്തുവിനെയാണ് കൊണ്ടുപോയത്, യേശുക്രിസ്തുവിനെയാണ് കൈമാറിയത്. യുവാക്കൾ സഞ്ചരിച്ചപ്പോഴും ഒരുമിച്ച് വസിച്ചപ്പോഴും ക്രിസ്തുവായിരുന്നു അവിടെ സന്നിഹിതനായിരുന്നത്. അത് ലോകത്ത് വലിയ ചലനം സൃഷ്ടിച്ചു. പഠന/ജോലി മേഖലകളിൽ അനൗപചാരികമായി നടത്തുന്ന ഇടപെടലുകളോ ഇടവേളകളിലെ ഒത്തുചേരലുകളോ എന്തുമാകട്ടെ, സഭയ്ക്ക് കടന്നുചെല്ലാൻ കഴിയുമോ എന്ന് ആലോചിച്ച് നിൽക്കുമ്പോൾ ജീസസ് യൂത്ത് മിഷണറികൾ അവിടെ പ്രവർത്തിച്ച് തുടങ്ങിയിരിക്കും.

**ജീസസ് യൂത്തിന്റെ മറ്റൊരു പ്രധാന മേഖല പ്രോലൈഫ് മിനിസ്ട്രിയാണ്. കെ.സി.ബി.സി ഈ മേഖലയിൽ ചിന്തിച്ച് തുടങ്ങിയ കാലത്ത് ജീസസ് യൂത്ത് പ്രോലൈഫ് രംഗത്ത് പ്രവർത്തനനിരതമാണ്. ഫാമിലി അപ്പസ്തോലേറ്റുമായി സഹകരിച്ച് ജീസസ് യൂത്ത് ജീവോത്സവം എന്ന പരിപാടി സംഘടിപ്പിച്ചിട്ടുമുണ്ട്. മിനിസ്ട്രിയുടെ പ്രവർത്തനങ്ങളെ എങ്ങനെ കാണുന്നു?**

മരണസംസ്കാരം ഇന്ന് മുമ്പുള്ളതിനേക്കാൾ വേഗത്തിലും ആഴത്തിലും യുവതലമുറയെ സമ്മർദത്തിലാക്കിക്കളഞ്ഞിട്ടുണ്ട്. യേശുക്രിസ്തുവിലേക്ക് വളരുന്ന ആളുകൾ ഇതിന് പരിഹാരമായി എന്ത് ചെയ്യണം? അവർ ജീവന്റെ സംസ്കാരത്തെ പരിപോഷിപ്പിക്കണം. മനുഷ്യരെല്ലാം ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണെന്നുള്ള യാഥാർഥ്യം അംഗീകരിക്കണം. ജീസസ് യൂത്ത് ഇത്തരമൊരു കാഴ്ചപ്പാടിൽ ജീവന്റെ സംസ്കാരം വളർത്തുന്ന സർവക്രമീകരണങ്ങളിലും ഉത്സാഹത്തോടെ മുൻകൈ എടുത്ത് പ്രവർത്തിക്കുന്നത് കാണുന്നുണ്ട്. മാതൃകാപരമായ പ്രവർത്തനമാണ് മുന്നേറ്റത്തിന്റെ ഭാഗത്ത് നിന്നുള്ളത്.

**വൈദിക–സന്യാസ ജീവിതത്തിലേക്കുള്ള യുവജനത്തിന്റെ കടന്നുവരവ് ഇന്ന് വെല്ലുവിളി നേരിടുന്നതറിയാമല്ലോ. ബോധ്യങ്ങളിലുറച്ച ദൈവവിളികൾ കൂടുതലായി ഉണ്ടാകേണ്ടതിനെ പിതാവ് എങ്ങനെ കാണുന്നു?**

അടിസ്ഥാന ക്രൈസ്തവ വിശ്വാസത്തിൽ ആഴമേറിയ ബോധ്യമുള്ളവർ പ്രവേശിക്കേണ്ട മേഖലയാണ് സമർപ്പണ മേഖല. ആളുകളുടെ എണ്ണത്തിലെ അപര്യാപ്തതയെക്കാൾ നമ്മെ ബുദ്ധിമുട്ടിലാക്കുന്നത് ആളുകളുടെ ബോധ്യത്തിന്റെ കുറവായിരിക്കാം. വൈദികജീവിതംപോലെ അല്ലെങ്കിൽ സമർപ്പണ ജീവിതംപോലെ വെല്ലുവിളികൾ നിറഞ്ഞതാണ് കുടുംബജീവിതവും. വിളി ലഭിച്ചവരെ പരിപോഷിപ്പിച്ച് രൂപീകരണത്തിലൂടെ ഓരോന്നിലേക്കും കടത്തിവിടണം. എല്ലാ ദൈവവിളികളും അതിന്റേതായ വെല്ലുവിളികൾ നിറഞ്ഞതാണ്. ബോധ്യത്തിലാഴപ്പെട്ടു വേണം ഓരോന്നിലും പ്രവേശിക്കാൻ.

**സഭയിന്ന് കടന്നുപോകുന്ന പ്രതിസന്ധികൾ യുവജനങ്ങളെ വിശ്വാസപരമായ പ്രശ്നങ്ങളിൽ എത്തിച്ചിരിക്കുന്നു എന്നൊരു പരാതി പല കോണിൽനിന്നും കേൾക്കുന്നുണ്ട്.**

സഭയുടെ എല്ലാ കാലഘട്ടത്തിലും ഇത്തരം പ്രശ്നങ്ങൾ സഭ നേരിട്ടിട്ടുണ്ട്. വർത്തമാനകാല പ്രതിസന്ധികളെക്കുറിച്ച് മാത്രമല്ല ഞാനിത് പറയുന്നത്. വിശ്വാസ വിഷയങ്ങളിലെ പതർച്ചയ്ക്ക് കാരണം വിശ്വാസികൾ സഭയിൽനിന്ന് വീഴ്ചകൾ പ്രതീക്ഷിക്കുന്നില്ല എന്നതാണ്. അത് അതിൽതന്നെ നെഗറ്റീവല്ല. സഭയിൽ സംഭവിക്കുന്ന പ്രശ്നങ്ങളുടെ സത്യാവസ്ഥ അറിയാൻ സഭാമക്കൾ ശ്രമിക്കണം. കൂടുതൽ സുതാര്യമാകാൻ സഭയും ശ്രമിക്കണം.

**കർദിനാൾ, മലങ്കര സഭാതലവൻ, സി.ബി.സി.ഐ മുൻപ്രസിഡന്റ്, കെ.സി.ബി.സി–യിലെ ചുമതലകൾ.. സഭാ ശുശ്രൂഷയുമായി ബന്ധപ്പെട്ട് ഇത്രയധികം പ്രവർത്തനങ്ങൾ ചെയ്യാനുള്ള പ്രേരകശക്തിയും പ്രചോദനവുമെന്താണ്?**

എന്റെ ജീവിതത്തിൽ ഞാനെപ്പോഴും സഭയോട് ചേർന്നാണ് വളർന്നത്. പ്രത്യേകിച്ച് പഠനകാലത്തും സെമിനാരി കാലഘട്ടത്തിലും. സഭാസ്നേഹം പകർന്ന് തന്നത് ആരാണെന്ന് ചോദിച്ചാൽ വ്യക്തമായ ഉത്തരം മാതാപിതാക്കന്മാർ എന്നാണ്. ഞാൻ ജനിച്ച കുടുംബമാണ് എന്റെ ചെറിയ പള്ളി. പിന്നീട് അത് വളർന്ന് സഭയായി മാറി എന്നുള്ളത് എനിക്ക് വന്ന മാറ്റമാണ്. അത് ഞാൻ തിരിച്ചറിഞ്ഞ കാര്യമാണ്. ഗാർഹിക സഭയെന്ന് പിന്നീട് സെമിനാരിയിൽ പഠിച്ച കുടുംബത്തിൽ അപ്പനും അമ്മയും തന്ന സഭാബന്ധമാണ് അടിസ്ഥാനമായി നിൽക്കുന്നത്. ദൈവകൃപകൊണ്ട് ലഭിച്ച പിതാക്കന്മാർ, വൈദികർ, സെമിനാരിയിലെ ഗുരുക്കന്മാർ, സഹപാഠികൾ അങ്ങനെ ഞാനുമായി ബന്ധപ്പെട്ട തലങ്ങളിലെല്ലാം സഭയെ സ്നേഹിക്കാൻ പോസിറ്റീവ് എനർജി തന്നിട്ടുള്ളവരാണ് എന്റെ പ്രചോദനം. സഭാ ശുശ്രൂഷയുടെ ഏത് സമ്മർദത്തിലും ഘട്ടത്തിലും ആവശ്യമായതെല്ലാം ചെയ്യാൻ കഴിയുന്നത് പരി. മാതാവിന്റെ വലിയ സഹായത്താലാണ്, അതൊരു വലിയ പ്രേരക ശക്തിയാണ്.

**കേരള കത്തോലിക്കാ സഭ ഏറ്റവും കൂടുതൽ ശ്രദ്ധിക്കണം എന്ന് അല്ലെങ്കിൽ സഭയ്ക്ക് വളരെ ആവശ്യം ആണ് എന്ന് പിതാവിന് തോന്നുന്ന കാര്യംകൂടെ പറഞ്ഞ് നമുക്കവസാനിപ്പിക്കാം.**

വർത്തമാനകാലത്തെ പല അടയാളങ്ങളുടെയും അനുഭവങ്ങളുടെയും, ഇടപെടലുകളുടെയും മധ്യത്തിൽ നിൽക്കുമ്പോൾ എനിക്ക് തോന്നുന്ന മറുപടി യേശു ക്രിസ്തുവിനെ മുൻനിറുത്തി ഐക്യത്തോടെ സന്തോഷത്തോടെ ഒരുമിച്ച് തിരുസഭയായി ജീവിക്കണം എന്നതാണ്. ആരാധനയിലും ശുശ്രൂഷകളിലും വൈവിധ്യമുള്ളപ്പോൾ തന്നെ തിരുസഭയെ സ്നേഹത്തോടെ ഉൾക്കൊണ്ട് എല്ലാവരും ചേർന്നുനിന്ന് വളരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് എനിക്ക് ഓർമിപ്പിക്കുവാനുള്ളത്.



അപ്പസ്തോലൻമാർ കർത്താവിനോടു പറഞ്ഞു:

# ഞങ്ങളുടെ വിശ്വാസം വർധിപ്പിക്കണമേ!

ലൂക്കാ 17:5

നാമോരോരുത്തരും ദൈവത്തെ അറിയാനും സ്നേഹിക്കാനും ശുശ്രൂഷിക്കാനുമുള്ള യാത്രയിലാണ്. ഈ യാത്ര ദൈവകൃപയുടെയും നമ്മുടെ സഹകരണത്തിന്റെയും പങ്കാളിത്തമാണ്. എങ്കിലും നമ്മുടെ സഹകരണം അനുകൂലമായും അല്ലാതെയും മാറിമാറി വരുന്നതുമൂലം പങ്കാളിത്തത്തിന് ഏറ്റക്കുറച്ചിലുണ്ടാകുന്നു. ഈ അവസ്ഥയിൽ വരുംമാസങ്ങളിൽ നാം സുകൃതങ്ങളെക്കുറിച്ച് വിചിന്തനം ചെയ്യുന്നു. “നന്മ ചെയ്യുന്നത് ശീലമാക്കിയ സുസ്ഥിരമായ മനോഭാവമാണ് സുകൃതം ” (കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം – 1803) സുകൃതങ്ങളിലുള്ള വളർച്ച ദൈവവുമായുള്ള ബന്ധം ക്രമാനുഗതം ആഴപ്പെടുന്നതിനു സഹായകമാണ്. ആദ്യ മൂന്നു മാസങ്ങളിൽ നാം ദൈവിക സുകൃതങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ സവിശേഷ ശ്രദ്ധ ഊന്നും, തുടർന്ന് മൗലിക സുകൃതങ്ങളായ വിവേകം, നീതി, മനഃസ്ഥൈര്യം, സംയമനം എന്നിവയിലും. ദൈവിക സുകൃതങ്ങൾ നമ്മുടെ ആത്മാവിൽ ദൈവത്താൽ നിവേശിപ്പിക്കപ്പെടുന്നു; എങ്കിലും നാം പ്രാർഥിക്കുകയും അവയോടു സഹകരിക്കുകയും വേണം. എന്നാൽ മൗലിക സുകൃതങ്ങൾ നമ്മുടെ നിരന്തരമായ പരിശ്രമം കൊണ്ട് സമ്പാദിക്കാവുന്ന മാനുഷിക സുകൃതങ്ങളാണ്. ഈ മാനുഷിക സുകൃതങ്ങളുടെ സമ്പാദനത്തിൽ സ്ഥിരതയുണ്ടാകുന്നതിന് ദൈവകൃപയാൽ ശുദ്ധീകരിക്കപ്പെടുകയും ഉയർത്തപ്പെടുകയും വേണം. സുകൃതങ്ങളെക്കുറിച്ചുള്ള ഈ വിചിന്തനം തങ്ങളുടെ ആത്മീയ യാത്രയിൽ ഓരോ ജീസസ് യൂത്തും കൂടുതൽ സ്ഥിരതയുള്ളവരും ദൃഢചിത്തരുമാകാനും അവിടത്തേക്കു സദൃശരാകാനും സഹായകമാകുമെന്നു കരുതുന്നു.

ഫെബ്രുവരി 2019

*Prepared by*
*The Jesus Youth International Formation Team*
*Email: formation@jesusyouth.org*

## വിചിന്തനം

സഭാ പാരമ്പര്യത്തിൽ പ്രത്യാശ, സ്നേഹം എന്നീ സുകൃതങ്ങളോടൊപ്പം മറ്റൊരു ദൈവിക സുകൃതമായി വിശ്വാസം ഗണിക്കപ്പെടുന്നു. ക്രൈസ്തവരെന്ന നിലയിൽ നാം വിശ്വസിക്കുന്നതെന്തോ അതു സർവ പ്രധാനമാണ്. എല്ലാ ഞായറാഴ്ചകളിലും നാം പൊതുവായി

ഉയർത്തിപ്പിടിക്കുന്നതും നമ്മെ പരസ്പരം ഒന്നിച്ചു ചേർക്കുന്നതുമായ വിശ്വാസം – വിശ്വാസ പ്രമാണത്തിലൂടെ ഏറ്റുപറയുന്നു. അതേ സമയം തന്നെ നാം വിശ്വസിക്കുന്നതല്ല വിശ്വാസം. അത് ഹൃദയ സ്പന്ദനം പോലെ വ്യക്തിയുടെ അഗാധതയിലുള്ള ഒരു പ്രവൃത്തി കൂടിയാണ്. ഈ ആന്തരിക പ്രവൃത്തിയില്ലെങ്കിൽ ബൗദ്ധികമോ, ആദർശപരമോ, ഉപരിപ്ളവമോ, വികാരപരമോ ആയ ചില കാര്യങ്ങളിൽ നാം കടിച്ചുതൂങ്ങുക മാത്രമാവും ചെയ്യുക.

എന്നെ മുഴുവനായും ഉൾച്ചേർക്കുന്ന വ്യക്തിപരമായ ഒരു പ്രവൃത്തിയാണ് വിശ്വാസം. 'ഞാൻ വിശ്വസിക്കുന്നു' എന്ന് ഏറ്റുചൊല്ലുന്നതിലൂടെ അചഞ്ചലമായ ആശ്രയത്വത്തിൽ എന്നെത്തന്നെ നിരുപാധികം പരിത്യജിക്കുന്നു. 'നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ' (ലൂക്കാ 1: 38) എന്നു മൊഴിഞ്ഞ മറിയത്തെപ്പോലെ ഞാനും സർവാത്മനാ അത് ആഗ്രഹിക്കുന്നു. ഈ അടിയറവുവയ്ക്കൽ പ്രഥമതാ ഒരു ജീവിത തത്ത്വശാസ്ത്രത്തിനോ, ധാർമിക മാനദണ്ഡത്തിനോ, പാരമ്പര്യത്തിനോ അല്ല. ഞാൻ മറ്റൊരാളോടാണ്, 'ഇതാ'എന്നുപറയുന്നത്, പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ് ആ ആൾ. ഓരോ ദിവസവും, എല്ലാ ദിവസവും, നമുക്കു ദൈവത്തോടു പുലർത്താവുന്ന സജീവമായ ബന്ധം വിശ്വാസത്തിന്റെ വ്യക്തിഗതമായ ഈ 'ഇതാ' മൂലം സാധ്യമാവുകയും നിലനിൽക്കുകയും ചെയ്യുന്നു.

യേശുവിന്റെ പുനരുത്ഥാനത്തിൽ വിശ്വസിച്ചതു മുതലാണ് ശിഷ്യന്മാർ വിശ്വാസം പരിശീലിച്ചു തുടങ്ങിയത്. സുവിശേഷ പ്രകാരം യേശുവിന്റെ മരണം സകലർക്കും ഗോചരമാണ്. ഭൂമിയുടെമേൽ അന്ധകാരം വ്യാപിച്ച മണിക്കൂറിൽ (മത്താ 27: 45) കുരിശിൽ ആണികളാൽ തറയ്ക്കപ്പെട്ട മനുഷ്യന്റെ അവമാനത്തിനും ലജ്ജാകരമായ മരണത്തിനും ജനക്കൂട്ടം സാക്ഷ്യം വഹിച്ചു. എന്നാൽ, ഉത്ഥാനം വ്യത്യസ്തമായിരുന്നു. അവിടത്തെ ഉയിർത്തെഴുന്നേല്പിന്റെ നിമിഷത്തിന് ആരും സാക്ഷ്യം വഹിച്ചില്ല. രാവിന്റെ അജ്ഞാതവും നിഗൂഢവുമായ മണിക്കൂറിൽ വലിയ പ്രകാശം ഭൂമിയുടെമേൽ ഉദിച്ചു. ഓരോ ക്രൈസ്തവനും വ്യക്തിതലത്തിലുള്ള വിശ്വാസംവഴി അവിശ്വാസത്തിൽ നിന്നും വിശ്വാസത്തിലേക്കുള്ള തന്റെ ഹൃദയത്തിന്റെ രൂപാന്തരീകരണത്തിലൂടെ മാത്രമാണ് ഉത്ഥാനത്തെക്കുറിച്ച് അറിയുക. യേശു മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റതിനു ശേഷം, അവിടത്തെ ശിഷ്യന്മാർ വിശ്വാസത്തിലൂടെ ഉത്ഥാനം വ്യക്തിപരമായി അനുഭവിക്കുകയും അതിൽ വിശ്വസിക്കുകയും പങ്കുചേരുകയും ചെയ്യുന്നതുവരെ മ്ലാനവദനരായി ചുറ്റിനടന്നു (ലൂക്കാ 24: 17). ഉത്ഥാനാനുഭവം സ്വന്തമാക്കിയ അവരുടെ ഹൃദയങ്ങൾ ജ്വലിച്ചു. അവർ ഉദ്ഘോഷിച്ചു: "കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു" (ലൂക്കാ 24: 34)

നമുക്കും, വിശ്വസിക്കുന്നതിന് യേശുവിന്റെ ഉത്ഥാന രഹസ്യത്തോട് നിരന്തരമായ വ്യക്തിഗത ഐക്യപ്പെടലും പങ്കാളിത്തവും ആവശ്യമാണ്. അപ്പസ്തോലനായിരിക്കെത്തന്നെ പൗലോസ് ശ്ലീഹാ യേശുവിന്റെ ഉത്ഥാനാനുഭവത്തിനായി വാഞ്ഛിക്കുന്നു. "അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും ഞാൻ അറിയുന്നതിനും അവന്റെ സഹനത്തിൽ പങ്കുചേരുന്നതിനും... വേണ്ടിയാണ്" (ഫിലി 3: 10). ദൈനംദിന ജീവിതത്തിൽ വിശ്വാസം മൂലം ഹൃദയത്തിലെ യേശുവിന്റെ ഉത്ഥാനത്തിന്റെ ശക്തിയാൽ മരണവും ദുഃഖവും നിരാശയും സമൂലം നമ്മിൽ സൂക്ഷ്മ പരിശോധനയ്ക്കു വിധേയപ്പെടുന്നു. പവിത്രീകരിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെയുള്ളിലെ മൃത്യു ഇടങ്ങൾ, വിശ്വാസത്തിലൂടെ ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ പ്രകാശം ഇനിയും കൈയടക്കാത്ത കല്ലറകൾ, നമുക്കു വെളിപ്പെടുത്തിത്തരുന്നു. അവിടെ ആ ഇരുണ്ട താഴ്‌വരകളിൽ, യേശു നമ്മെ സ്വീകരിക്കുന്നു; ഒരു ഇരുട്ടും തനിക്കു ദൂരീകരിക്കാനാവാത്തതല്ലെന്നു നമുക്ക് ഉറപ്പു തരുന്നു. അവിടെ അവിടത്തെ മഹത്വം ദർശിക്കാൻ നാം വിശ്വാസം വിനിയോഗിക്കുക മാത്രം ചെയ്താൽ മതി. മറ്റുള്ളവരോടോ എന്നോടോ ക്ഷമിക്കാതിരിക്കുന്നത്, ജീവിതത്തിലുള്ള നിർവികാരതയും മരവിപ്പും, എന്റെ ഭാവിക്കുവേണ്ടിയുള്ള കർത്താവിന്റെ നല്ല പദ്ധതിയിലുള്ള അവിശ്വാസം, അധികാരം ഭരണം നടത്തുന്ന മറ്റുവഴികൾ എന്നിവയിലെല്ലാം 'ഞാൻ വിശ്വസിക്കുന്നു' എന്ന വ്യക്തിപരമായ വിശ്വാസം പ്രവൃത്തിമൂലം എന്റെയുള്ളിൽ വിസ്മയാവഹമായ കാര്യങ്ങൾ ചെയ്യാൻ കർത്താവിനെ അനുവദിക്കുന്നു. അപ്പോൾ ശപിക്കപ്പെട്ടവയെല്ലാം അനുഗ്രഹത്തിന്റെ നിർഝരിയാവും; ദുഃഖമെല്ലാം അതിരറ്റ ആനന്ദമായി മാറും.

ജീവിതംകൊണ്ടും നിരന്തരമായ മാപ്പേകൽ മൂലവും തനിക്കു സാക്ഷികളാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവിടന്ന് ശിഷ്യന്മാരെ ആഹ്വാനം ചെയ്തപ്പോൾ തങ്ങളുടെ ദരിദ്രാവസ്ഥ അവർക്കു ബോധ്യപ്പെട്ടു. നിസ്സഹായരായി അവർ നിലവിളിച്ചു: "ഞങ്ങളുടെ വിശ്വാസം വർധിപ്പിക്കണമെ" (ലൂക്കാ 17: 5). അപ്പസ്തോലന്മാരുടെ പ്രാർഥന നമ്മുടേതുമാക്കാം; നമുക്കതാവശ്യവുമാണ്. ഹൃദയംഗമമായ പ്രാർഥന നമ്മുടെ വിശ്വാസത്തെ ഉജ്വലിപ്പിക്കും. വിശുദ്ധ അൽഫോൻസ് ലിഗോരി പറയുന്നത്, "കൂടുതൽ പ്രാർഥിക്കുന്നവന് കൂടുതൽ ലഭിക്കുന്നു" എന്നാണ്. വിശ്വാസം നമ്മിൽ ആകസ്മികമായി വളരില്ല; പ്രത്യുത, പ്രതീക്ഷാനിർഭരമായ പ്രാർഥനയിലൂടെ മാത്രം. തീക്ഷ്ണതയുള്ള പ്രാർഥനയിലൂടെ വിശ്വാസജീവിതത്തിലെ എല്ലാ വെല്ലുവിളികളെയും – എല്ലാ സംശയങ്ങളെയും, അന്ധകാരത്തെയും, അലട്ടുന്ന വികാരങ്ങളെയും പലവിചാരങ്ങളെയും നാം മറികടക്കും.

ഓരോ ദിവസവും, എല്ലാ ദിവസവും ബോധപൂർവവും സ്ഥിരോത്സഹത്തോടെയും വ്യക്തിപരമായ വിശ്വാസം അഭ്യസിക്കുന്നതിലൂടെ നാം ഉത്ഥാനത്തിന്റെ വിശ്വാസയോഗ്യമായ സാക്ഷികളായിത്തീരും; നാം സഹകൂട്ടാളികളാകും; നാം യേശുവിന്റെ ഉത്ഥാനം നേരിട്ടറിയുന്നവരാകും. കാരണം, അതു നമ്മുടെയുള്ളിൽ അനാവൃതമാകുന്നു. ദൈവത്തിനു തന്നെത്തന്നെ പൂർണമായി അടിയറവു വച്ച മറിയത്തെ അനുകരിച്ച് മഹത്തരമായ അചഞ്ചല വിശ്വാസികളാകാൻ യത്നിക്കുമ്പോൾ, അവിടത്തോടൊപ്പം സ്വർഗത്തിൽ നവവും നിത്യവുമായ ജീവന്റെ തികവു പ്രാപിക്കുന്നതുവരെ കർത്താവിന്റെ ഉത്ഥാനശക്തി നമ്മുടെ ഹൃദയത്തെ രൂപാന്തരപ്പെടുത്തും. അതിനായി നമുക്ക് ഇടവിടാതെ പ്രാർഥിക്കാം, "കർത്താവേ ഞങ്ങളുടെ വിശ്വാസത്തെ വർധിപ്പിക്കണമെ."

### വിശുദ്ധന്റെ മൊഴി

"വിശ്വാസം സൂര്യവെളിച്ചത്തിന്റെ പ്രഭാപൂർണമായ ഒരു കിരണത്തിനു സദൃശ്യം: സകലത്തിലും ദൈവത്തെ ദർശിക്കാനും സകലതും ദൈവത്തിൽ ദർശിക്കാനും അതു നമ്മെ പ്രാപ്തരാക്കുന്നു."

*– വിശുദ്ധ ഫ്രാൻസിസ് ദ് സാലസ്*

# കഥാചിത്രങ്ങൾ

*ജീവിതസൗന്ദര്യവും, പ്രകൃതിസൗന്ദര്യവും, അമൂർത്ത ആവിഷ്ക്കാരങ്ങളും കഥാചിത്രങ്ങളുടെ ഈ പേജിൽ പ്രസിദ്ധീകരിക്കും. ക്രിസ്തീയ കാഴ്ചപ്പാടുകൾക്ക് വിരുദ്ധമാകരുതെന്നുമാത്രം. 2 MP എങ്കിലും ഫയൽ സൈസുള്ള ക്യാമറ/മൊബൈൽ ഫോൺ ചിത്രങ്ങൾ ആശയപരമായും, കലാപരമായും, സാങ്കേതികമായും യോഗ്യതയുള്ളതാണെന്ന് ഡിസൈൻ എഡിറ്റിങ് ടീം തീരുമാനിച്ചാലാണ് പ്രസിദ്ധീകരിക്കുക. ഡിസംബർ ലക്കം പ്രസിദ്ധീകരിച്ചുകഴിഞ്ഞ് ഒരു വർഷത്തെ ചിത്രങ്ങൾ വിലയിരുത്തി 'കെയ്റോസ് ഫോട്ടോ ഓഫ് ദി ഇയർ' ആയി തെരഞ്ഞെടുക്കപ്പെടുന്ന ഫോട്ടോഗ്രാഫർക്ക് കെയ്റോസ് പ്രത്യേക സമ്മാനം നൽകുന്നതും പ്രസ്തുത ചിത്രം പുതുവർഷ ലക്കത്തിൽ പുനഃപ്രസിദ്ധീകരിക്കുന്നതുമായിരിക്കും. ഒറ്റവാക്യത്തിലുള്ള അടിക്കുറിപ്പും, പേരും സഹിതം ഫോട്ടോ അയക്കുക:* myclick.kairos@gmail.com



**'നോട്ടം'** | **Shot by:** Sajan CA



**'Small things with great love'** | **Shot by:** Zion Mathew Thomas



**Child:** Temperance Miriam Koshy | **Shot by:** Shibu 9809852733




വീട്ടുകാര്യം

# പുതിയ പുൽമേടുകൾ

**പ്രാർഥനയുടെ പുതിയ പുൽമേടുകളിലേക്ക് ദൈവം നമ്മെ നയിക്കുന്നുണ്ട്. നിശ്ചയമായും നമ്മളതു കണ്ടെത്തണം, നഷ്ടപ്പെടാതെ നമുക്കത് അനുഭവിക്കാനും ഇടവരട്ടെ.**

കുടുംബപ്രാർഥനയുടെ രീതിയിൽ മാറ്റം വരുത്തണം എന്ന കാര്യം പറഞ്ഞു തുടങ്ങിയ നാൾമുതൽ അപ്പനും അമ്മയും എന്നെ വിപ്ലവകാരിയായി കണ്ടുതുടങ്ങി. ഒരിക്കൽ പ്രാർഥനയ്ക്ക് മുമ്പ് അപ്പൻ ചോദിച്ചു: "എന്തു മാറ്റമാണ് നീ ഉദ്ദേശിക്കുന്നത്." ഒരു വലിയ അവസരം വീണുകിട്ടിയ സന്തോഷത്തിൽ ഞാനവരോട് വട്ടത്തിൽ ഇരിക്കാമെന്ന അഭിപ്രായം മുന്നോട്ടുവച്ചു.


യാഥാസ്ഥിതികയായി വളർന്നുവന്ന എന്റെ അമ്മയുടെ മുഖത്ത് വിമ്മിഷ്ടം വ്യക്തമായിരുന്നു. അപ്പൻ എന്നത്തേയും പോലെ നിസ്സംഗ ഭാവത്തിൽ നോക്കി. കടുത്ത കമ്മ്യൂണിസ്റ്റ് ആശയങ്ങൾ ഹൃദയത്തിൽ പേറുന്ന അപ്പൻ, ഭാര്യയോടും മകനോടുമുള്ള സ്നേഹത്തിന്റെ പേരിൽ മാത്രം ഒരു കാഴ്ചക്കാരനെപ്പോലെ ഇരുന്നു എന്നുവരുത്തി. അത്രയേയുള്ളൂ. പരസ്പരം കൈകോർത്ത് മുഖാമുഖം നോക്കി പുഞ്ചിരിയോടെ ഒരു ജപമാല ചൊല്ലിത്തീർന്നപ്പോൾ, നീണ്ട ഒരു നിശ്ശബ്ദത! എല്ലാവരുടെയും ഉള്ളിൽ പറഞ്ഞറിയിക്കാനാവാത്ത ഒരു സമാധാനം.

"കൊള്ളാം! ഇതാണു പ്രാർഥന" അപ്പനാണു പറഞ്ഞു തുടങ്ങിയത്. "നമുക്ക് ഇടയ്ക്കിങ്ങനെ വട്ടത്തിലിരുന്നു പ്രാർഥിക്കണം. നിന്റെ പരീക്ഷണം കൊള്ളാം." അമ്മ പറഞ്ഞു.

"അമ്മാ, ഇതെന്റെ പരീക്ഷണമൊന്നുമല്ലാ ജീസസ് യൂത്തിലെ ഞങ്ങളുടെ പ്രാർഥന രീതിയാണിത്. പ്രാർഥന കൂടുതൽ അനുഭവമാക്കാൻ എന്നെ സഹായിച്ച ശൈലി. എനിക്കിതുനേരത്തെ പറയണമെന്നുണ്ടായിരുന്നു. പക്ഷേ, കഴിഞ്ഞില്ല."

ചെറുപ്പം മുതൽ പഠിച്ചു ശീലിച്ച പ്രാർഥനകൾ ഒരു അച്ചടക്കമുള്ള അഭ്യാസിയെപ്പോലെ ചൊല്ലിത്തീർത്ത് വേഗം അടുക്കളയിലേക്ക് ഓടിയിരുന്ന അമ്മ അന്ന് പ്രാർഥനയുടെ ഒരു പുതിയ മേച്ചിൽപുറം കണ്ടെത്തിയ ആനന്ദത്തിലായിരുന്നു. ആദ്യമായി ഹൃദയം തുറന്നു പ്രാർഥിച്ചതിന്റെ നിർവൃതിയിൽ നിന്ന് അപ്പൻ അപ്പോഴും പുറത്തുവന്നിട്ടില്ലായിരുന്നു.

ദൈവാത്മാവ് നമുക്കു നൽകുന്ന ഇത്തരം ഉൾപ്രേരണകൾ, നിസ്സാരമെന്നു തോന്നുമെങ്കിലും കുടുംബത്തിലെങ്കിലും പരീക്ഷിച്ച് അനുഭവം സ്വന്തമാക്കാൻ നമുക്കു കഴിയട്ടെ. അതിനുവേണ്ടിത്തന്നെയാണല്ലോ അവ നമുക്കു നൽകപ്പെടുന്നതും.


*ആൽഡ്രിൻ ജോസഫ്, കുമ്പളങ്ങി*


# പിൻബലം നൽകുന്ന പ്രാർഥനകൾ

**സങ്കടങ്ങൾ ഓർമിക്കാത്തവിധം സ്നേഹത്തിന്റെ ഊഷ്മളതയും ആശ്വാസവും പ്രാർഥന നമുക്കു നൽകുന്നുണ്ട്.**

ജീവിതാനുഭവങ്ങൾ നമ്മെ വളരെയധികം പരുവപ്പെടുത്തുമെന്നു പറയുന്നത് എത്രയോ ശരിയാണ്. പൊതുവേ ഞാൻ മറ്റു കാര്യങ്ങളിൽ ഇടപെടാതെ സ്വന്തം കാര്യം മാത്രം നോക്കി നടക്കുന്നയാളാണ്.

വിവാഹം കഴിഞ്ഞ് ഒരു കുട്ടിയൊക്കെയായി അധികം താമസിയാതെ ജീവിതപങ്കാളി ഞങ്ങളോടു വിടപറഞ്ഞ് സ്വർഗത്തിലേക്കു യാത്രയായപ്പോൾ ജീവിതത്തിന്റെ താളം അപ്പാടെ തെറ്റിപ്പോകുന്നപോലെ തോന്നി. അതിനു കുറച്ചു നാൾ മുമ്പാണ് എന്റെ ജ്യേഷ്ഠനും അപ്പച്ചനും അടുത്തടുത്ത നാളുകളിൽ ഞങ്ങളെ വിട്ട് ദൈവസന്നിധിയിലേക്കു പോയത്. പിന്നെയുള്ള ഒരു സഹോദരൻ വൈദിക പഠനവുമായി സെമിനാരിയിലായിരുന്നു. വീട്ടിൽ അമ്മച്ചിമാത്രം. അമ്മച്ചിയുടെ കാര്യമോർത്തായിരുന്നു ഞങ്ങൾക്കു വിഷമം. എന്നിരുന്നാലും അമ്മച്ചിയുടെയും വൈദികനായ ജ്യേഷ്ഠന്റെ പ്രാർഥനയും എന്നെ ബലപ്പെടുത്തുകയായിരുന്നു. മകന്റെ സ്കൂളിലും ഭർതൃഗൃഹത്തിലേക്കും പലപല ആവശ്യങ്ങൾക്കായി വിവിധ ഓഫീസുകളിലുമൊക്കെ ഇന്നു ഞാൻ തനിയെ പോകുന്നു. എന്നെ സംബന്ധിച്ച് ഇതൊക്കെ വലിയ കാര്യമായിരുന്നു.

ജീവിതത്തിൽ, സുനാമി പോലെ ഓരോ ദുരന്തങ്ങൾ അലയടിച്ചപ്പോഴും ധൈര്യത്തോടെ അതെല്ലാം നേരിട്ട അമ്മച്ചിയുടെ മാതൃകയും ജീവിത ശൈലിയുമാണ് എന്നെ പിടിച്ചുനിറുത്തിയതും പലതിനും എന്നെ പ്രാപ്തയാക്കിയതും. വാക്കുകളൊന്നുമില്ലെങ്കിലും ചേർത്തുപിടിച്ചു ധൈര്യപ്പെടുത്തിയ എന്റെ ചേട്ടനച്ചൻ ശരിക്കും ക്രിസ്തു സാന്നിധ്യമായിരുന്നു എനിക്ക്. ഇന്നിപ്പോൾ വീണ്ടും എന്റെ വിവാഹം നടന്നു. ദൈവ പരിപാലനയുടെ വലിയ സന്തോഷത്തിലാണിപ്പോൾ. കഴിഞ്ഞ കാലങ്ങളിലെ സങ്കടങ്ങൾ ഓർമിക്കാത്തവിധം സ്നേഹത്തിന്റെ ഊഷ്മളതയും ആശ്വാസവും ഞാനിന്നനുഭവിക്കുന്നു. എന്നെക്കുറിച്ചോർക്കുമ്പോൾ അമ്മച്ചിക്കും ജ്യേഷ്ഠനും ഇപ്പോൾ സന്തോഷംതന്നെ. എന്തുമാത്രം പാഠങ്ങളാണ് ജീവിതം പഠിപ്പിക്കുന്നത്.


*മെറ്റിൽഡ ജെർളിൻ, വൈപ്പിൻ*

മൈസ്റ്റോറി



# ബലം നൽകുന്ന ബലിയർപ്പണം


## ശരീരത്തിനും മനസ്സിനും ആത്മാവിനും ഊർജം പകരുന്ന ശക്തിസ്രോതസ്സ്

**ഇനിയും സിസ്സേറിയൻ റിസ്കാണെന്ന് ഡോക്ടേഴ്സ് പറഞ്ഞപ്പോഴും വി. കുർബാന എനിക്ക് ആത്മധൈര്യംതന്നു.**

എന്റെ ജീവിതത്തിൽ ഏറ്റവും ആഴത്തിൽ ബോധ്യമായിത്തീർന്ന ഒരു വചനമുണ്ട്. "നിങ്ങൾ അവിടത്തെ രാജ്യവും, നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയും നിങ്ങൾക്ക് ലഭിക്കും" (വി മത്താ 6:33).

ദൈവരാജ്യം വളരുന്നതിനായി എന്തു ചെയ്താലും  കർത്താവ് അതിന് പ്രതിഫലം നൽകാതിരിക്കില്ല. ഇത് ഞാൻ എന്റെ കുടുംബജീവിതത്തിലും വ്യക്തിജീവിതത്തിലും അനുഭവിക്കുന്ന കാര്യമാണ്. നാലാമത്തെ കുഞ്ഞിനെ വരവേൽക്കാൻ തയാറെടുക്കുന്ന സമയം.  ഡോക്ടറുടെ മുഖത്ത് പക്ഷേ, സന്തോഷം ഇല്ലായിരുന്നു. ഇനിയും സിസ്സേറിയൻ റിസ്കാണ് എന്നായിരുന്നു അവരുടെ അഭിപ്രായം. എല്ലാവരുടെയും മനസ്സിലേക്ക് അസ്വസ്ഥത നിറഞ്ഞുതുടങ്ങിയ സമയം. ആശങ്കകളും ആകുലതകളും ഞങ്ങൾ ബലിപീഠത്തിലേക്കാണ് സമർപ്പിച്ചത്. മുടങ്ങാത്ത ബലിയർപ്പണങ്ങൾ എനിക്കു കരുത്തായി. ദൈവകൃപയിൽ അഭയം തേടാനുള്ള ബോധ്യമാണ് എനിക്കു ലഭിച്ചത്. ആ ബോധ്യത്തിൽതന്നെ എല്ലാ പ്രതിസന്ധികളെയും ഞങ്ങൾ തരണം ചെയ്യുകയും ചെയ്തു. ഇപ്പോൾ നാലുകുഞ്ഞുങ്ങളുമായി ദിവസവും കുർബാനയ്ക്കു പോകുന്നു. അത് അനുദിന ജീവിതത്തിൽ ഒഴിവാക്കാൻ വയ്യാത്ത ഊർജവും ആനന്ദവുമാണ് ഞങ്ങൾക്ക്. കുഞ്ഞുങ്ങളെ വളർത്തുന്നതിലും രോഗാവസ്ഥയിലും സാമ്പത്തിക മേഖലയിലുമെല്ലാം പരി. കുർബാന ഞങ്ങളെ സഹായിക്കുന്നു.

കർത്താവിന്റെ കരുതൽ ഞങ്ങളെ പൊതിഞ്ഞുസൂക്ഷിച്ച ഒരുസംഭവം കൂടി ഓർമവരുന്നുണ്ട്. തെലങ്കാനയിലേക്കുള്ള മിഷൻ യാത്രയായിരുന്നു അത്. ഞങ്ങളുടെ 11 മാസം പ്രായമുള്ള കുഞ്ഞും ഒപ്പമുണ്ട്. പ്രതീക്ഷിച്ചതിനെക്കാൾ രൂക്ഷമായിരുന്നു അവിടത്തെ കാലാവസ്ഥ. ചൂട് 48 ഡിഗ്രി. കുഞ്ഞിന്റെ ആരോഗ്യത്തെക്കുറിച്ച് വലിയ ആശങ്കയായിരുന്നു ഞങ്ങൾക്കെല്ലാവർക്കും. അവിടെയും കുർബാനയിലുള്ള സമർപ്പണം തുണയായി. ഓരോ ദിവസം കഴിയുംതോറും കുഞ്ഞിനും ഞങ്ങൾക്കെല്ലാവർക്കും ആ കാലാവസ്ഥയുമായി പൊരുത്തപ്പെടാനായി. മടങ്ങുന്നതുവരെ ആർക്കും ആരോഗ്യ പ്രശ്നങ്ങളുമുണ്ടായില്ല. ഞങ്ങളുടെ വിശ്വാസത്തെ ആഴപ്പെടുത്തിയ സംഭവമായിരുന്നു അതും.




*സുജോയ് ജിജോ ചങ്ങനാശ്ശേരി, വീട്ടമ്മ*

മൈ സ്റ്റോറി

# ദൈവാനുഗ്രഹത്തിന്റെ തണലിൽ

## ക്രിസ്തുകേന്ദ്രീകൃതമാകട്ടെ നമ്മുടെ കുടുംബങ്ങൾ



*ബിന്ദു ജോയ്സ്*

2004-ന്റെ തുടക്കത്തിൽ, അന്ന് മസ്ക്കറ്റിൽ ഉണ്ടായിരുന്ന കുറച്ച് ജീസസ് യൂത്ത് കുടുംബങ്ങൾ ഒന്നിച്ചുകൂടുവാൻ ആരംഭിച്ചു. വ്യക്തമായ രൂപവും ഭാവവുമൊന്നും ആ കൂടിച്ചേരലിനുണ്ടായിരുന്നില്ല. എങ്കിലും കുടുംബങ്ങൾ തമ്മിൽ ആഴത്തിലുള്ള ബന്ധവും തീവ്ര സ്നേഹവും ഞങ്ങൾ അറിയാതെതന്നെ വളർന്നു. അധികം താമസിയാതെ ആ കൂട്ടായ്മയ്ക്ക് ഒരു പേരു കൈവന്നു. JY Families. കുടുംബങ്ങൾ കൂടുതൽ ക്രിസ്തുകേന്ദ്രീകൃതമാവുക എന്ന ആശയമായിരുന്നു തുടക്കത്തിൽ. പിന്നീട് ഭർത്താവും ഭാര്യയും മക്കളുമെല്ലാം ഉൾപ്പെടുന്ന ഒരു പ്രേഷിതകുടുംബം എന്ന ചിന്തയും വളർന്നുവന്നു. കുടുംബങ്ങളുടെ ചിന്താരീതിയിൽതന്നെ പ്രകടമായ മാറ്റങ്ങൾ കണ്ടുതുടങ്ങി. ദശാംശത്തിൽ കൃത്യത പാലിക്കുവാനായി ചിലർ അതിനു പ്രത്യേക അക്കൗണ്ടുകൾതന്നെ തുറന്നു. കൂടുതൽ കുട്ടികൾ ഉണ്ടാകുവാനുള്ള സാധ്യതയെ കൃത്രിമ മാർഗത്തിലൂടെ വേണ്ടെന്നു വച്ചവർ ആ തീരുമാനത്തിൽനിന്ന് പിൻമാറി. സുവിശേഷവേലയുടെ ആവശ്യങ്ങൾക്കായി തങ്ങളുടെ ഭവനങ്ങൾ തുറന്നുകൊടുക്കുവാൻ ഒത്തിരി കുടുംബങ്ങൾ മുന്നോട്ടുവന്നു.

പലകാര്യങ്ങളിലും വ്യക്തമായ തീരുമാനമെടുക്കുവാൻ ഈ കൂട്ടായ്മ ഞങ്ങളെ ഒരുപാട് സഹായിച്ചിട്ടുണ്ട്. ഒരനുഭവം പറയാം: വളരെ സന്തോഷ പ്രദമായിരുന്നു മസ്ക്കറ്റിലെ ഞങ്ങളുടെ ജീവിതം. നല്ലജോലി, ശമ്പളം, മറ്റു ഭൗതിക ജീവിത സാഹചര്യങ്ങൾ, കൂടാതെ JY കുടുംബങ്ങളുടെ സാമീപ്യം, അങ്ങനെ അല്ലലറിയാതെ ജീവിക്കുമ്പോഴാണ്, 2010-ൽ നാട്ടിലേക്കു പോരുവാൻ ഞങ്ങൾ നിർബന്ധിതരാകുന്നത്. നാട്ടിലുണ്ടായിരുന്ന ഞങ്ങളുടെ ചാച്ചൻ മരിച്ചു. അമ്മ അതോടെ ഒറ്റയ്ക്കായി. അമ്മയെ തനിച്ചാക്കാൻ വയ്യാത്തതിനാലായിരുന്നു മടങ്ങാനുള്ള തീരുമാനം. എന്നാൽ, നാട്ടിലെ കാര്യങ്ങൾ എന്ത്, എങ്ങനെ എന്ന ചിന്തകൾ ഞങ്ങളെ അലട്ടിയിരുന്നു. എന്നിരുന്നാലും വാഗ്ദാനങ്ങളിൽ വിശ്വസ്തനായവൻ, ഞങ്ങളെ നയിക്കും എന്ന ഉറപ്പ് ഞങ്ങൾക്കുണ്ടായിരുന്നു.

> **ഒഴിവുദിവസങ്ങളിലെ യാത്രകളിലും കുട്ടികളോടൊപ്പമുള്ള ഉല്ലാസയാത്രകളിലും മാത്രമല്ല, ഞായറാഴ്ച വൈകുന്നേരങ്ങളിലെ തട്ടുകടയിലെ ഭക്ഷണത്തിനുംവരെ അമ്മയെ കൂടി കൂട്ടുവാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.**



നാട്ടിൽ വന്നതിനുശേഷം ഏർപ്പെട്ട തൊഴിൽ മേഖലയിൽ ദൈവം ഞങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരുന്നു. തുടക്കമിട്ട ബിസിനസ്സ് പടിപടിയായി വളർന്നു. ഏതാണ്ട് 5 വർഷത്തോളം അമ്മയുമൊത്തുള്ള ജീവിതം, ഞങ്ങൾ ശരിക്കും ആസ്വദിച്ചിരുന്നു; ഒഴിവുദിവസങ്ങളിലെ യാത്രകളിലും കുട്ടികളോടൊപ്പമുള്ള ഉല്ലാസയാത്രകളിലും മാത്രമല്ല, ഞായറാഴ്ച വൈകുന്നേരങ്ങളിലെ തട്ടുകടയിലെ ഭക്ഷണത്തിനുംവരെ അമ്മയെ ഞങ്ങൾ ഒപ്പംകൂട്ടി.

2016 ഡിസംബറിൽ ഞങ്ങളുടെ അമ്മയ്ക്ക് മസ്തിഷ്ക്കാഘാതം (Stroke) ഉണ്ടാവുകയും സംസാരശേഷി പൂർണമായും നഷ്ടപ്പെടുകയുംചെയ്തു. കഴിഞ്ഞ 2 വർഷമായി ശ്വസനത്തിനും ഭക്ഷണത്തിനുമുൾപ്പെടെ ശരീരത്തിൽ ഘടിപ്പിച്ചിരിക്കുന്ന മൂന്നു ട്യൂബുകളുടെ സഹായത്താലാണ് അമ്മ ജീവിച്ചിരിക്കുന്നത്. സമയാസമയങ്ങളിൽ, ഭക്ഷണത്തിനും മരുന്നിനുമൊക്കെയായി ഒരാളുടെ സഹായം എപ്പോഴും ആവശ്യമാണ്. നിത്യേന പല പ്രാവശ്യം മെഷീൻ ഉപയോഗിച്ച് കഫം എടുക്കുകയും വേണം. എന്നിരുന്നാലും അമ്മയുടെ പരിപാലനം ഞങ്ങൾ മറ്റാരേയും ഏൽപിച്ചില്ല.

പന്ത്രണ്ടും എട്ടും വയസ്സുള്ള ഞങ്ങളുടെ കുട്ടികൾ അമ്മയെ പരിചരിക്കുവാൻ സദാ തയാറാണ്. ഞങ്ങളെ ദൈവം നാട്ടിലേക്കു കൂട്ടിക്കൊണ്ടുവന്നതിന്റെ ഉദ്ദേശം ഞങ്ങൾ ഇപ്പോൾ തിരിച്ചറിയുന്നു. ഇടവക സന്ദർശനത്തിനായെത്തിയ കാഞ്ഞിരപ്പള്ളി രൂപതാ സഹായ മെത്രാൻ മാർ. ജോസ് പുളിക്കൽ പിതാവ് അമ്മയെ കാണുവാനും പ്രാർഥിക്കാനുമായി ഞങ്ങളുടെ വീട്ടിലും വന്നു. പോകുവാൻനേരം പിതാവു പറഞ്ഞു, നിങ്ങൾ കുട്ടികൾക്കു പകർന്നുകൊടുക്കുന്ന ഈ മാതൃകതന്നെയാണ് ഏറ്റവും വലിയ സുവിശേഷ പ്രവർത്തനം. ഞങ്ങളുടെ ബോധ്യങ്ങളെ കൂടുതൽ ഉറപ്പിക്കുന്നതായി പിതാവിന്റെ ആ വാക്കുകൾ.

അമ്മ കിടപ്പിലായതിനുശേഷം അതുവരെയുണ്ടായിരുന്ന ഞങ്ങളുടെ ജീവിതരീതിയിൽ വളരെ മാറ്റം വരുത്തേണ്ടിവന്നിട്ടുണ്ട്. എന്നു പറയുമ്പോഴും, ഞങ്ങളനുഭവിക്കുന്ന മാനസിക സംതൃപ്തിയും സന്തോഷവും സമാധാനവും പറഞ്ഞറിയിക്കുവാൻ വാക്കുകൾ പോരാ.

മഞ്ജു മാത്തൂർ



*സിവിൽഎഞ്ചിനീയർ, പുതുപ്പള്ളി കറുകച്ചാൽ സ്വദേശി., ചങ്ങനാശ്ശേരി അതിരൂപത തോട്ടയ്ക്കാട് ഇടവകാംഗം.*
Manjumathoor@gmail.com

ഫാമിലി കഫേ

# കൃപയുടെ കരങ്ങൾ

**ആഴത്തിൽ വലയിറക്കുവാനും ആത്മീയതയിൽ വളരുവാനും കുടുംബങ്ങൾ കണ്ടെത്തുന്ന ചില വഴികളുണ്ട്**



ദൈവകൃപയുടെ കരങ്ങൾ ജീവിതത്തെ പുൽകുന്ന മനോഹര നിമിഷങ്ങൾ. കുടുംബപ്രാർഥനയെക്കുറിച്ച് അങ്ങനെ പറയാനാണ് എനിക്കിഷ്ടം. പൂർവികർ കൈമാറിയ അമൂല്യ സമ്മാനം. തലമുറകളിലേക്കു വചനം കൈമാറുന്നതിനുള്ള ലളിതസുന്ദര മാർഗം. തിന്മയുമായി മുഖാമുഖം ഏറ്റുമുട്ടേണ്ടി വരുമ്പോൾ കുടുംബപ്രാർഥന ഒരു ശക്തി സ്രോതസ്സാണ്. പ്രത്യേകിച്ച്, കുഞ്ഞുങ്ങളെ ആത്മീയരായി വളർത്തുന്നതിന് ഇതിലും നല്ലൊരു മാർഗമില്ല. ഈ ബോധ്യത്തിലാണ് ഞങ്ങളുടെ വീട്ടിൽ എല്ലാവരും ഒരുമിച്ചിരുന്നു പ്രാർഥിക്കുന്നത്.



**ആ മകനുവേണ്ടി ആത്മാർഥമായി പ്രാർഥിച്ച നിമിഷം സൗഖ്യത്തിന്റെ ആത്മാവിനെ ദൈവം ഞങ്ങളുടെ ഭവനത്തിലേക്ക് അയച്ചു. വിശ്വാസത്തെ ആഴത്തിൽ ഉറപ്പിക്കുന്ന ഒരു ദൈവാനുഭവ രാത്രി ആയിരുന്നു അത്**

## പാട്ടും പ്രാർഥനയും

ഒരോ ദിവസത്തെയും പ്രാർഥന പുതുമയുള്ള അനുഭവമാണ്. പാട്ടുകളും സ്തുതികളുമൊക്കെയായി ഒരു ആത്മീയാഘോഷം. കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലാണ് പ്രത്യേക ശ്രദ്ധ. പാട്ടുകൾ തെരഞ്ഞെടുക്കുന്നതും വചനം വായിക്കുന്നതുമെല്ലാം അവരായിരിക്കും. വചനം പങ്കുവയ്ക്കലാണ് ഏറ്റവും മനോഹരമായ മറ്റൊരു സമയം. എല്ലാവരും അവരവരുടെ ജീവിതവുമായി ബന്ധപ്പെടുത്തിയാണ് പങ്കുവയ്ക്കൽ നടത്തുന്നത്.

## പ്രാർഥന മറ്റുള്ളവർക്കായും

ഞങ്ങളുടെ കുടുംബ പ്രാർഥനയിൽ മറ്റുള്ളവരുടെ ആവശ്യങ്ങളും ഉൾപ്പെടുത്താറുണ്ട്. ബന്ധുക്കൾ, സുഹൃത്തുക്കൾ. അയൽക്കാർ... വിദേശത്തായിരുന്നപ്പോഴുണ്ടായ ചെറിയൊരു അനുഭവം പറയാം. അന്ന് ഞങ്ങൾ പ്രാർഥിക്കാനിരിക്കുമ്പോൾ മകൾക്ക് ശക്തമായ ചെവി വേദനയാണ്. അവളുടെമേൽ കൈകൾവച്ച് ഞങ്ങൾ സ്തുതിക്കുകയാണ്. അപ്പോൾ ഒരു ആൺകുട്ടിയെ കർത്താവ് മനസ്സിൽ കാണിച്ചുതന്നു. തുടർന്ന് ഞങ്ങൾ അവനുവേണ്ടി പ്രാർഥിച്ചു. അതോടെ സൗഖ്യത്തിന്റെ ആത്മാവിനെ കർത്താവ് ഞങ്ങളുടെ വീട്ടിലേക്കയച്ചു. മകളുടെ ചെവിവേദനയ്ക്കു ശമനമായി. ഞങ്ങളുടെ വിശ്വാസം ആഴത്തിലുറപ്പിച്ച സംഭവമായിരുന്നു അത്.

## ഈശോ, ഞങ്ങൾ എന്തുചെയ്യണം

പ്രാർഥനയുടെ മറ്റൊരു ഭാഗമാണ് കർത്താവിന്റെ ഹിതം തേടൽ. തീരുമാനങ്ങളെടുക്കേണ്ടിവരുമ്പോൾ ഞങ്ങൾ അക്കാര്യം സമർപ്പിച്ചു പ്രാർഥിക്കും. എന്തുചെയ്യണമെന്ന് ഈശോയോടു ചോദിക്കും. വചനത്തിലൂടെ അവിടന്ന് ഉത്തരം നൽകുകയും ചെയ്യും. ഇത് ഞങ്ങളുടെ ജീവിതത്തിന്റെ തന്നെ ഭാഗമായിരിക്കുകയാണ്.

## വിശേഷങ്ങൾ, തമാശകൾ

ഓരോ ദിവസത്തെയും വിശേഷങ്ങളും സംഭവങ്ങളുമെല്ലാം പങ്കുവയ്ക്കുന്നതും പ്രാർഥനപോലെ പ്രധാനമായാണു കാണുന്നത്. അതിൽ സന്തോഷങ്ങളുണ്ടാകും. വിഷമങ്ങളുണ്ടാകും. ദൈവത്തോടുള്ള ചോദ്യങ്ങളുണ്ടാകും. കുസൃതികളുണ്ടാകും. ഇത് കുട്ടികളുടെ വ്യക്തിത്വവളർച്ചയ്ക്കും മാതാപിതാക്കളോടുള്ള തുറവിക്കും വളരെ സഹായകരമാണെന്നാണ് ഞങ്ങളുടെ അനുഭവം. ഓരോരുത്തരുടെയും പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാനും ഈ ചർച്ച വഴിവയ്ക്കുന്നുണ്ട്. ഈ സംസാരത്തിൽനിന്ന് ലഭിക്കുന്ന ബോധ്യങ്ങളിലൂടെ മക്കൾക്ക് അവരുടെ കൂട്ടുകാരെ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നതും വലിയ സന്തോഷം.

കുടുംബം മനോഹരമാകണമെങ്കിൽ കുടുംബ പ്രാർഥനയും മനോഹരമാകണം. നമുക്കുവേണ്ടി മാത്രമല്ല, ഇനി വരാനുള്ള എല്ലാ തലമുറകൾക്കും വേണ്ടിയാണ് നാം ഇപ്പോൾ പ്രാർഥിക്കുന്നത്. ആ ബോധ്യത്തിൽ വേണം കുടുംബ പ്രാർഥന മുന്നോട്ടു കൊണ്ടുപോകാൻ.

# TEEN Spirit

## MICROPHONE



I will attend holy mass everyday. Will try to keep a healthy diet and do exercise regularly. Will spend more time with family. Will study one word of God daily
– ***Diya Johnson, Aluva***

---

നല്ല ആക്ടീവ് ആകണം മാക്സിമം നന്നായി പഠിക്കണം; പ്രാർഥനയിൽ സജീവമായി പങ്കുകൊള്ളണം
– ***ജെനിഫർ ഗുണശീലൻ, നെയ്യാറ്റിൻകര***

---

സ്പരിചൽ ആയി വളരണം; ടൈം മാനേജ്മെന്റ് മെച്ചപ്പെടുത്തണം
– ***അബി നെയ്യാറ്റിൻകര***

---

ഈ വർഷം എന്റെ ഒരു ആഗ്രഹവും പ്ലാനും ലോകത്തുതന്നെ അറിയപ്പെടുന്ന ഒരു മ്യൂസിക് ബാൻഡ് തുടങ്ങുക എന്നതാണ്. ഇത് വെറും ബാൻഡ് മാത്രമല്ല, ഈശോയെ കൊടുക്കുന്ന, കർത്താവിന്റെ അനുയായികളുടെ ഒരു ബാൻഡ് തുടങ്ങാനാണ് തീരുമാനം. അതിന്റെ അണിയറ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു
– ***അബ്രഹാം കാലിക്കറ്റ്***

---

എല്ലാ ദിവസവും മുടങ്ങാതെ വി.ബലിയിൽ സംബന്ധിക്കും. ഭക്ഷണം ഒരിക്കലും വേസ്റ്റ് ചെയ്യില്ല. എന്തൊക്കെ സാഹചര്യങ്ങൾ വന്നാലും ഈശോയ്ക്കുവേണ്ടി സമയം മാറ്റിവച്ചിരിക്കും. ഓരോ തീരുമാനവും ഈശോയോടു ചോദിച്ചിട്ടേ എടുക്കൂ
– ***റീനു സാറാ, കോട്ടയം***

---

***"എല്ലാ മനുഷ്യരും ജനിക്കുന്നത് ഒറിജിനലുകളായാണ്. പക്ഷേ, മിക്കവരും മരിക്കുന്നത് മറ്റുള്ളവരുടെ ഫോട്ടോ കോപ്പികളായാണ്" – Carlo Acutis (Servant of God)***

**ദൈവദാസൻ കാർലോ അക്യുറ്റിസിനെക്കുറിച്ച് ഒരു A4 പേജിൽ കവിയാതെ കുറിപ്പെഴുതി** Teenspirit-നു **അയച്ചു തരുക. ഏറ്റവും മികച്ച ലേഖനത്തിന് സമ്മാനം. മികച്ചതെങ്കിൽ** Teenspirit-ൽ **പ്രസിദ്ധീകരിക്കാം.**

**Last date: Feb: 28 • Whatsapp 6282882021**


NB: ജനുവരി ലക്കത്തിലെ വിജയികളുടെ പേരുകൾ മാർച്ച് ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## SPOT LIGHT



Venerable
**Carlo Acutis**

**അജയ് അഗസ്റ്റിൻ**



*തിരുവനന്തപുരം സോണൽ ടീൻസ് ടീം കോ-ഓർഡിനേറ്റർ; ഇൻഫോസിസിൽ ജോലി; തൊടുപുഴ സ്വദേശി.*

**RAINBOW**

# സ്വപ്നങ്ങളും ട്രെൻഡുകളും

**ആഗ്രഹങ്ങളും സ്വപ്നങ്ങളും വെറും ട്രെൻഡുകൾ മാത്രമാകാതെ, ജീവിതത്തിലെ അത്ഭുതങ്ങളാക്കി മാറ്റിയത് ഞാൻ കണ്ടുമുട്ടിയ ചില വ്യക്തിത്വങ്ങളാണ്.**

ടീനേജേഴ്സിന്റെ സ്വപ്നങ്ങളും ആഗ്രഹങ്ങളും ആണ് ഭാവിയിലെ ട്രെൻഡുകളാകുന്നത് എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. പക്ഷേ, ഇന്നു തിരിഞ്ഞു നോക്കുമ്പോൾ അതിൽ ഒരുപാട് സത്യങ്ങൾ ഒളിഞ്ഞുകിടപ്പുണ്ട് എന്ന ഒരു തോന്നൽ.

വ്യക്തമായി പറഞ്ഞാൽ ടീനേജ് ലൈഫിൽ എനിക്കും കുറെ സ്വപ്നങ്ങൾ ഉണ്ടായിരുന്നു. പറയുന്നത് തമാശയായി തോന്നാമെങ്കിലും അതൊക്കെ ട്രെൻഡുകൾ ആയി മാറിയിട്ടുണ്ട്. പക്ഷേ, എന്റെ മുഖം നോക്കാതെ എന്നെ ഇഷ്ടപ്പെടുന്ന കുറെ ആളുകൾ ഉണ്ടാകണം എന്ന് ആഗ്രഹിച്ചിരുന്നപ്പോഴാണ് ഫേസ്ബുക്ക് വരുന്നത്. ഒരുപാട് ആളുകളുടെ നമ്പർ വേണം. അവരോടൊക്കെ സംസാരിക്കണം എന്ന് ആഗ്രഹിച്ചിരിക്കെ വാട്സാപ്പ് വന്നു. ഗ്രൂപ്പ്കോൾ വന്നു. വീട്ടിൽനിന്ന് സിനിമയ്ക്ക് വിടാതിരുന്നപ്പോൾ ഒരുപാട് ആഗ്രഹിച്ചിരുന്നു, ഈ മൊബൈൽ ഫോണിൽ പുതിയ സിനിമകൾ കാണാൻ പറ്റിയിരുന്നുവെങ്കിൽ എന്ന്. അന്നത്തെ എന്റെ ആഗ്രഹത്തിന്റെയും ഫലമാണ് ഇന്നത്തെ Net Flix എന്നുതന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ എന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ഒക്കെ ട്രെൻഡുകൾ ആയി മാറിയിട്ടുണ്ട്.

അന്നത്തെ എന്റെ സ്വപ്നങ്ങളും ആഗ്രഹങ്ങളും വെറും ട്രെൻഡുകൾ മാത്രമായി മാറാതെ എന്റെ ജീവിതത്തിലെ അത്ഭുതങ്ങൾ ആക്കി മാറ്റിയത് അന്ന് ഞാൻ കണ്ടുമുട്ടിയ ചില വ്യക്തിത്വങ്ങളും പ്രയർഗ്രൂപ്പും ഞാൻ കൂടിയ ജീസസ് യൂത്ത് പ്രോഗ്രാമുകളുമാണ്.

സുവിശേഷവത്കരണം എന്ന വാക്ക് ബൈബിളിലും ധ്യാനകേന്ദ്രങ്ങളിലും മാത്രം ഉണ്ടായിരുന്നതാണ് എന്ന് വിശ്വസിച്ചിരുന്ന എന്നിലേക്ക് അതും നിനക്ക് കാണാവുന്ന സ്വപ്നം എന്ന് പറഞ്ഞുതന്നത് ബാംഗ്ലൂരിലേക്കുള്ള ഒരു യാത്രയിലെ ചില കണ്ടുമുട്ടലുകളാണ്. 2011-ൽ ബാംഗ്ലൂരിൽ വച്ച് നടന്ന ടീൻസ് മിനിസ്ട്രി ഗാതറിങ്ങ് എന്ന പ്രോഗ്രാം കഴിഞ്ഞുള്ള യാത്ര എന്റെ ജീവിതത്തിലെ വഴിത്തിരിവ് എന്നൊക്കെ പറയാവുന്ന ഒന്നാണ്.

സാധാരണ എല്ലാ ടീനേജേഴ്സും പറയുന്ന പോലെ ഞാനും പറയുമായിരുന്നു എന്റെ ക്ലാസ്സിനെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ. എന്റെ ക്ലാസ്സിലെ കുട്ടികൾ കൊള്ളില്ല അവർ ചെയ്യുന്നത് ഒന്നും ശരിയല്ല. എന്റെ ക്ലാസ്സ് എനിക്ക് ഇഷ്ടമല്ല, അങ്ങനെ അവസാനിക്കാത്ത കുറേ കുറ്റങ്ങൾ. ട്രെയിനിൽ വച്ച് കണ്ട ആ ചേച്ചിയോടും പറഞ്ഞു ക്ലാസ്സിനെക്കുറിച്ച് ഒരുപാട് കുറ്റങ്ങൾ. പറഞ്ഞവസാനിച്ചപ്പോൾ ചേച്ചി ബൈബിളിലെ ഒരു കഥയാണ് പറഞ്ഞുതന്നത്.

# സ്വപ്നങ്ങൾ



**ട്രെയിനിൽവച്ച് കണ്ട ആ ചേച്ചിയോടും പറഞ്ഞു, ക്ലാസ്സിനെക്കുറിച്ച് ഒരുപാട് കുറ്റങ്ങൾ. പറഞ്ഞവസാനിച്ചപ്പോൾ ചേച്ചി ബൈബിളിലെ ഒരു കഥയാണ് പറഞ്ഞുതന്നത്.**

ഓശാന ഞായറാഴ്ച ഈശോയ്ക്കു വേണ്ടി കഴുതയെ കൊണ്ടുവരാൻ പോയ ശിഷ്യന്മാരുടെ കഥ. കെട്ടിയിട്ട കഴുതയെ കൊണ്ടുവരാൻ ഈശോയ്ക്ക് ശിഷ്യന്മാരുടെ ആവശ്യം ഒന്നും ഇല്ലായിരുന്നു. എങ്കിലും കഴുതയെ അഴിച്ചുകൊണ്ടുവരാൻ ഈശോ അവരെ അയച്ചു. എന്റെ ക്ലാസ്സിലെ കൂട്ടുകാർക്ക് ഈശോയെ പരിചയപ്പെടുത്താൻ എന്നെ ഈശോ തിരഞ്ഞെടുത്തതാണെന്ന് പറഞ്ഞുതന്നു.

കഥ പറഞ്ഞ് അവസാനിച്ചപ്പോൾ കൂടെ ഒരു വെല്ലുവിളികൂടെ എനിക്ക് തന്നിരുന്നു. എന്റെ ക്ലാസ്സിലെ ഒരാളെ എങ്കിലും കർത്താവിനുവേണ്ടി നേടാൻ കഴിയുമോ എന്ന വെല്ലുവിളി. സാധിക്കും എന്ന് ഞാൻ ഉറപ്പിച്ചു. അത് ഒരു സ്വപ്നമായി ഞാൻ കൂടെക്കൂട്ടി. ആ സ്വപ്നമാണ് എന്നെ എന്റെ ക്ലാസ്സിനെ ഇഷ്ടപ്പെടാനും അവരെ മനസ്സു തുറന്ന് സ്നേഹിക്കാനും ചങ്കൂറ്റം തന്നത്. അന്ന് ആ ചേച്ചി എന്റെ ഫോൺ നമ്പർ വാങ്ങി. എനിക്ക് ചേച്ചിയുടെ നമ്പറും തന്നു. നമ്പർ തന്നപ്പോഴും വച്ചു ഒരു കണ്ടീഷൻ. നീ ഒരാളെ എങ്കിലും കർത്താവിനുവേണ്ടി നേടിയ ശേഷം വിളിച്ചാൽ മതി എന്ന്. പക്ഷേ, എല്ലാ ആഴ്ചയിലും എന്നെ വിളിക്കുമായിരുന്നു– ക്ലാസ്സിലെ വിശേഷങ്ങൾ ചോദിക്കാൻ, പ്രയർ ഗ്രൂപ്പ് എങ്ങനെ പോകുന്നു എന്ന് അറിയാൻ, ഞാൻ കർത്താവിനുവേണ്ടി ആരെയെങ്കിലും നേടിയോ എന്ന് അറിയാൻ.

അന്ന് എനിക്ക് പകർന്നുതന്ന സ്വപ്നമാണ് പിന്നീട് ക്ലാസ്സിലെ കൂട്ടുകാരെ പ്രയർഗ്രൂപ്പിൽ കൊണ്ടുവരാനും ഇടവകയിൽ ടീൻസ് പ്രയർഗ്രൂപ്പ് നടത്താനും ശക്തി തന്നത്. കോളേജിൽ പഠിക്കുമ്പോഴും, പിന്നീട് മൈസൂർ പോയപ്പോഴും അവസാനം ഇവിടെ തിരുവനന്തപുരത്ത് ടീൻസിന് ഇടയിൽ നിൽക്കുമ്പോഴും അന്നു തന്ന സ്വപ്നം എന്റെ ഒപ്പം തന്നെയുണ്ട്. എന്നെങ്കിലും അത് ട്രെൻഡ് ആയി മാറും എന്ന വിശ്വാസത്തോടെ.

ടീനേജ് ലൈഫിലെ സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകുന്നത് അവർ കണ്ടുമുട്ടുന്ന വ്യക്തികളാണ്. മുമ്പിൽ അവർക്ക് തെരഞ്ഞെടുക്കാൻ കുറെ ട്രെൻഡുകൾ ഉണ്ടാകും. ഒരു വശത്ത് ബ്ലൂവെയിൽ പോലുള്ള കുറെ ട്രെൻഡുകളും ഒരുവശത്ത് ഡു കാറ്റ് പോലുള്ള കുറച്ച് ട്രെൻഡുകളും. അത് ഏത് തെരഞ്ഞെടുക്കണം എന്ന് തീരുമാനിക്കുന്നത് അവരും അവരെ അതിലേക്കു നയിക്കുന്ന നമ്മൾ ഓരോരുത്തരും ആണ്.

***പിൻപുറം:*** കഥയിലെ ചേച്ചി നീന മരിയാ ജോർജ് ഇന്ന് ഖത്തറിൽ ആണ്. ഭർത്താവും രണ്ട് കുഞ്ഞുവാവകളുമായി സുഖമായി ജീവിക്കുന്നു. ഇന്നും വിളിക്കും. ഒരുപാട് സ്നേഹത്തോടെ വിശേഷങ്ങൾ അറിയാൻ.

അനിത ജോജി

*സ്കൂൾ കൗൺസിലർ*
*ചാവറ പബ്ലിക് സ്കൂൾ, പാലാ*





# വിശുദ്ധ കൗമാരങ്ങൾക്കായി...

## ജീവിതവിശുദ്ധിയുടെ സുഗന്ധം നമ്മുടെ കൗമാരവസന്തത്തിൽ നിന്നുണരട്ടെ!


MY FOLDER

"ജെറുസലേം പുത്രിമാരേ, പാടത്തെ ചെറുകലമാനുകളുടെയും പേടമാനുകളുടെയും പേരിൽ ഞാൻ കെഞ്ചുന്നു, സമയമാകുന്നതിനു മുമ്പേ നിങ്ങൾ പ്രേമത്തെ തട്ടിയുണർത്തുകയോ ഇളക്കിവിടുകയോ ചെയ്യരുതേ" (ഉത്തമഗീതം 3:5). ഈ ദൈവവചനത്തിന്റെ അർഥവും വ്യാപ്തിയും ഈ കാലഘട്ടത്തിൽ മനസ്സിലാക്കി ജീവിക്കുന്ന കൗമാരക്കാരുടെയും യുവജനങ്ങളുടെയും എണ്ണം കുറഞ്ഞുവരുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈ നാളുകളിൽ ഞാൻ കണ്ടുമുട്ടിയ പലരുടെയും അനുഭവങ്ങളാണ് അതിനു കാരണം.

ഒരിക്കൽ പതിനൊന്നാം ക്ലാസ്സ് വിദ്യാർഥി എന്റെയടുത്ത് കൗൺസിലിംഗിനായി വന്നു. ഒരു ഗവൺമെന്റ് സ്കൂളിലാണ് അവൻ പഠിക്കുന്നത്. പിതാവിന്റെ മദ്യപാനവും കുടുംബത്തിലെ സാമ്പത്തിക പിന്നോക്കാവസ്ഥയുമെല്ലാം ആ കുട്ടിയെ വല്ലാതെ ബാധിച്ചിരുന്നു. ഈയൊരു പ്രതിസന്ധിയിൽ നിന്ന് അവൻ രക്ഷനേടാൻ ശ്രമിച്ചത് തന്റെ സഹപാഠിയായ ഒരു പെൺകുട്ടിയുമായുള്ള സൗഹൃദത്തിലൂടെയായിരുന്നു. സൗഹൃദവും നിരന്തര സംസാരവും അവർ പോലുമറിയാതെ വലിയ ഒരു ഇന്റിമസിയിലേക്കും പിന്നീട് പിരിയാൻ കഴിയാത്ത ഒരു റിലേഷൻഷിപ്പിലേക്കും കൊണ്ടെത്തിച്ചു. പക്ഷേ, ഈ ബന്ധം അവന്റെ വിശുദ്ധിയെയും പഠനത്തെയുമെല്ലാം ബാധിച്ചു. മാനസികമായി തകർന്നനിലയിലാണ് ഒരു പ്രോഗ്രാമിൽവച്ച് അവിചാരിതമായി ഞാൻ കാണുന്നത്. ആറാം ക്ലാസ്സിൽ തുടങ്ങിയ ആ ബന്ധത്തിൽനിന്ന് പിരിയുന്നത് ചിന്തിക്കാനാകില്ലെന്ന് അവൻ എന്നോട് പറഞ്ഞപ്പോൾ ഞാൻ അക്ഷരാർത്ഥത്തിൽ അന്ധാളിച്ചുപോയി. പക്വതയെത്താത്ത പ്രായത്തിൽ എത്ര ലാഘവത്തോടെയാണ് ഇത്രയും വലിയൊരു തീരുമാനമെടുക്കുന്നത് ?

ബന്ധങ്ങൾ ബന്ധനങ്ങളായിത്തീർന്നവരെ തിരിച്ച് കൊണ്ടുവരിക എന്നത് വളരെ ബുദ്ധിമുട്ടേറിയ കാര്യമായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. ദൈവത്തിന്റെ പരിശുദ്ധാരൂപിയുടെ സഹായത്താൽ മാത്രമേ അതിനു കഴിയൂ എന്നാണ് അനുഭവങ്ങളിൽ നിന്ന് ഞാൻ പഠിച്ചത്.

സ്നേഹിക്കാനും സ്നേഹം സ്വീകരിക്കാനുമുള്ള കഴിവ് ദൈവം മനുഷ്യന് നൽകിയ ഒരു വലിയ ദാനമാണ്. പ്രണയം ദാമ്പത്യബന്ധത്തിൽ അർപ്പിക്കുമ്പോഴാണ് അതിന് തിളക്കമേറുന്നത്.



**ആറാം ക്ലാസ്സിൽ തുടങ്ങിയ ആ ബന്ധത്തിൽ നിന്ന് ഒരിക്കലും പിന്മാറാനാവില്ലെന്നും, "വാക്കു കൊടുത്തുപോയെന്നും" അവൻ എന്നോട് പറഞ്ഞപ്പോൾ ഞാൻ അക്ഷരാർഥത്തിൽ അന്ധാളിച്ചുപോയി.**

കൗമരകാലത്ത് പ്രണയവും ആകർഷണവുമൊക്കെ തോന്നുന്നത് തെറ്റല്ല. അത് സ്വാഭാവികമാണ്. ബാല്യത്തിൽ നിന്ന് യൗവനത്തിലേക്കുള്ള വളർച്ചയുടെ അടയാളമാണത്. എന്നാൽ, പ്രായത്തെയും പഠനത്തെയും ബാക്കിയുള്ള എല്ലാ യാഥാർഥ്യങ്ങളെയും മറന്നുകൊണ്ട് വിവേകമില്ലാതെ ബന്ധം സ്ഥാപിക്കുന്നതാണ് അപകടം. തുടർന്ന് നവമാധ്യമങ്ങളിലൂടെയുള്ള നിരന്തരമായ ചാറ്റിങ്ങും ഇന്നത്തെ കൗമാരക്കാരുടെ ജീവിതത്തെ അവതാളത്തിലാക്കുന്നു. പ്രണയക്കെണികളുടെ വാർത്തകളും നാട്ടിൽ കുറവല്ലെന്നോർക്കണം. പഠനം കുഴപ്പത്തിലാകുന്നതും വീടുകളിൽ പ്രശ്നമുണ്ടാകുന്നതും മാനസികമായ ആഘാതമേൽക്കുന്നതുമെല്ലാം അനന്തരഫലങ്ങളാണ്. സർവോപരി വിശുദ്ധിയെന്ന മനോഹരമായ പുണ്യത്തിനു കോട്ടംവരുവാനും ഇതിടയാക്കുന്നുണ്ട്.

വി.പൗലോസ് ശ്ലീഹായുടെ ദൈവവചനം നമ്മെ ഇപ്രകാരം പഠിപ്പിക്കുന്നു: "നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും" (1 കോറി 3:16). നമുക്കിഷ്ടമുള്ളതുപോലെ ഉപയോഗിക്കാനുള്ളതല്ല നമ്മുടെ ശരീരം കാരണം അത് ദൈവത്തിന്റേതാണ്. "നിങ്ങളുടെ വിശുദ്ധീരണമാണ് ദൈവം അഭിലഷിക്കുന്നത്– അസന്മാർഗികതയിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞുമാറണം" (1 തെസ 4:3). "അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്" (1തെസ 4:7).

## മൊബൈൽ ഫോണും സോഷ്യൽ മീഡിയയും– ചില മുൻകരുതലുകൾ

ഒരു മിസ്ഡ് കോളാണ് എന്റെ ജീവിതം മിസ് (miss) ആക്കിയത് എന്ന് എന്നോട് പറഞ്ഞ ധാരാളം കൗമാരക്കാരുണ്ട്. അതിനാൽ ഫോൺ ഉപോഗത്തിൽ ജാഗ്രതയും കരുതലും വേണം. നമുക്ക് വ്യക്തിപരമായി അറിയാത്തവർ നമ്മുടെ കൂട്ടുകാരായും അടുപ്പക്കാരായും ഉണ്ടാകരുത്.

ഞങ്ങൾ കോളേജിലായിരുന്നപ്പോൾ പ്രെയർ ഗ്രൂപ്പ് അംഗങ്ങൾ പാലിച്ചിരുന്ന ഒരു നിയമമുണ്ട്– രാത്രി ഒമ്പതു മണിക്കുശേഷം എത്ര അത്യാവശ്യമുണ്ടായാലും ആൺകുട്ടികൾ പെൺകുട്ടികളെയോ, തിരിച്ചോ ഫോൺ ചെയ്യില്ല എന്നതായിരുന്നു അത്. അർധരാത്രിയും കടന്നു നീളുന്ന ഫോൺവിളികളും ചാറ്റിംങ്ങുകളും ആത്മീയമായും ശാരീരികമായും നമ്മെ തകർത്തുകളയാനേ ഉപകരിക്കൂ. ഡോക്ടറും എഞ്ചിനീയറുമൊക്കെ ആകാനായി എത്രമാത്രം ഒരുക്കവും പഠനവുമെല്ലാമാണ് നാം നടത്തേണ്ടത്? അതിശ്രേഷ്ഠമായ വിവാഹാന്തസ്സിലേക്ക് പ്രവേശിക്കാൻ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും വിശുദ്ധിയിൽ നാം ഒരുങ്ങണം. നമ്മുടെ ജീവിതത്തെക്കുറിച്ച് ക്രിസ്തുവിനുള്ള സ്വപ്നം നമുക്കും സ്വന്തമാക്കാം. ജീവിതവിശുദ്ധിയുടെ സുഗന്ധം നമ്മുടെ കൗമാരവസന്തത്തിൽ നിന്നുണരട്ടെ.

**FLY HIGH**

# Exam പൊളിക്കേണ്ടേ??!!

**പരീക്ഷക്കാലം വരുകയാണ്. നമുക്ക് പൊളിക്കേണ്ടേ? ചില ടിപ്സ് പറയുകയാണിവിടെ**

**1** സ്റ്റഡി ടേബിൾ ഒന്ന് അടുക്കി, എല്ലാം ഭംഗിയായി ക്രമീകരിക്കാം. കണ്ടാൽ പഠിക്കാൻ തോന്നണം.

**2** കൃത്യമായി പ്ലാൻ ചെയ്യാം. ഇനി എത്ര ദിവസമുണ്ടെന്ന് വെറുതെ ഒന്ന് കണക്കുകൂട്ടിയാലോ? ഉദാഹരണത്തിന് മാർച്ച് പത്തിനാണ് പരീക്ഷ തുടങ്ങുന്നതെങ്കിൽ ഇനി എത്ര ദിവസം ബാക്കിയുണ്ട്? അങ്ങനെയെങ്കിൽ ഓരോ വിഷയം പഠിക്കാനും എത്ര ദിവസം കിട്ടുമെന്ന് നോക്കാം.

**3** പഠനം പ്രാർഥനയോടെ തുടങ്ങാം. കുറച്ച് സമയം ബൈബിൾ വായിച്ച ശേഷം പഠനം ആരംഭിച്ചാലോ?

**4** തുടർച്ചയായി പഠിക്കുന്നതിനിടയിൽ അഞ്ചോ പത്തോ മിനുറ്റ് ഇടവേളയെടുക്കുന്നത് കാര്യങ്ങൾ ഓർമയിലിരിക്കാൻ നല്ലതാണ്.

**5** ധാരാളം വെള്ളം കുടിക്കണം. പരീക്ഷയുടെ ടെൻഷനിൽ ഭക്ഷണം കഴിക്കാതിരിക്കരുത്. പോഷകമൂല്യമുള്ള നല്ല ഭക്ഷണം ആവശ്യത്തിന് കഴിക്കാം.


**6** മൊബൈൽ ഫോൺ സ്റ്റഡി ടേബിളിൽ നിന്ന് മാറ്റിവയ്ക്കാം. ശ്രദ്ധ നിലനിറുത്താൻ ഇത് സഹായിക്കും.

**7** മുൻവർഷങ്ങളിലെ ചോദ്യങ്ങൾ സമയം കിട്ടുമ്പോൾ ഒന്ന് മറിച്ചു നോക്കാം. ഏകദേശം ഒരു ഐഡിയാ കിട്ടാൻ ഇത് സഹായിക്കും.

***എല്ലാ ടീൻസിനും നല്ലൊരു പരീക്ഷാക്കാലം ആശംസിക്കുന്നു. നിങ്ങളുടെ വക എക്സാം ടിപ്സ് ടീൻസ്പിരിറ്റിന് അയച്ചുതരാമോ?***

**6282882021**
teenspirit.kairos@gmail.com

## LOGOS




## SMILEY




## JY NEWS

# കെ.ജെ.വൈ.സി. പുതിയ നേതൃനിര


ജീസസ് യൂത്തിന്റെ ഓൾ കേരള നേതൃ നിരയാണ് KJYC (കേരള ജീസസ് യൂത്ത് കൗൺസിൽ). ഇക്കഴിഞ്ഞ ഡിസംബറിൽ പാലാ സെന്റ് തോമസ് കോളേജിൽ വച്ചു നടന്ന കേരള ജീസസ് യൂത്ത് കോൺഫറൻസിൽ തൃശൂർ സോണിലുള്ള ഗിനീസ് ഫ്രാൻസിസിന്റെ നേതൃത്വത്തിലുള്ള പുതിയ KJYC-യെ തെരഞ്ഞെടുത്തു.



**ഗിനീസ് ഫ്രാൻസിസ്**
തൃശൂർ സോൺ
പുതിയ KJYC കോ-ഓർഡിനേറ്റർ
ജോലി: ബിസിനസ്സ്



**ഷെറി എബ്രഹാം**
കോതമംഗലം സോൺ
പുതിയ KJYC അസി. കോ-ഓർഡിനേറ്റർ
കോതമംഗലം സോണൽ കോ-ഓർഡിനേറ്ററായിരുന്നു. ജോലി: HR പ്രൊഫഷണൽ




**അഭിലാഷ് എം.കെ**
ഇടുക്കി സോൺ
Ex Officio (മുൻ KJYC കോ-ഓർഡിനേറ്റർ)
ജോലി: സോഫ്റ്റ് സ്കിൽ ട്രെയിനർ



**അലീനാ മേരി പോൾ**
അങ്കമാലി സോൺ
സോണൽ കൗൺസിൽ അംഗം; കർണാടക മധ്യസ്ഥ പ്രാർഥന ടീമംഗമായിരുന്നു.
ജോലി: ഡെന്റിസ്റ്റ്



**അമൽ ജോസ്**
തിരുവനന്തപുരം സോൺ
കേരള ഫോർമേഷൻ ടീംഅംഗം. MEST ടീമംഗമായിരുന്നു. ജോലി: ഐ.ടി. രംഗത്ത്




**ആന്റോ തോമസ്**
കോതമംഗലം സോൺ
കേരള പാരിഷ് മിനിസ്ട്രി കോ-ഓർഡിനേറ്റർ. മുൻ സോണൽ കോ-ഓർഡിനേറ്റർ
ജോലി: കമ്പനി സൂപ്പർവൈസർ



**ജോൺ സണ്ണി**
തൃശൂർ സോൺ
തൃശൂർ കാമ്പസ് മിനിസ്ട്രി കോ-ഓർഡിനേറ്ററായിരുന്നു. ജോലി: ബിസിനസ്സ്




**പ്രെയ്സ് കുര്യാക്കോസ്**
എറണാകുളം സോൺ
കേരള കാമ്പസ് മിനിസ്ട്രി കോ-ഓർഡിനേറ്ററായിരുന്നു. ജോലി: ബിസിനസ്സ്




**സമീരാ സെബാസ്റ്റ്യൻ**
പുനലൂർ സോൺ
പുനലൂർ സോണൽ കൗൺസിൽ അംഗമായിരുന്നു. MEST Asst. Co-ordinator ആയിരുന്നു. ജോലി: ഡോക്ടർ




**സിന്റോ കെ.കെ**
തൃശൂർ സോൺ
കേരള മിഷൻടീം അംഗം. TASC, Full Timers Pogramme എന്നിവയിൽ ടീമംഗമായിരുന്നു.
ജോലി: ശാലോം വേൾഡിൽ




**ശ്രീക്കുട്ടി പി.പി**
തൃശൂർ സോൺ
തൃശൂർ സോണൽ കൗൺസിൽ അംഗം; സബ്സോൺ ടീമംഗമായിരുന്നു.
ജോലി: അധ്യാപിക




**റവ.ഡോ. ജോസഫ് എഴുമായിൽ**
കോതമംഗലം, KJYC ചാപ്ലിൻ



**റവ. സി. മേരി ആൻ**
എറണാകുളം, KJYC ആനിമേറ്റർ



**സന്തോഷ് ആന്റണി**
ചങ്ങനാശ്ശേരി, KJYC ആനിമേറ്റർ



**മെൽവിൻ ജോസഫ്**
ചേർത്തല, KJYC ആനിമേറ്റർ

*കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർ വായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായ ചിലത് കെയ്റോസ് വായനക്കാർക്കായി ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.*

# ഹൈലൈറ്റ്സ്



## മയക്കു മരുന്നിൽ പൊലിയുന്ന വിദ്യാർഥി സമൂഹം

കേരളത്തിനു പുറത്തു പഠിക്കാൻ പോകുന്ന കുട്ടികളിൽ നിരവധി പേർ മയക്കുമരുന്നിനടിമപ്പെടുന്നുവെന്ന് മാതൃഭൂമി ചാനൽ അന്വേഷണ പരമ്പര വെളിപ്പെടുത്തുന്നു (2018 ഡിസംബർ 20)

## ഈ യുദ്ധം അവസാനിക്കില്ലേ?

സുപ്രീം കോടതി വിധിപ്രകാരമല്ല, ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലയിൽ ഓർത്തഡോക്സ് -യാക്കോബായ തർക്കം ഒത്തുതീർക്കണമെന്ന് അഡ്വ.ജയശങ്കർ. കോതമംഗലം പള്ളി സംഘർഷവുമായി ബന്ധപ്പെട്ട ചർച്ചയിലാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞത് (ന്യൂസ് 18 ചാനൽ, 2018 ഡിസംബർ 20) ക്രിസ്തീയ വിശ്വാസം പഠിപ്പിക്കാൻ ഇതര മതസ്ഥർ വരേണ്ടിവരുന്നത് കഷ്ടമെന്നു പറയേണ്ടിവരും.

## മൊബൈൽ ഫോൺ ഭവിഷ്യത്തുകൾ

മൊബൈൽ ഫോൺ കുട്ടികൾക്ക് കളിപ്പാട്ടമായി കൊടുത്താലുണ്ടാകുന്ന ഭവിഷ്യത്തുകളെപ്പറ്റി നടത്തിയ ശാസ്ത്രീയ പഠനം ഡിസംബർ 31-ലെ ദീപിക പത്രത്തിൽ വിവരിച്ചിരിക്കുന്നത് ഏവരും വായിക്കേണ്ടതാണ്.

## താഴെ നിന്നും മുകളിൽ നിന്നും

അതീവ ദാരിദ്ര്യാവസ്ഥയിൽ നിന്ന് ഉന്നതിയിലെത്തിയ ഡോ. രാധാകൃഷ്ണന്റെയും സമ്പന്നതയുടെ മടിത്തട്ടിൽ നിന്ന് ദാരിദ്ര്യാവസ്ഥയിലേക്ക് തള്ളപ്പെട്ട നടി ചാർമിളയുടെയും ജീവിത കഥ വനിതയിൽ (2019 ജനുവരി 1-14 ) വിവരിച്ചിരിക്കുന്നത് നല്ലയനുഭവം നൽകുന്നു.

## ഞെട്ടിപ്പിക്കുന്ന സർവേ റിപ്പോർട്ട്

സോഷ്യൽ മീഡിയയിൽ ജീവിക്കുന്ന മലയാളികളുടെ അനുഭവങ്ങളെപ്പറ്റിയുള്ള സർവേ റിപ്പോർട്ട് വനിത (2019-ജനുവരി 1-14) നൽകിയിരിക്കുന്നത് ഞെട്ടലോടെയെ വായിക്കാൻ കഴിയൂ.



## തെരുവോരം മുരുകൻ

രണ്ടു പതിറ്റാണ്ടിനിടെ 10,000-ൽ പരം ആലംബഹീനരെ തെരുവിൽ നിന്നും വീണ്ടെടുത്തു രക്ഷിച്ച തെരുവോരം മുരുകനെപ്പറ്റിയുള്ള ഫീച്ചർ 2018 ഡിസംബറിലെ എഴുത്ത് മാസികയിലുണ്ട്.

## ക്രിസ്ത്യാനികളെ എവിടെയും തള്ളാം

നവോത്ഥാനത്തിൽ കേരള ക്രൈസ്തവർക്ക് പങ്കില്ലെന്ന ചിലരുടെ പ്രസ്താവനകൾക്കും വാദങ്ങൾക്കുമെതിരെ കെ.സി.ബി.സി-യും, സി.ബി.സി.ഐ ലെയ്റ്റി കൗൺസിലും പ്രതിഷേധം രേഖപ്പെടുത്തുകയും മിഷണറിമാർ, ചാവറയച്ചൻ തുടങ്ങിയ ക്രൈസ്തവരുടെ പങ്ക് എടുത്തു കാണിക്കുകയും ചെയ്യുന്ന റിപ്പോർട്ട് 2018 ഡിസംബർ 18-ലെ ദീപിക പത്രത്തിൽ വിവരിച്ചിരിക്കുന്നു (നവോത്ഥാനം ചിലരുടെ കുത്തകയോ എന്ന ലേഖന പരമ്പരയിൽ കുര്യാസ് കുമ്പളക്കുഴി)

## സന്യാസം, പൗരോഹിത്യം ഇവ തമ്മിലുള്ള വ്യത്യാസം

ചില സമകാലിക വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വിശദീകരണം, 2019 ജനുവരി 10-ലെ ദീപിക ദിനപത്രത്തിൽ, കത്തോലിക്കാ സന്യാസം വീണ്ടും അപഹസിക്കപ്പെടുമ്പോൾ എന്ന ലേഖനത്തിൽ കാണാം. പൗരോഹിത്യവും സന്യാസവും രണ്ടാണെന്ന് ഇതിൽ വ്യക്തമാക്കുന്നു.

## നിരപരാധികൾ തടവറയിൽ

പത്രപ്രവർത്തകൻ ആന്റോ അക്കരയുടെ 'ഇന്നസെന്റ്സ് ഇംപ്രിസെന്റ്' എന്ന ഡോക്യുമെന്ററിയുടെ മലയാള വിവർത്തനം പ്രശസ്ത സാമൂഹിക പ്രവർത്തകൻ സ്വാമി അഗ്നിവേശ് ജനുവരി 12-ന് കോഴിക്കോട്ടുവച്ച് സാഹിത്യകാരൻ കെ.പി. രാമനുണ്ണിയുടെ സാന്നിധ്യത്തിൽ പ്രകാശനം ചെയ്തു. 2008-ൽ സംഘ്പരിവാർ ഒഡീഷയിലെ കാന്ധമാൽ കാടുകളിൽ ക്രിസ്ത്യാനികൾക്കെതിരെ നടത്തിയ കലാപത്തിനു പിന്നിലെ ഗൂഢതന്ത്രവും നീതിയുടെ പ്രഹസനത്തിലൂടെ ഏഴു നിരപരാധികളെ കൊലപാതകികളാക്കി തുറങ്കിലടച്ച ഞെട്ടിക്കുന്ന കദനകഥ അവതരിപ്പിക്കുന്ന ഡോക്യുമെന്ററി ഈ ലിങ്കിലൂടെ കാണാം: https://m.youtube.com/watch?v=bTaqi6iRRUE

## സ്നാപക യോഹന്നാൻ ഭക്ഷിച്ച വെട്ടുകിളി ഒരു സസ്യമാണ്

സ്നാപക യോഹന്നാന്റെ ഭക്ഷണമായിരുന്ന (മത്താ 3:4) വെട്ടുകിളി ലോക്കസ്റ്റ് എന്നു പേരായ മരത്തിന്റെ കായ് ആണെന്ന് പ്രശസ്ത ദൈവശാസ്ത്ര പണ്ഡിതനായ (മലങ്കര ഓർത്തഡോക്സ്) പ്രഫ. ഡി മാത്യുവിന്റെ പുസ്തകത്തിൽ വിവരിക്കുന്നു. ബൈബിളിലെ സസ്യജാലത്തെപ്പറ്റി അദ്ദേഹവും മകനും ചേർന്നെഴുതിയ ലെബനോനിലെ ദേവദാരു എന്ന ഗ്രന്ഥം നമ്മെ ആശ്ചര്യപ്പെടുത്തും (മനോരമ ഞായറാഴ്ച 2019 ജനുവരി 6)

ഷാർലറ്റ് ആൻസ് ടോം



*ഗാന്ധിയൻ പഠനത്തിൽ എം.എ. ബിരുദധാരിയായ ലേഖിക അതേ വിഷയത്തിൽ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ ഗവേഷണ പഠനമാരംഭിക്കുകയാണ്.*
sharletans@gmail.com

## മിഷൻ

# കൃപയുടെ ഒരു മാസം

### പരിമിതികളുടെ വരണ്ട ഭൂമിയിലും സൗകര്യങ്ങളുടെ ഉറവപൊട്ടുന്ന കൃപയുടെ അനുഭവം

മിഷണറിയാകണോ, അതിന് മിഷൻ അനുഭവം വേണം. എന്നെ പിടിച്ചു കുലുക്കിയ വാചകമായിരുന്നു അത്. കഴിഞ്ഞവർഷം ഡിഗ്രി അവസാനവർഷ വിദ്യാർഥികൾക്കുവേണ്ടി ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന 'ഫൈനൽ ഇയേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം' ആയിരുന്നു വേദി. ക്രിസ്ത്യാനി എന്ന നിലയിൽ എന്റെ ഉത്തരവാദിത്വവും വിളിയുമാണ് മിഷണറി ജീവിതം എന്നു തിരിച്ചറിഞ്ഞുതുടങ്ങിയ സമയത്ത് ഒരു ക്ലാസ്സിനിടെ കേട്ട ആ വാക്കുകൾ എന്റെ മനസ്സിനെ പൊള്ളിച്ചു.

അന്നു കിട്ടിയ ബോധ്യങ്ങൾ ഞങ്ങളെ ഒരു മിഷൻ യാത്രയിലേക്കാണ് നയിച്ചത്. മധ്യപ്രദേശിലേക്ക്. ട്രെയിനിങ്ങിൽ പങ്കെടുത്ത മറ്റ് 9 പേരും ഒപ്പമുണ്ടായിരുന്നു. വ്യത്യസ്തമായ ഭൂപ്രകൃതിയിലൂടെ തീവണ്ടി പാഞ്ഞപ്പോൾ ഞങ്ങളുടെ ഹൃദയങ്ങളും വ്യത്യസ്തമായ അനുഭവങ്ങളിലൂടെ യാത്ര തുടങ്ങിക്കഴിഞ്ഞിരുന്നു. ആ ട്രെയിൻ യാത്ര ഒരാഘോഷമായി. പ്രാർഥനയും സ്തുതികളും, ചിരിയും കളിയും നിറഞ്ഞ ചങ്ങാത്തവും.

വെറും പത്ത് ദിവസത്തെ പരിചയം മാത്രമാണ് ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നത് എന്ന് ഞങ്ങളുടെ സഹയാത്രികർക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. സത്യത്തിൽ ആ കമ്പാർട്ട്മെന്റിലെ ഒട്ടുമിക്കവരുമായും ഞങ്ങൾ സൗഹൃദത്തിലായിരുന്നു. അക്രൈസ്തവനും ഉത്തരേന്ത്യക്കാരനുമായ ഒരാൾ, ഞങ്ങൾ മിഷന് പോകുന്നു എന്നറിഞ്ഞപ്പോൾ 2000 രൂപ നൽകി സഹായിച്ചത് ഇപ്പോഴും മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു. ഉത്തരേന്ത്യക്കാരെക്കുറിച്ചുള്ള എന്റെ ചില തെറ്റിദ്ധാരണകൾ മാറാനും ഇതു കാരണമായി.

മധ്യപ്രദേശിലെ ഖണ്ഡ്വാ എന്ന ജില്ലയിലെ ഔലിയ ഗ്രാമത്തിലാണ് ഞങ്ങൾ ഒരു മാസം ചെലവഴിച്ചത്. ഔലിയ ഇടവകയിലെ വികാരിയും മലയാളിയുമായ ഫാ. പ്രകാശ് എസ്.എ.സി.യുടെ മിഷൻ പ്രവർത്തനങ്ങൾ ഞങ്ങളെ വല്ലാതെ സ്പർശിച്ചു. എന്തൊരു തീക്ഷ്ണതയാണ് അച്ചന്. ശരിക്കും പ്രചോദനാത്മകം.

> **ഞങ്ങളുടെ സൗഹൃദം കൂടെയുണ്ടായിരുന്ന യാത്രക്കാരെവരെ അത്ഭുതപ്പെടുത്തി. കേവലം പത്ത് ദിവസത്തെ പരിചയം മാത്രമാണ് ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നത് എന്ന് അവർക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല.**

എല്ലാദിവസവും വൈകുന്നേരങ്ങൾ ഗ്രാമത്തിലെ ഭവന സന്ദർശനങ്ങൾക്കായി മാറ്റിവച്ചിരുന്നു. അതിനുള്ള ഒരുക്കമായി പകൽ മുഴുവൻ ആരാധനയിലും മധ്യസ്ഥ പ്രാർഥനയിലും ചെലവഴിച്ചു.

ചാണകം മെഴുകിയ ഒന്നും രണ്ടും മുറികൾ മാത്രമുള്ള ചെറിയ വീടുകളിലാണ് പല കുടുംബങ്ങളുടെയും താമസം. ആറും ഏഴും മക്കൾ അടങ്ങുന്നതാണ് ഓരോ കുടുംബവും. വളരെസ്നേഹത്തോടും സന്തോഷത്തോടും കൂടിയാണ് ഭവനസന്ദർശന സമയത്ത് അവർ ഞങ്ങളെ സ്വീകരിച്ചിരുന്നത്

ചെറുപ്രായം മുതൽ അവിടത്തെ പെൺകുട്ടികൾ വീട്ടുജോലികളിൽ ഏർപ്പെട്ടിരുന്നു. 18 വയസ്സായാൽ ഉടൻ വിവാഹം കഴിപ്പിച്ച് വിടും. വീടിന്റെ നാലുകോണിൽ ഒതുക്കപ്പെടുകയാണ് ഓരോ പെൺകുട്ടിയുടെയും ജീവിതമെന്ന് ഞങ്ങൾക്കു മനസ്സിലായി. സ്വാതന്ത്ര്യം ഇല്ല എന്ന് നിരന്തരം പരാതിപ്പെട്ടിരുന്ന എനിക്ക് ഇത് വലിയ തിരിച്ചറിവിന്റെ നിമിഷങ്ങൾ ആയിരുന്നു.

വളരെ പരമിതമായ ഗതാഗത സൗകര്യങ്ങൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. കൂടുതലും മൺറോഡുകൾ. ഭൂരിഭാഗം പേരും





ക്രിസ് ജോസഫ് – കോട്ടയം ജില്ലയിലെ കുറവിലങ്ങാട് സ്വദേശിയും. ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ ഒന്നാംവർഷ എം.എസ്സി. ഫിസിക്സ് വിദ്യാർഥിനിയുമാണ്.
*chrisjosf@gmail.com*

ഗതാഗതത്തിനുവേണ്ടി ആശ്രയിച്ചിരുന്നത് കാളവണ്ടികളെയാണ്.

ലഹരിയുടെ ഉപയോഗവും മദ്യപാനവും പല കുടുംബങ്ങളുടെയും തകർച്ചയ്ക്ക് ഇട വരുത്തിയിരുന്നു. സ്ത്രീകളും പുരുഷന്മാരും ഒരുമിച്ചിരുന്ന് മദ്യപിക്കുന്നത് അവിടെ സർവസാധാരണമായിരുന്നു. പലരുടെയും കാലുകൾ വ്രണംകൊണ്ട് നിറഞ്ഞിരുന്നു. കാലുകൾ മുറിച്ചുമാറ്റേണ്ട അവസ്ഥയിൽ എത്തിയാലും ലഹരി അവർ ഉപേക്ഷിച്ചിരുന്നില്ല.

ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവത്കരണമാണ് ഇവിടെയെത്തുന്ന മിഷണറിമാരുടെ മുഖ്യ പ്രവർത്തനങ്ങളിലൊന്ന്. ഫാ. പ്രകാശിന്റെയും ഏറ്റവും പ്രധാന ഉത്തരവാദിത്വം ഇതുതന്നെയായിരുന്നു.

ഔലിയ ഇടവയുടെ കീഴിൽ 15 ഗ്രാമങ്ങളാണുള്ളത്. വൈകുന്നേരങ്ങളിൽ ഓരോ ദിവസവും ഓരോ ഗ്രാമത്തിൽ ഭവന സന്ദർശനം നടത്തുവാൻ സാധിച്ചു. അവരോടൊപ്പം ദിവ്യബലിയിൽ പങ്കുചേർന്നു. ഈശോയെ സ്വീകരിക്കാനുള്ള അവസരം മാസത്തിൽ രണ്ടുതവണ മാത്രമേ ആ ഗ്രാമങ്ങളിലെ ജനങ്ങൾക്കു ലഭിച്ചിരുന്നുള്ളൂ.

വീടുകളിലും ചെറിയ കെട്ടിടങ്ങളിലുമായിട്ടാണ് അച്ചൻ ദിവ്യബലിയർപ്പിച്ചിരുന്നത്. ഓരോ ഗ്രാമത്തിലും രണ്ട്–മൂന്ന് കത്തോലിക്കാ കുടുംബങ്ങൾ ഉണ്ട്. 7–8 കിലോമീറ്ററുകൾ സഞ്ചരിച്ചിട്ടാണെങ്കിലും ആ ഗ്രാമങ്ങളിൽ അച്ചൻ ദിവ്യബലി മുടക്കിയിരുന്നില്ല.




ചെറിയ വീടുകളിലും പരിമിത സാഹചര്യങ്ങളിലും ദിവ്യബലിയിലും പ്രാർഥനയിലും പങ്കു ചേർന്നപ്പോൾ ഒത്തിരി സന്തോഷം തോന്നി. മിഷണറി ദൗത്യം തുടരുക എന്നത് എന്റെ ഉത്തരവാദിത്വമാണെന്ന് അവിടെവച്ച് ഞാൻ ഉറപ്പിച്ചു.

ഔലിയായിൽ ആയിരിക്കുമ്പോൾ ഒരു ദിവസംതന്നെ 2–3 തവണ ദിവ്യബലിയിൽ പങ്കുചേരാനും, ഈശോയെ സ്വീകരിക്കുവാനും കൂടുതൽ പ്രാർഥിക്കാനും ദൈവവിളിയെക്കുറിച്ച് ചിന്തിക്കാനും സാധിച്ചു. ഈശോ എനിക്ക് തന്ന എല്ലാ കഴിവുകളെയും സാഹചര്യങ്ങളെയും ഓർത്ത് കൂടുതൽ നന്ദിയുള്ളവളായി ജീവിക്കാൻ മിഷൻ അനുഭവങ്ങൾ എന്നെ സഹായിച്ചു. തിരികെ വന്നതിനുശേഷം കൂടുതൽ ഉപകാരപ്രദമായ രീതിയിൽ സമയത്തെ ഉപയോഗിക്കുവാൻ ഞാൻ ശ്രദ്ധിച്ചു തുടങ്ങി. എന്റെ ഇടവകയിലെ രണ്ടുപേരെക്കൂടി ഔലിയായിലേക്ക് മിഷനുവിടാൻ നല്ല തമ്പുരാൻ എന്നെ സഹായിച്ചു.

തമ്പുരാന്റെ, അളവില്ലാത്ത കരുതലും സ്നേഹവും മനസ്സ് നിറഞ്ഞ് അനുഭവിച്ച ദിനങ്ങളായിരുന്നു അത്. ആ മിഷൻ അനുഭവത്തെ ഞാൻ അത്രയേറെ സ്നേഹിക്കുന്നു. കാരണം, മിഷണറിയാകണമെങ്കിൽ മിഷൻ അനുഭവങ്ങൾ കൂടിയേതീരൂ.

സിനി ടോക്സ്

ജോസഫ് അന്ത്രപ്പേർ



*കുടുംബസമേതം യു.കെ.യിലെ സൗത്താംപ്ടണിൽ വസിക്കുന്ന ലേഖകൻ കെയ്റോസ് ഗ്ലോബലിന്റെ എഡിറ്റോറിയൽ കൗൺസിൽ അംഗമാണ്*
josephja@gmail.com

# ലിറ്റിൽ ബോയ്

**ശത്രുപക്ഷക്കാരനായി കണക്കാക്കുന്ന ഹാഷിമോട്ടോയുമായുള്ള സൗഹൃദത്തിലൂടെ, തന്റെ പിതാവിനെ തിരികെ കൊണ്ടുവരാനായുള്ള പെപ്പെറിന്റെ പ്രയത്നങ്ങളും ജയപരാജയങ്ങളും, അവനു ലഭിക്കുന്ന ജീവിതദർശനങ്ങളുമാണ് സിനിമയുടെ ഇതിവൃത്തം.**

ജീവിച്ചിരുന്നപ്പോൾ യേശുവിനെ ഒരിക്കൽപോലും നേരിൽ കാണാൻ കഴിയാത്ത വിജാതീയരുടെ അപ്പസ്തോലനായ പൗലോസ് പറയുന്നു: "വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്നുള്ള ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്." കാണപ്പെടാനാവാത്ത, പലപ്പോഴും യുക്തിക്കതീതമായ വിശ്വാസങ്ങളിൽ അധിഷ്ഠിതമാണ് ഓരോ മനുഷ്യജീവിതവും. ഒന്നുമില്ലായ്മയിൽ നിന്നും എല്ലാം യാദൃച്ഛികമായി ഉണ്ടായി എന്ന് വിശ്വസിക്കുന്ന പുരോഗമന യുക്തിവാദിയും, സൃഷ്ടപ്രപഞ്ചത്തെ ദൈവമായി ആരാധിച്ചിരുന്ന പ്രാകൃത മനുഷ്യനും തമ്മിൽ പ്രത്യക്ഷത്തിലുള്ള അന്തരം വളരെ വലുതാണെങ്കിൽ പോലും, വിശ്വാസത്തിന്റെ തലത്തിൽ തലമുറകൾക്കതീതമായി മനുഷ്യർ തമ്മിൽ ഏറെ സമാനതകളുള്ളവരാണ്. എന്തെങ്കിലും വിശ്വസിക്കാതെ മനുഷ്യന് ജീവിതം അസാധ്യമാണ്– ആധുനിക മനുഷ്യൻ പലപ്പോഴും ശാസ്ത്രത്തിൽ മാത്രം വിശ്വസിക്കുന്നു; ചിലർ പ്രത്യയശാസ്ത്രങ്ങളിൽ, മറ്റു ചിലർ അധികാരത്തിലും, സമ്പത്തിന്റെ സുരക്ഷിതത്വത്തിലും.

ഒരു എട്ടു വയസ്സുകാരന്റെ വിശ്വാസത്തിന്റെ കഥ പറയുന്ന വളരെ സരളമായ ഒരു ചിത്രമാണ് "Little Boy" (2015). പൊക്കക്കുറവിന്റെ പേരിൽ തന്റെ സഹപാഠികൾ കണക്കിന് പരിഹസിക്കുമ്പോഴും ഒറ്റപ്പെടുത്തുമ്പോഴും, പെപ്പർ ബസ്ബിയുടെ ഏക ആശ്രയവും ബലവും കൂട്ടും അവന്റെ പിതാവായ ജെയിംസ് ആണ്. ചുറ്റുമുള്ളവരെല്ലാം അവനെ ലിറ്റിൽ ബോയ് എന്ന് വിളിച്ചു കളിയാക്കുമ്പോഴും പെപ്പർ തന്റെ പിതാവിന്റെ സ്നേഹത്തിലും സംരക്ഷണത്തിലും വളരെ സംതൃപ്തനാണ്. രണ്ടാം ലോകമഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ സംഭവിക്കുന്ന കഥയിൽ, ആകസ്മികമായി ജെയിംസിന് യുദ്ധത്തിന് പോകേണ്ടിവരുന്നത് പെപ്പെറിൽ വളരെയധികം മനോവിഷമം ഉളവാക്കുന്നു. ഈ മാനസികാവസ്ഥയിൽ അവൻ ഒരു ഞായറാഴ്ച കുർബാനയിൽ പങ്കെടുക്കുകയാണ്. വിശ്വാസത്തോടെയുള്ള പ്രാർഥന യുദ്ധം അവസാനിപ്പിക്കാനും, തങ്ങളുടെ ഉറ്റവരെ തിരികെ കൊണ്ടുവരുവാനുമായുള്ള ഒരുപാധിയായി പ്രസംഗത്തിനിടെ കൊച്ചച്ചൻ അവതരിപ്പിക്കുന്നത് പെപ്പർ കേൾക്കുന്നു. "നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു ഇവിടെ നിന്നു മാറി മറ്റൊരു സ്ഥലത്തേക്ക് പോകുക എന്നു പറഞ്ഞാൽ അതു മാറിപ്പോകും" (മത്താ 17:20) എന്ന വചനമായിരുന്നു അച്ചൻ ഊന്നിപ്പറഞ്ഞത്.

പെപ്പറിന്റെ കുഞ്ഞുമനസ്സിൽ ഇത് തന്റെ പിതാവിനെ തിരികെ കൊണ്ടുവരാനുള്ള അവസാന മാർഗമാകുന്നു. തന്റെ വിശ്വാസം വർധിപ്പിക്കാനുള്ള മാർഗങ്ങൾക്കായി അവൻ വല്യച്ചനെ സമീപിക്കുന്നു. വല്യച്ചൻ അവനു കാരുണ്യപ്രവൃത്തികളുടെ ഒരു പട്ടിക വിശ്വാസം വർധിപ്പിക്കാനുള്ള മാർഗമായി നൽകുന്നതോടൊപ്പം, അവരുടെ നാട്ടിലുള്ള, എന്നാൽ എല്ലാവരും വെറുക്കുന്ന ജാപ്പനീസ് വംശജനായ ഹാഷിമോട്ടോയുമായി സൗഹൃദം സ്ഥാപിക്കുന്നതുംകൂടി അതിൽ എഴുതിച്ചേർക്കുന്നു. ശത്രുപക്ഷക്കാരനായി പെപ്പർ കണക്കാക്കുകയും, വെറുക്കുകയും ചെയ്യുന്ന ഹാഷിമോട്ടോയുമായുള്ള അവന്റെ സൗഹൃദവും അതിലൂടെ കാരുണ്യപ്രവൃത്തികളുടെ പട്ടിക പൂർത്തിയാക്കി തന്റെ പിതാവിനെ തിരികെ കൊണ്ടുവരാൻ തക്ക വിശ്വാസം ആർജിക്കുവാനുള്ള പ്രയത്നങ്ങളും, അതിലെ ജയപരാജയങ്ങളും, അവനു ലഭിക്കുന്ന ജീവിതദർശനങ്ങളുമാണ് സിനിമയുടെ ഇതിവൃത്തം.

"പ്രാർഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ– നിങ്ങൾക്കു ലഭിക്കുക തന്നെ ചെയ്യും"– എന്ന് യേശു പറയുമ്പോഴും, പ്രാർഥിക്കുന്ന എല്ലാം, എല്ലാ കാലത്തും ലഭിച്ചവരായി ആരുമില്ല. എന്നാൽ ആധ്യാത്മിക ജീവിതത്തിന്റെ വളർച്ചയുടെ പടവുകളിൽ ഒരുനാൾ, ദൈവഹിതത്തോടൊത്തു നിന്നുകൊണ്ട്, പുത്രസ്വീകാര്യത്തിന്റെ ആത്മാവിനാൽ നിറഞ്ഞ്, അവന്റെ ഹിതം എന്നിൽ നിറവേറാൻ മാത്രം പ്രാർഥിക്കുവാനുള്ള അവബോധത്തിലേക്കു നാം വളരുന്നു. എന്നിരുന്നാലും, ആ വളർച്ചയിലേക്കെത്തുവാൻ ചെറിയ മനുഷ്യരായ നമുക്കു കടുകുമണിയോളമുള്ള വിശ്വാസവും ദൈവപിതാവിന്റെ സ്നേഹാനുഭവവും അത്യന്താപേക്ഷിതമാണ്. ഈ സ്നേഹത്തിന്റെയും, വിശ്വാസത്തിന്റെയും, കഥ പറയുന്ന ഒരു മനോഹര ചിത്രമാണു ലിറ്റിൽ ബോയ്.




**അനിതാ ബാബു**



*ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇംഗ്ലീഷ് അധ്യാപികയാണ്.*
anithajcyriac@gmail.com

## BOOKSHELF




**"You were made by God and for God, and until you understand that, life will never make sense"**

– Rick Warren

പുതുവർഷം നമുക്ക് റിസല്യൂഷനുകളുടെ സമയമാണ്. ജീവിതത്തെ ക്രമപ്പെടുത്തുവാനും ചിട്ടയായി വയ്ക്കാനുമുള്ള റിസല്യൂഷനുകൾ. "ഇന്നുമുതൽ ഞാൻ ആരോഗ്യം ശ്രദ്ധിക്കും, ചിട്ടയായി വ്യായാമം ചെയ്യും, അന്നന്നുള്ള പാഠങ്ങൾ അന്നന്നു പഠിക്കും" എന്നിങ്ങനെ പ്രായഭേദമന്യേ വിവിധ തീരുമാനങ്ങൾ എടുക്കുന്ന അവസരമാണിത്. മിക്കതും അൽപായുസ്സുകളാണെന്ന് മാത്രം. "പുതുവർഷത്തിൽ ഞാൻ നന്നാകുന്നില്ല. വേണമെങ്കിൽ ഞാൻ നന്നാകുമ്പോൾ പുതുവർഷം വരട്ടെ" എന്ന് ഒരു പുതുവർഷ ട്രോളിൽ കണ്ടതുപോലെ പറയുന്നവരും കുറവല്ല.

ജീവിതത്തെ ഒന്ന് അടുക്കിപ്പെറുക്കാൻ ഗൗരവമായി ആഗ്രഹിക്കുന്നവർക്ക് ഈ പുതുവർഷത്തിൽ വായിച്ചുതുടങ്ങാവുന്ന ഒരു പുസ്തകമാണ് അമേരിക്കയിലെ സാഡിൽബാക്ക് ചർച്ച്സ്ഥാപകനായ റിക്ക് വാറൺ എഴുതിയ 'The Purpose Driven Life'എന്ന പുസ്തകം.

വായനയ്ക്ക് എന്നതിലുപരി ജീവിക്കുവാനുള്ള ഒരു പുസ്തകമാണിത്. നാൽപതു ദിവസത്തെ ഒരു ആധ്യാത്മിക യാത്ര എന്ന് ഇതിനെ വിശേഷിപ്പിക്കാം. നാല്പതു ദിവസത്തിന് ബൈബിളിൽ വളരെ പ്രസക്തിയുണ്ട്. ദൈവം ഒരാളെ തനിക്കായി ഒരുക്കിയെടുക്കുമ്പോൾ നാൽപതു ദിവസത്തെ കാലയളവ് ബൈബിളിൽ പലയിടത്തും കാണാം. നോഹയുടെ ജീവിതത്തിലെ നാൽപതു ദിവസത്തെ പ്രളയവും, മോശയുടെ സീനായ്മലയിലെ നാൽപതുദിവസത്തെ ഒരുക്കവും, ഈശോയുടെ നാൽപതു ദിവസത്തെ ഉപവാസവും ഉദാഹരണങ്ങളാണ്. ആത്മീയ ഒരുക്കത്തിന് സഹായിക്കുന്ന നാൽപത് ചെറിയ അധ്യായങ്ങളാണുള്ളത്.

ആരും ഈ ലോകത്ത് യാദൃച്ഛികമായി ഉണ്ടായതല്ല, പ്രത്യുത ദൈവത്തിന്റെ വ്യക്തമായ പദ്ധതിയുടെ ഭാഗമാണ് എന്ന തിരിച്ചറിവാണ് പുസ്തകം സമ്മാനിക്കുന്നത്.

സണ്ണി കോക്കാപ്പിള്ളിൽ

*കല, സാഹിത്യം, സംസ്കാരം, രാഷ്ട്രീയം, മാധ്യമം... എന്നിങ്ങനെ എല്ലാം ഈ പംക്തിയ്ക്ക് വിഷയമാണ്. ആനുകാലികമായി പങ്കുവയ്ക്കപ്പെടുന്ന ഈ കാര്യങ്ങളെ കെയ്റോസ് എങ്ങനെ നോക്കിക്കാണുന്നുവെന്ന് ഈ കോളം വ്യക്തമാക്കുന്നു. പ്രഭാഷകനും, വിവിധ ഗ്രന്ഥങ്ങളുടെ രചയിതാവുമായ ശ്രീ. സണ്ണി കോക്കാപ്പിള്ളിലാണ് ഇതിന്റെ ലേഖകൻ*

*ബന്ധപ്പെടാൻ: sunnykokkappillil@gmail.com*



# നവോത്ഥാനത്തെ ചിലർ സ്വന്തമാക്കുന്നുവോ?

കേരളത്തിലുണ്ടായ നവോത്ഥാനത്തെക്കുറിച്ചുള്ള ചർച്ചകളിൽ ഏറ്റവും പ്രാധാന്യമുള്ള ചിലരെ സമകാലിക ലോകം വിസ്മരിക്കുന്നുവോ എന്നു സംശയിക്കേണ്ടതുണ്ട്.

നവോത്ഥാനത്തെപ്പറ്റി പറയുമ്പോൾ അതു ചിലരിൽ മാത്രം കേന്ദ്രീകരിക്കുന്നതായിട്ടാണു കാണുന്നത്. ജാതി, മത, വർഗ, സംഘർഷങ്ങൾ കൊടികുത്തിവാണ 19-ാം നൂറ്റാണ്ടിൽ നിരവധി മഹാരഥൻമാർ പിറവി കൊള്ളുകയും സമൂഹത്തെ പുരോഗമന ചിന്തയിലേക്ക് ആനയിക്കുകയും ചെയ്തു.

ഇന്ന് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ കേരളമെങ്ങും നിറഞ്ഞിരിക്കുന്നു. ഒരു കാലത്ത് ഇംഗ്ലീഷ് ഭാഷ പഠിക്കരുതെന്നായിരുന്നു ഇവിടത്തെ പൊതുബോധം. അത് മ്ലേച്ഛഭാഷയാണെന്നാണ് കേരള സമൂഹം കരുതിയിരുന്നത്. ആധുനിക അറിവുകൾ സ്വീകരിക്കുന്നതിൽ വിമുഖരായിരുന്നു കേരളീയർ. തൊഴിൽ പരമായും ചിന്താപരമായും അതിന്റെ അനന്ത സാധ്യതകൾ മനസ്സിലാക്കി ഇംഗ്ലീഷ് വിദ്യാഭ്യാസം ഇവിടെ ആരംഭിച്ചത് മാർത്തോമ്മാ സഭയുടെ സ്ഥാപകനായ പാലക്കുന്നത്ത് അബ്രഹാം മല്പാനാണ്. മാർത്തോമ്മാ സമൂഹം ഇന്ന് എത്തിച്ചേർന്ന ഉയർന്ന നിലവാരത്തിന് അടിസ്ഥാനം അദ്ദേഹത്തിന്റെ ഈ തീരുമാനമായിരുന്നു. പിൽക്കാലത്ത് ഇതു കണ്ടറിഞ്ഞ മറ്റു സമൂഹങ്ങൾ ഇതാവർത്തിക്കുകയാണ് ചെയ്തത്.

വരാപ്പുഴ വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക് ആയിരുന്ന ഇറ്റലിക്കാരനായ ആർച്ച് ബിഷപ്പ് ബെർണർദീൻ ബെച്ചിനെല്ലി 'പള്ളിക്കൊപ്പം പള്ളിക്കൂടം' എന്ന കല്പന 1856-ൽ പുറപ്പെടുവിക്കുകയും വികാരി ജനറലായിരുന്ന വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ദക്ഷിണ കാനറ മുതൽ കന്യാകുമാരി വരെയുള്ള വരാപ്പുഴ വികാരിയാത്തിന്റെ അധികാര പ്രവിശ്യയിൽ അത് നടപ്പിലാക്കുകും ചെയ്തു. സവർണർ മാറ്റിനിറുത്തിയിരുന്ന ദളിതർക്കും മറ്റു പിന്നോക്ക വിഭാഗക്കാർക്കും വിദ്യയഭ്യസിക്കാനുള്ള അവസരമുണ്ടായത് വി. ചാവറയച്ചൻ സ്ഥാപിച്ച ഈ പള്ളിക്കൂടങ്ങളിലൂടെയാണ്. സമൂഹത്തിൽ അതുവഴിയുണ്ടായ സാംസ്കാരിക മാറ്റം അചിന്ത്യമാണ്. ദൂരെ അകറ്റി നിറുത്തിയവരെ ഒന്നിച്ചു ചേർത്ത് സമൂഹത്തിന്റെ ഭാഗമായി വളരാൻ വി. ചാവറയച്ചൻ അക്ഷീണം പരിശ്രമിച്ചിരുന്നു.

ഇന്നത്തെ പല ചരിത്ര പണ്ഡിതൻമാരും ഇവരുടെ പങ്കിനെ ബോധപൂർവം തമസ്കരിക്കുന്നു. കേരളീയ നവോത്ഥാനത്തിനു കാരണക്കാരായി ചിലരെ മാത്രം ഉയർത്തിപ്പിടിക്കുന്നു. മലയാള ഭാഷയെ രൂപപ്പെടുത്തിയതിൽ പ്രമുഖ പങ്കു വഹിച്ചത് മിഷണറിമാരെന്നോർക്കണം. പലയിടങ്ങളിലും സവർണന്റെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന വർഗങ്ങളെ മോചിപ്പിച്ച് മനുഷ്യരാക്കിത്തീർത്തത് മിഷണറിമാരാണ്. മിഷണറിമാർ എന്നു കേൾക്കുമ്പോൾ അനേകരുടെ മനസ്സിൽ പാശ്ചാത്യരോടുള്ള



വിരോധമാണ് മനസ്സിൽ നിറയുന്നത്. പോർച്ചുഗീസുകാർ, ബ്രിട്ടീഷുകാർ തുടങ്ങിയവർ ഇന്നാട്ടിൽ നിന്നും ധാരാളം ചൂഷണം നടത്തി ശക്തി ഉപയോഗിച്ച് നാട്ടുരാജ്യങ്ങളെ കീഴ്പ്പെടുത്തി അടിമയാക്കി വച്ചു. എന്നാൽ, അവരോടൊപ്പം കടന്നുവന്ന അനേകം മിഷണറിമാർ തങ്ങളുടെ ജീവിതം ഈ സമൂഹത്തിനുവേണ്ടി ബലി നൽകി. ഈ തിരിച്ചറിവ് പൊതുചിന്തകളിൽ സ്വാധീനം ചെലുത്താതെ പോയി. കേരളീയ നവോത്ഥാനത്തിന് അവർ നൽകിയ മഹത്തായ ചെയ്തികൾ പ്രഘോഷിക്കപ്പെടാതെ പോകുന്നു.

ചുരുക്കത്തിൽ, കേരളീയ നവോത്ഥാനത്തിൽ ഏറെ പങ്കുവച്ച ചിലരെ അകറ്റി നിറുത്തുകയും മറ്റു ചിലരെ ഉയർത്തിക്കാണിക്കുകയും ചെയ്യുന്ന പ്രവണതയുടെ പുറകിൽ ജാതി, മത, മൗലിക ചിന്തകളും കാരണമായേക്കാം.

## കുട്ടികളുള്ള 2865 അമ്മമാർ...?

ആൺ പെൺ സൗഹൃദങ്ങൾക്ക് പരിധി വേണമെന്നു ചിലരെങ്കിലും പറയുമ്പോൾ അവരെ ആക്ഷേപിക്കുകയും പഴഞ്ചന്മാരായി അവഗണിക്കുകയും ചെയ്യുക സാധാരണമാണ്. ബന്ധങ്ങളിൽ വേർതിരിവ് സൃഷ്ടിക്കുന്നത് മനുഷ്യസ്വാതന്ത്ര്യത്തിന് വിരുദ്ധമാണെന്ന് അവർ വാദിക്കുന്നു. എല്ലാ മേഖലകളിലും സ്ത്രീ പുരുഷന്മാർ ഒന്നിച്ചു പ്രവർത്തിക്കേണ്ടിവരുമ്പോൾ സ്ത്രീപുരുഷഭേദമില്ലാതെ സൗഹൃദം ഉണ്ടാകാവുന്നതാണ്. ഇതിന്റെ പരിധി എവിടംവരെ ആകാമെന്നതിന്റെ അടിസ്ഥാനത്തിലാണ് ബന്ധത്തിന്റെ നിലനിൽപും പരിണിതഫലങ്ങളും.

2018 ജനുവരി ഒന്നു മുതൽ ഡിസംബർ 10 വരെ കാലഘട്ടത്തിൽ കേരളത്തിൽ മാത്രം കാമുകന്റെ കൂടെ ഇറങ്ങിപ്പോയ മക്കളുള്ള അമ്മമാരുടെ എണ്ണം 2865 ആണെന്നാണ് പോലീസിന്റെ കണക്കുകൾ പറയുന്നത്. അതിൽ പകുതിയോളം കാമുകന്മാർക്ക് ഭാര്യമാരുള്ളവരാണ്. ഫെയ്സ്ബുക്ക്, വാട്സ്ആപ്പ്, മെസഞ്ചർ തുടങ്ങി സമൂഹ മാധ്യമങ്ങളിലൂടെയാണ് ഇവരുടെ പ്രണയക്കിനാവുകൾ തളിരിട്ടത്. ഇത് പോലീസ് രേഖപ്പെടുത്തിയ കണക്കുകളാണ്. ഇതിനു പുറമേ എത്രയോ ഉണ്ടാകാം. എത്രയോ കുടുംബങ്ങളാണ് ഇതുവഴി ശിഥിലമാക്കപ്പെട്ടത്. അമ്മയുടെ സ്നേഹമില്ലാതെ വളരേണ്ടിവരുന്ന കുട്ടികളുടെ ഭാവി എന്തായിരിക്കും?

ആൺപെൺ സൗഹൃദങ്ങളെ ലാഘവത്തോടെ കൈകാര്യം ചെയ്യുന്നവർ ബന്ധത്തിന്റെ ഇത്തരത്തിലുള്ള പരിണിത ഫലങ്ങളെപ്പറ്റിയും ബോധമുള്ളവരാകണം. ഭർത്താവിന്റെയും ഭാര്യയുടെയും അടുത്തു പറയേണ്ട കാര്യങ്ങൾ എവിടെന്നോ പരിചയപ്പെട്ട ഒരു വ്യക്തിയോടു പങ്കുവയ്ക്കുമ്പോൾ പിരിയാനാവാത്ത വിധം ഒരു ബന്ധത്തിനു ചരടു മുറുക്കുകയാണെന്ന് സൗഹൃദത്തിലേർപ്പെടുന്നവർ മനസ്സിലാക്കണം. പ്രശ്നങ്ങൾ പങ്കുവയ്ക്കേണ്ടത് മാനസികമായും ആത്മീയമായും പക്വതയുള്ളവരും അറിവുള്ളവരുമായ വ്യക്തികളുടെ അടുത്തായിരിക്കണം. അത്തരം വ്യക്തികൾ നമ്മുടെയിടയിൽ എത്രയോ കുറവുമാണ്.

## ലാളിത്യവും കാരുണ്യവും ക്രിസ്ത്യാനിയുടെ മുഖംമൂടിയെന്ന് ഫ്രാൻസിസ് പാപ്പ


2018 ഡിസംബർ 25-ലെ ക്രിസ്മസ് സന്ദേശത്തിൽ മാർപാപ്പ പറഞ്ഞത് ലളിത ജീവിതത്തെക്കുറിച്ചും സഹജീവികളോടുള്ള കാരുണ്യത്തെപ്പറ്റിയുമാണ്. കേരള ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം കാരുണ്യ പ്രവൃത്തികളിൽ കുറെയൊക്കെ ഏർപ്പെടാൻ കഴിയും. പക്ഷേ, എങ്ങനെയാണ് ലളിത ജീവിതം നയിക്കേണ്ടതെന്ന് പറയണമെങ്കിൽ ഗവേഷണം തന്നെ നടത്തേണ്ടിവരും. ആഘോഷാവസരങ്ങളിൽ, ഭവന നിർമാണത്തിൽ, ഭക്ഷണകാര്യങ്ങളിൽ, വസ്ത്രധാരണത്തിൽ, തിരുനാളുകളിൽ ഒക്കെ ലാളിത്യം എങ്ങനെ പ്രാവർത്തികമാക്കാമെന്ന് ആർക്കു വിശദീകരിക്കാൻ കഴിയും? ലളിത ജീവിതം നയിച്ച ഗാന്ധിയന്മാർ മണ്ണടിഞ്ഞുപോയി. ചില വൈദികരും സന്യസ്തരും ലളിത ജീവിതം നയിക്കുന്നവരായുണ്ടെങ്കിലും സമൂഹത്തിൽ മൊത്തമായി മാർപാപ്പയുടെ ആഹ്വാനത്തെ എങ്ങനെ പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിയുമെന്നതിനു ഇനിയും ചിന്തിക്കേണ്ടതുണ്ട്.

## പൗരോഹിത്യവും സന്യാസവും

'...സുവിശേഷത്തിന്റെ പുണ്യങ്ങൾ ജീവിതനിയമമായി സ്വീകരിച്ചുകൊണ്ട് ക്രൈസ്തവ സന്യാസം സ്വീകരിക്കുന്നവരിൽ സ്ത്രീകളും പുരുഷന്മാരും ഉണ്ട്. അവർ ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങൾ സ്വീകരിക്കുന്നു. ഈ വ്രതങ്ങളാണ് സന്യാസജീവിതത്തിന്റെ അടിസ്ഥാനം. എന്നാൽ പൗരോഹിത്യം ഇതിൽ നിന്നു വ്യത്യസ്തമാണ്. ഈ വ്രതങ്ങളല്ല പൗരോഹിത്യത്തിന്റെ അടിസ്ഥാനം. ഈ വ്രതങ്ങൾ സ്വീകരിച്ച് സന്യാസികളായിത്തീരുന്ന പുരുഷന്മാർ പൗരോഹിത്യവും ചിലപ്പോൾ സ്വീകരിക്കാറുണ്ട്. എന്നാൽ, പൗരോഹിത്യത്തിന്റെ അടിസ്ഥാനം മെത്രാന്റെ കൈവെയ്പാണ്. ശ്ലീഹന്മാരിൽ നിന്നു കൈമാറിക്കിട്ടുന്ന അധികാരമുപയോഗിച്ച് കൈവയ്പിലൂടെയാണ് പുരോഹിതാർഥി പൗരോഹിത്യം സ്വീകരിക്കുന്നത്. ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നിവ സന്യാസികളെപ്പോലെ അവർ വ്രതങ്ങളായി സ്വീകരിക്കുന്നില്ല. ഈ വ്രതങ്ങളും പൗരോഹിത്യവും തമ്മിൽ സത്താപരമായ ബന്ധവുമില്ല' (ദീപിക, 2019 ജനുവരി 10- കത്തോലിക്കാ സന്യാസം അപഹസിക്കപ്പെടുമ്പോൾ)

സന്യാസം സ്വീകരിച്ച പുരുഷന്മാർ വൈദികരാകുമ്പോൾ അടിസ്ഥാന നിയമങ്ങളായ ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം, എന്നിവ പാലിച്ചുകൊണ്ട് ജീവിക്കുന്നു. എന്നാൽ സന്യാസികളല്ലാത്ത രൂപതാ വൈദികർ (ഇടവകകളിലുള്ളവർ) പൗരോഹിത്യത്തിന്റെ നിയമങ്ങൾ (കാനൻ നിയമം) അനുസരിച്ചാണ് ജീവിക്കുന്നത്. രൂപതാ വൈദികർ ദാരിദ്ര്യം വ്രതമായി സ്വീകരിക്കുന്നില്ല. ഈ തിരിച്ചറിവില്ലാത്തതുകൊണ്ടാണ് ചില ഇടവക വൈദികരെങ്കിലും വില കൂടിയ കാർ വാങ്ങുമ്പോഴും നല്ല സൗകര്യത്തോടെ ജീവിക്കുമ്പോഴുമൊക്കെ ചിലർ ആക്ഷേപിക്കുന്നത്.

സ്മാർട്ട് കിഡ്സ്


ചിത്രീകരണം: വെങ്കി


കഥ: ആൽഡ്രിൻ ജോസഫ്

# ക്രിസ്റ്റിയുടെ സ്വർഗം



ഓർമവച്ചനാൾ മുതൽ ക്രിസ്റ്റിക്ക് ഒരേയൊരു ആഗ്രഹമേയുള്ളൂ. "സ്വർഗത്തിൽ പോകണം, ഈശോയെ കാണണം." വെറുതെ പോയാൽ പോരാ. മരിക്കാതെ ഉടലോടെ വേണം പോകാൻ. എന്നും പ്രാർഥിക്കും ആഗ്രഹ സാഫല്യത്തിനായി. ഒരിക്കൽ ഒരു രാത്രിയിൽ തൂവെള്ള ചിറകുകളും പാൽപുഞ്ചിരിയുമായി നിൽക്കുന്ന ഒരു മാലാഖയെയാണ് ക്രിസ്റ്റി കണ്ടത്. മാലാഖ തന്റെ കരം ക്രിസ്റ്റിയുടെ നേരെ നീട്ടിയപ്പോൾ ക്രിസ്റ്റി ആ കൈകളിൽ ശക്തമായി പിടിച്ചു.

പതിയെപ്പതിയെ ഇരുവരും പറന്നുയരാൻ തുടങ്ങി. പറന്നു പറന്ന് മേഘങ്ങൾക്കിടയിലൂടെ വീണ്ടും ഉയർന്നുയർന്ന് അവസാനം മഞ്ഞിൽ മൂടിയ, തണുത്ത സുഗന്ധപൂരിതമായ കാറ്റുവീശുന്ന ഒരു താഴ്വരയിലെത്തി. മാലാഖ മെല്ലെ മന്ത്രിച്ചു: "സ്വർഗം". ക്രിസ്റ്റിക്കു തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല! സ്വർഗരാജ്യത്തിന്റെ കവാടങ്ങൾ മെല്ലെ തുറക്കപ്പെട്ടു. കെട്ടഴിച്ചുവിട്ട കാളക്കിടാവിനെ പേലെ ക്രിസ്റ്റി ഓടിക്കയറി, കവാടവും കടന്ന് അകത്തേയ്ക്ക്.

ക്രിസ്റ്റി എല്ലാം കണ്ടു. നവവൃന്ദമാലാഖമാർ, വിശുദ്ധർ അങ്ങനെ എല്ലാമെല്ലാം. പക്ഷേ, കാണാൻ തീക്ഷ്ണമായി ആഗ്രഹിച്ച ഈശോയെ മാത്രം സ്വർഗത്തിൽ എങ്ങും കണ്ടില്ല..? "ഈശോ... നീ എവിടെയാ?! എനിക്ക് നിന്നെ കാണണം." ക്രിസ്റ്റി ഉറക്കെ പറഞ്ഞു. ഇതു കേട്ടുനിന്ന മാലാഖമാർ ചിരിക്കാൻ തുടങ്ങി. ക്രിസ്റ്റിക്ക് ഒന്നും മനസ്സിലായില്ല. അവസാനം ഒരു മാലാഖ അടുത്തുവന്നു പറഞ്ഞു: "ക്രിസ്റ്റി ഈശോയെ കാണാ

നാണോ നീ സ്വർഗത്തിലേക്കു വന്നത്. അതിന് ഈശോ ഇവിടെയില്ലല്ലോ." പിന്നെ എവിടെയാ?! ക്രിസ്റ്റി ചോദിച്ചു: "അവിടന്ന് എപ്പോഴും മനുഷ്യരോടൊപ്പം ഭൂമിയിലല്ലേ. കഴിഞ്ഞ വേദപാഠ ക്ലാസ്സിൽ ടീച്ചർ പഠിപ്പിച്ച വചനഭാഗം ഓർമയില്ലേ നിനക്ക്; മത്തായി എഴുതിയ സുവിശേഷത്തിലെ ആ അവസാന വാക്യം?" "അതെ, യുഗാന്ത്യം വരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28:20). ക്രിസ്റ്റി മന:പാഠമാക്കിയ ആ വചനഭാഗം ഉറക്കെ പറഞ്ഞു.

ഇമ്മാനുവേലാണ് ഈശോ. ദൈവം നമ്മോടു കൂടെ എന്നല്ലേ അതിനർഥം. അവിടന്ന് നിങ്ങളുടെയിടയിൽ നിങ്ങളിലൊരുവനായി നിത്യവും വസിക്കുന്നു. നിങ്ങളാരും അത് അറിയുന്നില്ലേ?! ഇന്നും പരിശുദ്ധ കുർബാനയിൽ ഈശോയെ കാണാമല്ലോ, എന്താ ക്രിസ്റ്റി?! പള്ളിയിലെ നീണ്ട മണിയടി കേട്ടാണ് ക്രിസ്റ്റി ഞെട്ടിയുണർന്നത്. അന്ന് ക്രിസ്റ്റി മടി കൂടാതെ വേഗത്തിൽ കുളിയും കഴിഞ്ഞ് അമ്മച്ചിയുണ്ടാക്കിയ കട്ടൻകാപ്പിയും കുടിച്ച് പതിവിലും നേരത്തെ പള്ളിയിലേക്ക് ഓടി ഈശോയെ കാണാനായി.

"ലോകത്തിൽ അർപ്പിക്കപ്പെടുന്ന അഞ്ചു ലക്ഷത്തോളം വരുന്ന പരിശുദ്ധ കുർബാനയിലേക്ക് ഈ പ്രപഞ്ചം മുഴുവൻ (സ്വർഗവും പാതാളവും) ഒഴുകിയെത്തുന്നു. സകലവും നിശ്ചലമാകുന്നു. ദൈവത്തിന്റെ കുഞ്ഞാടിനെ കാണാൻ."

*(ബിഷപ്പ് ഫുൾട്ടൻ ജെ ഷീനിന്റെ പ്രസംഗത്തിൽ നിന്ന്)*



SMART RIDDLES

## വേറിട്ടുനിൽക്കുന്ന കോളങ്ങളുടെ കാരണം കണ്ടെത്തൂ!

സ്വയം ചിന്തിച്ചും, കൂട്ടുകാരും, വീട്ടുകാരുമായി ചർച്ചചെയ്തും ഓരോ കോളത്തിനും താഴെ കണ്ടെത്തിയ ഉത്തരം കുറിച്ചിടുക. ശരിയുത്തരം അടുത്ത ലക്കത്തിൽ ഇതേ പേജിൽ കാണാം.

| A | B | C | D | E |
|---|---|---|---|---|
| സ്വർണം | മുന്തിരിക്കുലകൾ | ഉത്പത്തി | മണ്ണ് | സ്വർഗം |
| വെള്ളി | രണ്ടു മീൻ | ലേവ്യർ | ജലം | ഭൂമി |
| മീറ | അഞ്ചപ്പം | നിയമാവർത്തനം | അഗ്നി | നരകം |
| കുന്തിരിക്കം | പന്ത്രണ്ട് കുട്ട | മക്കബായർ | കാറ്റ് | ശുദ്ധീകരണസ്ഥലം |
| .................. | .................. | .................. | .................. | .................. |
| .................. | .................. | .................. | .................. | .................. |
| .................. | .................. | .................. | .................. | .................. |

ചിരിയും ചിന്തയും

കാർട്ടൂൺ: ജോയ്സ് കെ.ജോസ്
ആശയം: ജോസ് കുര്യൻ

# നുണവണ്ടി



# ഫ്രണ്ട്സ് ഓഫ് കെയ്റോസ്

യുവജനങ്ങളുടെ ഭാവിയിൽ പ്രത്യാശയുള്ളവർ, അവരുടെ തകർച്ചയിൽ ആശങ്കയുള്ളവർ, അവരുടെ സ്നേഹക്കൂട്ടായ്മയാണ് ഫ്രണ്ട്സ് ഓഫ് കെയ്റോസ്. കെയ്റോസ് വഴിയുള്ള സുവിശേഷ പ്രഘോഷണത്തെ അവർ തിരിച്ചറിഞ്ഞു കഴിഞ്ഞു. ഇതിനോടു ചേർന്നു പ്രവർത്തിക്കാൻ നിങ്ങളും ആഗ്രഹിക്കുന്നുവെങ്കിൽ അറിയിക്കുക. മാസം തോറും 200/500/1000/2000 എന്നിങ്ങനെ മാറ്റി വയ്ക്കുന്ന സംഖ്യകൾ യുവജനങ്ങളുടെ രക്ഷയിൽ വലിയ പങ്കു വഹിക്കുന്നുണ്ട്.

*നിങ്ങളുടെ സംഭാവനകൾ ഓൺലൈനായി അയക്കാൻ:*
**www.kairos.global**

*കൂടുതൽ വിവരങ്ങൾക്ക്:*
**റാണി ജോർജ്**
**+91 9446563335 / finance@kairos.global**




₹ 150/-

*"മനുഷ്യജീവിതത്തിലെ ദൈവ കരുണയുടെ ഇടപെടലുകൾ അവർണനീയവും അഗ്രാഹ്യവുമാണ്. എങ്കിലും ധ്യാനാത്മകമായി വീക്ഷിച്ച് പുനരവതരിപ്പിച്ചാൽ അനുപമ ലാവണ്യം നിറഞ്ഞ ആത്മീയശേഖരമായി അതു പരിണമിക്കും. ഇത് അത്തരത്തിൽ ഹൃദയാനന്ദം പകരുന്ന ഒരു അപൂർവ ഗ്രന്ഥമാണ്. അനുവാചകരിൽ അത്ഭുതവും ആർദ്രതയും ഉളവാക്കുന്ന ഹൃദയദ്രവീകരണ ക്ഷമതയുള്ള രചനാശൈലിയാണ് സിസ്റ്റർ ഉപയോഗിച്ചിട്ടുള്ളത്"*

***- മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്***

***പുസ്തകം ലഭിക്കുന്നതിന്: 98470 50327***

Jesus Youth International




**ജീസസ് യൂത്തിന് ദിശാബോധവും സഭയോടൊത്തുള്ള പ്രവർത്തനങ്ങളിൽ ഉത്തമ മാതൃകയും നൽകി, ദൈവരാജ്യ നിർമിതിയിൽ ഊർജം പകരുന്ന ഒരു ഗ്രന്ഥമണിത്.**

*എബ്രഹാം പള്ളിവതുക്കൽ SJ*

₹140/-

കോപ്പികൾക്ക് കെയ്റോസ്:
+91 9497285562
+91 8848724665

# യൂത്ത് റിട്രീറ്റ്

**SVD പ്രാർഥനാ നികേതൻ, കടുത്തുരുത്തി, കോട്ടയം**

റവ.ഡോ. കുര്യൻ മറ്റത്തിലിന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് ഒരുക്കുന്ന യുവജന ധ്യാനം എല്ലാമാസവും കടുത്തുരുത്തി SVD ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കുന്നു. രണ്ടാം ശനിയാഴ്ചക്ക് തൊട്ടുമുൻപുള്ള വെള്ളിയാഴ്ച വൈകുന്നേരം തുടങ്ങി ഞായറാഴ്ച തീരുന്ന വിധത്തിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.

വിവരങ്ങൾക്ക്: **80866 85404, 98478 37474**

**2019 DATES:**
FEB **8-10** \ MAR **8-10** \ APR **12-14** \ MAY **10-12** \ JUN **7-9** \ JUL **12-14**
AUG **9-11** \ SEP **3-15** \ OCT **11-13** \ NOV **8-10** \ DEC **13-15**

കെയ്റോസ് മിനിസ്ട്രിയും
ഇന്റർസെഷൻ മിനിസ്ട്രിയും
സംയുക്തമായി നടത്തുന്ന നൈറ്റ് വിജിൽ

# കെയ്റോസ് ശ്രേഷ്യാ നൈറ്റ്

മാസത്തിലെ രണ്ടാം വെള്ളിയാഴ്ചകളിൽ.

നിങ്ങളുടെ പ്രാർഥനാ ആവശ്യങ്ങൾ
ഞങ്ങളെ അറിയിക്കൂ,
ഞങ്ങളുണ്ട് നിങ്ങൾക്കായി പ്രാർഥിക്കാൻ.

സ്ഥലം: എമ്മാവൂസ്, കളമശേരി
സമയം: 7:30 PM - 1:00 AM

ദയവായി ബന്ധപ്പെടുക:
**ആഷിൽ ജോസഫ്: 97 444 908 17**
jykeralaintercession@gmail.com

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2019-21
Date of publication: 01/02/2019. ₹50.00


# Reach all the peripheries in need of the light of the Gospel.

**POPE FRANCIS**

**ANNUAL SUBSCRIPTION**
**INDIA ₹ 550**
**ABROAD $ 28**




**SUBSCRIBE NOW!**

For more details, please contact Sanish Abraham at
circulations@kairos.global, +91 6238105775


Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041
Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Dr. Chackochan Njavallil, Parathodu, Kanjirapally, Kottayam-686 512